www.malankaralibrary.com



www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ദുഃഖിതരെപ്പോലെയായിരുന്നെങ്കിലും നീ സദാ ആനന്ദിച്ചുകൊണ്ടിരുന്നു; ദരിദ്രയായിരുന്നെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപ്പോലെയായിരുന്നെങ്കിലും നീ എല്ലാം ഉള്ളവളാകുന്നു. എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ആമ്മേൻ.

www.malankaralibrary.com

# ആഗസ്റ്റ് പതിനഞ്ച്
# സ്വർഗ്ഗാരോപണത്തിരുനാൾ



പരിശുദ്ധ ദൈവമാതാവേ
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ

www.malankaralibrary.com

ക്രൈസ്തവ
കാഹളം
ആഗസ്റ്റ് 2023 വാല്യം 84 ലക്കം 8




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

# ഉള്ളടക്കം

എഡിറ്റോറിയൽ 5

പിതൃമൊഴി 6

നഷ്ടപ്പെട്ടത് കേരളത്തിന്റെ ജനകീയ മുഖം 8

തീയണയാതെ മണിപ്പൂർ 10

മണിപ്പൂർ: തമസ്ക്കരിക്കപ്പെടുന്ന വാസ്തവങ്ങൾ 14

ഉടയുന്ന ബിംബങ്ങൾ 21

വിശുദ്ധ ബൊനവെഞ്ചർ 24

ഏകീകൃത സിവിൽകോഡ്: അവ്യക്തതകളും ആശങ്കകളും 33

മാനുഷിക മൂല്യങ്ങളുടെ ജീവിതഗാഥ 36

ഹൃദയത്തിൽ മുറിവായി മണിപ്പൂർ 38

www.malankaralibrary.com

എഡിറ്റോറിയൽ

# മണിപ്പൂരിന്റെ കണ്ണുനീർ

രാജ്യം ഭയാനകമായ ഒരു സാഹചര്യത്തിലൂടെ മുന്നോട്ടുപോവുകയാണ്. നാളിതുവരെയും സമാധാനത്തിൽ പൊയ്ക്കൊണ്ടിരുന്ന വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ അസ്വസ്ഥമാകാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായിരിക്കുന്നു. ഭരണകൂടത്തിന്റെ നിശബ്ദതയിൽ അവിടെ അരങ്ങേറുന്നത് ക്രൈസ്തവ വംശഹത്യയുടെ തേർവാഴ്ചയാണ്. വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ അനേകം ഗോത്രങ്ങളും ഉപഗോത്രങ്ങളും ഉൾപ്പെടുന്ന ഒരു ജനസഞ്ചയമാണ്. അവരുടെ യിടയിൽ വളരെ വ്യത്യസ്തമായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ആചാര ങ്ങളും നിലനിൽക്കുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഇത്തരം വൈവിധ്യമാർന്ന എല്ലാ കാര്യങ്ങൾക്കും നിലയും വിലയുമുള്ള ഒരു സംസ്കാരമാണ് രൂപ പ്പെട്ടിട്ടുള്ളത്. എന്നാൽ ആ സംസ്കാരത്തിനുമേൽ ഐകരൂപ്യമെന്ന ഫാസിസ്റ്റ് പിൻതിരിപ്പൻ സമീപനങ്ങൾ മുന്നോട്ട് വയ്ക്കുന്നത് ആൾബലത്തിൽ കുറഞ്ഞ വരെയെല്ലാം തുടച്ചു നീക്കുക എന്നുള്ളതാണ്. മണിപ്പൂരിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. തുടക്കത്തിൽ രണ്ടു ഗോത്രങ്ങൾ തമ്മിലുള്ള ചെറിയ തർക്കം എന്ന രീതിയിൽ അവതരിപ്പിക്കപ്പെട്ട ഈ സംഘർഷം പിന്നീട് പുറം ലോകം അറിയുന്നത് ഒരു വംശഹത്യയുടെ കനൽ വഴികളാണ്. തുർക്കികൾ നടത്തിയ അർമേനിയൻ ക്രൈസ്തവവംശഹത്യയും രണ്ടാം ലോകമഹായുദ്ധത്തിൽ ഹിറ്റ്ലർ നടത്തിയ യഹൂദ വംശഹത്യയും ഇപ്പോൾ മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലും നൈജീരിയായിലും ഐ. എസ്. ഭീകരന്മാർ നടത്തുന്ന ക്രിസ്തീയ വംശഹത്യയും നമുക്ക് മാധ്യമങ്ങളിലൂടെയുള്ള വായിച്ചറിവാണെങ്കിൽ മണിപ്പൂർ ഇതാ നമ്മുടെ കാൽചുവട്ടിൽ എത്തിയിരിക്കുന്നു മറ്റൊരു വംശഹത്യയായി. രാജ്യം മുഴുവനും മണിപ്പൂരിനെയോർത്ത് കേഴുകയാണ്. ഏറ്റവും ഒടുവിൽ പുറത്തുവന്ന ചിത്രങ്ങളും ദൃശ്യങ്ങളും മനസാക്ഷിയുള്ളവരുടെ കരളലിയിക്കുന്നതാണ്. ഗോത്ര വർഗ്ഗത്തിൽപ്പെട്ട ഒരു വനിതയെ രാജ്യത്തിന്റെ പരമോന്നതസ്ഥാനമായ രാഷ്ട്ര പതിയുടെ കസേരയിലിരുത്തി അഭിമാനംകൊണ്ട രാജ്യം ഗോത്രവർഗ്ഗത്തിൽപെട്ട രണ്ടു പെൺകുട്ടികൾക്കുണ്ടായ ഏറ്റവും നീചമായ ദുരനുഭവത്തിന്റെ പേരിൽ ലോകത്തിന്റെ മുൻപിൽ തലതാഴ്ത്തേണ്ടി വരുന്നു. അക്രമണം പൊട്ടിപുറപ്പെട്ട ദിവസം തന്നെ അതിനെ അമർച്ചചെയ്യുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രമിച്ചിരുന്നു എങ്കിൽ മണിപ്പൂർ ഇത്തരമൊരു അരാജകത്വത്തിലേക്ക് നീങ്ങുകയില്ലായിരുന്നു.

നമ്മുടെ രാജ്യത്തിന് ഇത് എന്തുപറ്റി? വെറുപ്പിന്റെയും ഭിന്നിപ്പിന്റെയും തത്വ ശാസ്ത്രങ്ങൾ തലയിൽ പേറുന്നവർക്ക് അധികാരം നിലനിർത്താനാകും പക്ഷേ, ഒരു രാജ്യത്തിന്റെ തകർച്ചയ്ക്ക് അത് ഉയർത്തിപ്പിടിക്കുന്ന മൂല്യവ്യവസ്ഥിതിയുടെ തകർച്ചയ്ക്ക് അവർ കാരണക്കാരാകുന്നു. വെറുപ്പിന്റ പ്രത്യയശാസ്ത്രമല്ല നമുക്ക് വേണ്ടത്. സ്നേഹത്തിന്റെയും കരുതലിന്റെയും സമൂഹമാണ് ആധുനിക ഇന്ത്യയ്ക്ക് ആവശ്യം. മണിപ്പൂരിന്റെ കണ്ണുനീരൊപ്പുവാൻ നമുക്ക് കൈകോർക്കാം. മണിപ്പൂരിന്റെ സമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം...



റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com




# ഭാരതത്തിന്റെ ആത്മാവ് കേഴുമ്പോൾ

ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ വസിക്കുന്നു എന്ന ഗാന്ധിയൻ ആശയം ഉള്ളിൽ സൂക്ഷിച്ചുകൊണ്ട് ഓർമ്മിക്കേണ്ട ഒരു പേരാണ് ഇന്ന് മണിപ്പൂർ. മണിപ്പൂരെന്നത് അനതിവിദൂരമായ ഒരുസ്ഥലമല്ല. മറിച്ച് ഭാരതത്തിന്റെ അതിരുകൾക്കുള്ളിൽ നമ്മുടെ ഹൃദയത്തോടു ചേർന്നു കിടക്കുന്ന ഒരിടമാണ്. നമ്മുടെ സംസ്ഥാനത്ത് രണ്ടു വിഭാഗങ്ങൾ തമ്മിൽ കലാപം പൊട്ടിപ്പുറപ്പെട്ടിട്ട് രണ്ടു മാസം കഴിഞ്ഞിരിക്കുന്നു. 'സർജിക്കൽ സ്ട്രൈക്ക്' നൽകി പരിചയമുള്ള ഒരു ഭരണ വർഗ്ഗത്തിന് ഒരു സംസ്ഥാനത്തിനുള്ളിലെ കലാപം സമയോചിതമായി പരിഹരിക്കാൻ എന്തേ കഴിയുന്നില്ല? മണിപ്പൂർ സന്ദർശനത്തിന് നാട്ടിലും വിദേശത്തുമുള്ള പലർക്കും അനുമതി നിഷേധിക്കപ്പെടുന്നു. ജനാധിപത്യത്തിന്റെ നേർക്കാഴ്ച കാണുന്നതിന് അവസരങ്ങൾ നിഷേധിക്കുന്നതിനു പിന്നിൽ ഒരു കാരണം പതിയിരിക്കുന്നു. ഇൻഡ്യയുടെ ഏറ്റവും വലിയ പ്രത്യേകതയായ നാനാത്വത്തിൽ ഏകത്വം നിലനിർത്തുന്നത് ആർക്കാണു ഭീഷണിയാകുന്നത്. ഭാരതത്തിന്റെ ആത്മാവ് അതിന്റെ എല്ലാ പരിശുദ്ധിയോടും കൂടി മണിപ്പൂരിലും വസിക്കണം.

മണിപ്പൂരിൽ നടക്കുന്ന കലാപത്തെക്കുറിച്ച് വ്യത്യസ്തമായ വ്യാഖ്യാനങ്ങളുണ്ടായെന്നിരിക്കും. പക്ഷെ ഒരു ചോദ്യം: ഇവിടെ പരസ്പരം കൊന്നു തീർക്കുന്നത് ഭാരതീയരാണോ മറ്റു രാജ്യക്കാരാണോ? പരസ്പരം തീവയ്പും കൊള്ളയും നടത്തുന്നത് ഭാരതീയരാണോ മറ്റു രാജ്യക്കാരാണോ? സഹോദരിമാരുടെ അതിക്രൂരമാം വിധം തെരുവിൽ അപമാനിക്കുന്നത് ഭാരതീയരായണാ മറ്റു രാജ്യക്കാരാണോ? ഭാരതീയരാണെങ്കിൽ അവരുടെ ജീവനും മാനവും സംരക്ഷിക്കാൻ ഭാരത്തിന്റെ ഭരണ വർഗ്ഗത്തിന് കടമയില്ലേ? മതവും വിശ്വാസവും അവിടെ നിൽക്കട്ടെ! അവിടുത്തെ കലാപങ്ങളുടെ പേരിൽ ഇന്നാട്ടിലെ ക്രിസ്തുമതം തുടച്ചു നീക്കാമെന്ന് ആരെങ്കിലും കരുതുന്നെങ്കിൽ അതു വെറും വ്യാമോഹമാണ്.

മണിപ്പൂരെന്നത് ഭാരതത്തിന്റെ ഒരറ്റത്തു സ്ഥിതി ചെയ്യുന്നെങ്കിലും ഭാരതത്തിന്റെ ഭരണഘടന അനുസരിച്ചു ജീവിക്കുന്ന മനുഷ്യരുടെ സംസ്ഥാനമാണ്. ഇൻഡ്യയുടെ

www.malankaralibrary.com

അതിരുകൾക്കുള്ളിൽ ഉൾപ്പെടുന്നതോടൊപ്പം ഇൻഡ്യയെ സംരക്ഷിക്കുന്ന ജനങ്ങൾ കൂടി അധിവസിക്കുന്ന ഒരു സ്ഥലത്ത് ആഭ്യന്തര കലാപം നടക്കുന്നു. എന്തേ ഭരണാധികാരികൾ മൗനം പാലിക്കുന്നു. പോലീസ് സ്റ്റേഷനിൽനിന്ന് ആയുധങ്ങൾ മോഷ്ടിച്ചെടുത്ത് മനുഷ്യരെ കൊന്നു തള്ളുന്നതു കണ്ടിട്ടും എന്തേ ഭരണാധികാരികൾ മൗനം പാലിക്കുന്നു. ഇൻഡ്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദി മൗനം വെടിയണം, ഇടപെടണം, പരിഹാരമുണ്ടാക്കണം, കലാപം അവസാനിപ്പിക്കണം. ഈ രാജ്യത്തിന്റെ അഖണ്ഡതയെക്കുറിച്ച് അദ്ദേഹം ലോകത്തോടു പങ്കുവയ്ക്കണം. ഈ രാജ്യത്ത് ജനാധിപത്യം പുലരുന്നുവെന്ന സന്ദേശം ലോകത്തിനു നൽകാൻ അദ്ദേഹത്തിന് ഇതിനേക്കാൾ മികച്ച അവസരമില്ല.

ഇൻഡ്യയുടെ വൈവിധ്യം ഭരണഘടനയിൽ എഴുതിച്ചേർത്തിരിക്കുന്നത് ഒരാലങ്കാരിക പ്രയോഗമല്ല, ഒരു ജീവിക്കുന്ന തത്വമാണ്. ഇവിടുത്തെ ഹൈന്ദവനും മുസൽമാനും ക്രിസ്ത്യാനിക്കും മറ്റുമതങ്ങളിൽപ്പെട്ടവർക്കും മതമില്ലാത്തവർക്കും ഭരണഘടനാനുസൃതം ജീവിക്കാനും തങ്ങളുടെ പ്രത്യയശാസ്ത്രവും മതവിശ്വാസവും ജീവിക്കുവാനും പ്രചരിപ്പിക്കാനും അവകാശം നൽകിയിട്ടുള്ള മഹത്തായ ഇൻഡ്യൻ ഭരണഘടന എന്തിനു മറച്ചുവയ്ക്കുന്നു? ഇൻഡ്യയുടെ ജനാധിപത്യ സംവിധാനം ലോകം ഉറ്റുനോക്കുകയും പഠിക്കുകയും ചെയ്യുന്ന ഒന്നാണ്. അതിനു തീരാക്കളങ്കം ചാർത്തുന്ന ഈ കലാപം അവസാനിപ്പിക്കാൻ ഭരണാധികാരികൾ ഇടപെടണം!

ഇവിടുത്തെ ഹൈന്ദവ സമൂഹം ക്രിസ്ത്യാനിക്കോ മുസൽമാനോ എതിരാണെന്ന് ആരും തെറ്റിദ്ധരിക്കരുത്! എല്ലാ ജനതകളേയും സ്വീകരിക്കുകയും ഒരുമിച്ചു നിർത്തുകയും ചെയ്തിട്ടുള്ള മഹത്തായ സംസ്കാരമാണ് ഹൈന്ദവ സംസ്കാരം. ഈ സമൂഹത്തിൽപ്പെട്ടവരാണ് ഇൻഡ്യയുടെ ഭരണഘടന ജീവിക്കുന്നതിന് നമുക്കെല്ലാവർക്കും ബലം നൽകിയിട്ടുള്ളത്. അതുകൊണ്ട് മേൽപ്പറഞ്ഞ തെറ്റിദ്ധാരണ ആർക്കും ഉണ്ടാകരുത്. ഭരണം പിടിച്ചെടുക്കാനും നിലനിൽക്കാനും മതത്തെ ഉപയോഗിക്കുന്നത് പാപമാണ്, അന്യായമാണ്, ജനാധിപത്യ വിരുദ്ധമാണ്. നമ്മുടെ നാട്ടിൽ അതു സംഭവിക്കരുത്. ഭാരതത്തെ ഭാരതമായി നമുക്കു സൂക്ഷിക്കണം. മതം ഭരിക്കുന്ന രാജ്യമായിട്ടല്ല, മഹാത്മജിയുടെ ഭാരതമായി നിലനിർത്തണം. മഹത്തായ സംസ്കാരവും ഭരണഘടനയും ഇവിടെ നിലനിൽക്കണം. നാം ഒറ്റ ജനതയാണ്. ഒന്നിന്റേയും പേരിൽ കീറിമുറിക്കപ്പെടരുത്. അതിന് എല്ലാവരും എല്ലാ വ്യത്യാസങ്ങൾക്കുമപ്പുറത്ത് ഒരുമിച്ചു നിൽക്കണം.

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com

# നഷ്ടപ്പെട്ടത് കേരളത്തിന്റെ ജനകീയമുഖം

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**



തിരുവനന്തപുരം: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ വിയോഗത്തിലൂടെ കേരളത്തിന് നഷ്ടമായത് ഏറ്റവും സ്വീകാര്യതയുള്ള ജനകീയമുഖമാണ്. രോഗബാധിതനായിരിക്കുമ്പോൾ പോലും അദ്ദേഹത്തെ അലട്ടിയിരുന്നത് ശാരീരികമായി തന്റെ ക്ലേശങ്ങളെക്കാളും സാധാരണക്കാരന്റെ കണ്ണുനീരും ക്ലേശവുമായിരുന്നു. അഞ്ച് പതിറ്റാണ്ടിനപ്പുറം നീണ്ടുനിന്ന നിയസഭാ സാമാജികൻ എന്ന അദ്ദേഹത്തിന്റെ

www.malankaralibrary.com

പൊതുജീവിതം ഏറ്റവും മാതൃകാപര മായിരുന്നു. ജീവിതത്തിന്റെ എല്ലാ നിമിഷവും ഒരു പൊതുപ്രവർത്തകനെ സംബന്ധിച്ച് അത് ജനങ്ങളുടേതാണെന്നുള്ള തിരിച്ചറിവ് കേരളത്തിലെ പൊതു പ്രവർത്തകർക്ക് നൽകിയത് ഉമ്മൻ ചാണ്ടിയായിരുന്നു. സാധാരണക്കാരന്റെ ആവശ്യങ്ങളുടെ മുന്നിൽ അദ്ദേഹത്തിന്റെ വീടോ ഓഫീസോ ആ ഹൃദയമോ കൊട്ടിയടയ്ക്കപ്പെട്ടിരുന്നില്ല. ഏത് സമയത്തും ആളുകൾക്ക് സംലഭ്യനായിരുന്ന പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. കേരളത്തിന്റെ മുഖ്യമന്ത്രി എന്ന നിലയിൽ കേരളത്തിലുടനീളം അദ്ദേഹം സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടി ലക്ഷക്കണ ക്കിന് സാധാരണക്കാരുടെ പ്രശ്നങ്ങളാണ് പരിഹരിച്ചത്. ജാതി മത രാഷ്ട്രീയങ്ങൾക്കപ്പുറം കേരളത്തെ ഒരിഴയിൽ ചേർത്തു പിടിച്ച മതനിരപേക്ഷ തയുടെ ഉത്തമ ഉദാഹരണമായിരുന്നു ഉമ്മൻചാണ്ടി. കേരളത്തിന്റെ വികസനത്തിന് അദ്ദേഹം നൽകിയ കുതിപ്പ് എന്നും ഈ സംസ്ഥാനം ഓർക്കും. വ്യക്തിപരമായി എന്നോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയോടും അദ്ദേഹം പുലർത്തിയ സ്നേഹപൂർവ്വമായ സമീപന ത്തോട് സഭയെന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു പ്രത്യേ കിച്ചും സഭയുടെ വിദ്യാഭ്യാസ ആതുര ശുശ്രൂഷമേഖലകളിൽ അദ്ദേഹം നൽകിയിട്ടുള്ള പിൻതുണയും പ്രോത്സാഹനവും എന്നും ഓർമ്മിക്കപ്പെടും. രോഗബാധിതനായി ബാംഗ്ലൂരിൽ ചികിത്സയിൽ കഴിയുമ്പോൾ സന്ദർശിച്ച് പ്രാർത്ഥിച്ചിരുന്നു. ഇപ്പോൾ അമേരിക്കയിൽ മലങ്കര കാത്തലിക് കൺവൻഷനിൽ സംബന്ധിക്കുന്നതിനായി എത്തിച്ചേർന്നിരിക്കുന്നതിനാൽ ശവസംസ്കാര ശുശ്രൂഷകളിൽ സംബന്ധി ക്കുവാൻ കഴിഞ്ഞില്ല.

ഒരിക്കൽക്കൂടി ഉമ്മൻ ചാണ്ടിയുടെ ദേഹവിയോഗത്തിൽ കേരളജനതയോടും അദ്ദേഹത്തിന്റെ കുടുംബത്തോടു മൊപ്പം ദുഃഖിക്കുകയും പ്രാർത്ഥിക്കുകയും അനുശോചനം അറിയി ക്കുകയും ചെയ്യുന്നു.



www.malankaralibrary.com



# തീയണയാതെ മണിപ്പൂർ



മണിപ്പൂരിൽ 2023 മെയ് 3 നു തുടക്കംകുറിച്ച കലാപ സമാനമായ സാഹചര്യം അയവില്ലാതെ തുടരുമ്പോൾ, എല്ലാ വിഭാഗം ജനങ്ങളും ദുരിതക്കയത്തിലാണ്. എസ് സി/ഓ ബി സി വിഭാഗമായ മെയ്തെയി ജനതയും ട്രൈബൽ വിഭാഗങ്ങളായകുക്കി-ചിൻ ജനതയും തമ്മിൽ എല്ലാ അർത്ഥത്തിലും ധ്രുവീകരണം നടന്നിരിക്കുന്നു! ഭരണ സിരാകേന്ദ്രമായ ഇമ്ഫാൽ താഴ്വരയിൽനിന്നും മെയ്തേയ് വിഭാഗം ഒഴികെയുള്ളവർ ഏതാണ്ടു സമ്പൂർണ്ണമായും തുരത്തപ്പെട്ടിരിക്കുന്നു! ഈ മേഖല ഇപ്പോൾ പൂർണ്ണമായും മെയ്തേയി വിഭാഗത്തിന്റെ നിയന്ത്രണത്തിലാണ്. പോലീസും സുരക്ഷാസേനയും സൈന്യവും പോലും അവിടെ നിഷ്ക്രിയരോ നിസ്സഹായരോ ആണ് എന്നു പറയാതെ വയ്യാ. മലനിരകളിൽ അധിവസിക്കുന്ന ട്രൈബൽ വിഭാഗങ്ങൾ ഭരണ കേന്ദ്രത്തിൽനിന്നും സർക്കാർ സംവിധാനങ്ങളിൽനിന്നും അകന്നുപോയിക്കൊണ്ടിരിക്കുകയാണ്. ഈ അകൽച്ചയാകട്ടെ എല്ലാ അർത്ഥത്തിലും വലുതായിക്കൊണ്ടിരിക്കുകയുമാണ്.

**കലാപത്തിന്റെ തുടക്കം**

മെയ്തേയികൾക്കു ട്രൈബൽ പദവിനല്കുന്നതു സംബന്ധിച്ച് മണിപ്പൂർ ഹൈക്കോടതി 2023 ഏപ്രിൽ 20-നു പുറപ്പെടുവിച്ച (അനുകൂല) ഉത്തരവിലെ നിർദ്ദേശങ്ങളിൽ പ്രതിഷേധിച്ചു മെയ് മൂന്നിന് മണിപ്പൂർ ഓൾ ട്രൈബൽ സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ നടന്ന റാലിയുടെയും അതിനുനേരേ മെയ്തേയി വിഭാഗത്തിൽനിന്നുള്ളവരുടെ എതിർപ്പുകളുടെയും പശ്ചാത്തലമാണ് അക്രമങ്ങളുടെ തുടക്കം. നൊടിയിടയിൽ ആളിപ്പടർന്ന അക്രമസംഭവങ്ങൾ കലാപ സ്വഭാവം ആർജിക്കുകയായിരുന്നു. ആദ്യ രണ്ടു ദിവസങ്ങളിൽത്തന്നെ 250 ലേറെ ക്രൈസ്തവ ദേവാലയങ്ങൾ തകർക്കപ്പെട്ടതും ട്രൈബൽ വിഭാഗങ്ങളിൽപ്പെട്ട അൻപതിലേറെ ഗ്രാമങ്ങൾ അഗ്നിക്കിരയാക്കപ്പെട്ടതും, മെയ്തേയി വിഭാഗത്തിൽപ്പെട്ട ക്രൈസ്തവരുടെ ദേവാലയങ്ങൾപോലും ഒഴിവാക്കപ്പെട്ടില്ല എന്നതും, അതേസമയം, വടക്കു-കിഴക്കേ ഇന്ത്യയിൽ പ്രബലരായ നാഗാ വിഭാഗങ്ങളുടെ ക്രൈസ്തവ ദേവാലയങ്ങൾ ഒഴിവാക്കപ്പെട്ടതും, കലാപ ഭ്രാന്തിനു കൃത്യമായ ഒരു ക്രമവും രീതിയും, അതിനാവശ്യമായ മുന്നൊരുക്കവും ഉണ്ടായിരുന്നു എന്ന ആരോപണത്തിനു ശക്തി പകരുന്നതാണ്.

റവ. ഫാ. വർഗീസ് വള്ളിക്കാട്ട്



ഇത്രയേറെ നാശനഷ്ടങ്ങൾക്കും നൂറിലേറെപ്പേരുടെ ജീവഹാനിക്കും അറുപതിനായിരത്തിലധികം ട്രൈബൽ ജനതയുടെ പലായനത്തിനും കാരണമായ മെയ്തേയി ആക്രമണങ്ങൾ കണ്ടില്ലെന്നു നടിക്കുകയും ചെറുത്തുനിൽക്കാൻ ശ്രമിക്കുന്ന കുക്കി-ചിൻ വിഭാഗങ്ങളെ കലാപകാരികളും രാജ്യദ്രോഹികളും അനധികൃത കുടിയേറ്റക്കാരും അക്രമികളുമായി ചിത്രീകരിക്കുകയും ചെയ്യുന്ന സംസ്ഥാന ഭരണ കൂടവും കേന്ദ്രസർക്കാരും സമാധാനം പുനഃസ്ഥാപി ക്കാൻ പരാജയപ്പെടുന്നതിൽ എന്താണ് അത്ഭുതം?

ഒരു സംസ്ഥാനത്തിലെ വിവിധ ജനവിഭാഗങ്ങളെ നിയമവും ഭരണഘടനയും അനുശാസിക്കുന്നവിധം

www.malankaralibrary.com

തുല്യമായി പരിഗണിക്കാൻ ഭരണകൂടം പരാജയപ്പെട്ടാൽ, അത് എന്തിന്റെ പേരിലായാലും ന്യായീകരിക്കാൻ കഴിയുന്നതല്ല. കുക്കി വിഭാഗത്തെ ചൊടിപ്പിച്ച ഒരു പ്രധാന സംഭവം, മെയ് 3-ലെ പ്രതിഷേധത്തിന്റെ തുടക്കത്തിൽ, ലെയ്സാങ് ഗ്രാമത്തിലെ ആംഗ്ലോ-കുക്കി സെന്റിനറി ഗേറ്റ് തകർക്കപ്പെട്ട സംഭവ മാണ് എന്ന് പറയപ്പെടുന്നു. ബ്രിട്ടീഷ് കോളനിസ്റ്റുകൾക്കെതിരെ 1917 – 1919 കാലഘട്ടത്തിൽ നടന്ന കുക്കികളുടെ ചെറുത്തുനില്പിന്റെയും പോരാട്ടങ്ങളുടെയും സ്മാരകമായ മെമ്മോറിയൽ ഗേറ്റ് തകർത്തത് തങ്ങളുടെ ചരിത്രത്തെത്തന്നെ തുടച്ചു നീക്കാനും, തങ്ങളെ കടന്നുകയറ്റക്കാരും കുടിയേറ്റക്കാരുമായി ചിത്രീകരിക്കുന്ന സമകാലിക രാഷ്ട്രീയ നീക്കങ്ങളെ ന്യായീകരിക്കാനുമാണ് എന്നവർ കരുതി. അത് കുക്കികളുടെ ഗോത്ര ബോധത്തെയും ഗോത്ര സ്മൃതികളെയും ഉണർത്തുകയും ചെറുത്തുനില്പിനു പ്രേരിപ്പിക്കുകയും ചെയ്തു. ഈ ചെറുത്തുനിൽപ്പ് പലയിടത്തും തീവ്രസ്വഭാവം അർജിക്കുന്നതായുള്ള റിപ്പോർട്ടുകളുമുണ്ട്.

**കലാപത്തിനു പിന്നിൽ എന്താണ്?**

കലാപത്തിനു തൊട്ടുമുൻപായി, ഇമ്ഫാൽ താഴ്വരയിലെയും പരിസര പ്രദേശങ്ങളിലെയും പോലീസ് സ്റ്റേഷനുകളിൽനിന്നും സൈനിക കേന്ദ്രങ്ങളിൽ നിന്നുപോലും ആയുധങ്ങൾ മോഷണം പോയി എന്ന റിപ്പോർട്ടുകൾ അങ്ങേയറ്റം ഗൗരവമുള്ളതാണ്. ആയുധങ്ങൾ എത്തിച്ചേർന്നത് ഭരണകൂടത്തോട് ചേർന്നു നിൽക്കുന്ന മെയ്തേയി വിഭാഗത്തിന്റെ കൈകളിലായതു യാദൃശ്ചികം മാത്രമാകുമോ? അതേസമയം, ചുരാചൻദ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് 2023 ഫെബ്രുവരി 14-നു പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം, മാർച്ച് 1-നു മുൻപായി ലൈസൻസുള്ള തോക്കുകൾ സ്വന്തമായുള്ള ട്രൈബൽ വിഭാഗങ്ങളിൽ പ്പെട്ടവർ അതാതു പോലീസ് സ്റ്റേഷനുകളിൽ അവ ഏൽപ്പിക്കാൻ ബാധ്യസ്ഥരായിരുന്നു എന്നു മാധ്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. തങ്ങൾക്കുനേരെ ഉണ്ടായ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ, ഇവയൊക്കെ തമ്മിൽ പരസ്പര ബന്ധമുള്ളതായി ട്രൈബൽ ജനത കരുതുന്നത് തെറ്റാണെന്നു പറയാൻ കഴിയുമോ?

ട്രൈബൽ ജനതയുടെ ആകുലതകൾക്കു കാരണം പലതാണ്. അവ പ്രധാനമായും സാമ്പത്തികവും സാമൂഹികവുമാണ്. സംസ്ഥാന സർക്കാരിന്റെയും, പ്രമുഖ സാമ്പത്തിക സാംസ്കാരിക സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും പ്രവർത്തന കേന്ദ്രം എന്ന നിലയിൽ, ഇമ്ഫാൽ താഴ്വര സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹികമായും മുന്നിട്ടുനിൽക്കുന്നു. താഴ്വര നിവാസികളായ മെയ്തേയി വംശജർ പരമ്പരാഗതമായി സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഇതര വിഭാഗങ്ങളെക്കാൾ മുന്നിട്ടു നിൽക്കുന്നവരാണ്. കാർഷിക വൃത്തിയെ ആശ്രയിച്ചു കഴിയുന്ന കുക്കി-ചിൻ വിഭാഗങ്ങൾ മലനിരകളിൽ അധിവസിക്കുന്നവരും പരമ്പരാഗത ഗോത്ര ജീവിതരീതികൾ പിന്തുടരുന്നവരും മതപരമായി, ക്രൈസ്തവ വിശ്വാസം പിൻപറ്റുന്നവരുമാണ്. സാമ്പത്തിക അരാജകത്വവും തൊഴിലില്ലായ്മയും പുതു തലമുറയിലെ യുവാക്കളെ ഏറെ അസ്വസ്ഥതപ്പെടുത്തുന്നുമുണ്ട്. അവർക്ക് ആകെയുള്ളതു മലനിരകളിലെ മണ്ണിന്റെമേലുള്ള ഗോത്രാവകാശമാണ്. ഇന്ത്യൻ ഭരണഘടനയുടെ 371 (സി) വകുപ്പ് പ്രകാരം ട്രൈബൽ മേഖലയിൽ സ്വകാര്യഭൂമി അനുവദനീയമല്ലാത്തതിനാൽ, മെയ്തേയ് വംശജർക്ക് മല നിരകളിൽ ഭൂമി സ്വന്തമാക്കാൻ കഴിയില്ല. ഈ തടസ്സം നീങ്ങിക്കിട്ടുന്നതിനാണ് മെയ്തേയി വംശജർ പ്രധാനമായും ട്രൈബൽ പദവിക്കുവേണ്ടി വാദിക്കുന്നത്. ഇതിനു ഭരണകൂടത്തി ന്റെയും, ഇപ്പോൾ, സംസ്ഥാനതലത്തിൽ നീതിപീഠത്തിന്റെയും പിന്തുണയുണ്ടെന്നാണ് വ്യക്തമാകുന്നത്. ഇതാകട്ടെ, തങ്ങൾക്കു ചവിട്ടി നിൽക്കാനുള്ള മണ്ണു നഷ്ടപ്പെടുത്തും എന്ന ഭീതി ട്രൈബൽ വിഭാഗങ്ങളിൽ ഉയർത്തിവിട്ടിട്ടുമുണ്ട്. വസ്തുതകൾ ആഴത്തിൽ പരിശോധിച്ചാൽ വിഷയം തികച്ചും ഗോത്രവർഗ അവകാശങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ, ഇതിനു വർഗീയവും രാഷ്ട്രീയവുമായ അന്തർധാര കളുണ്ട് എന്നതു വ്യക്തമാണ്.




**കലാപം ആരുടെ സൃഷ്ടിയാണ്?**

ട്രൈബൽ റൈറ്റ്സുമായി ബന്ധപ്പെട്ട മെയ്തേയി-കുക്കി-ചിൻ തർക്കങ്ങൾക്കു പിന്നിലെ രാഷ്ട്രീയവും വർഗീയവുമായ മാനങ്ങൾ, ഇക്കാര്യത്തിൽ ആർ എസ് എസ് കേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണങ്ങളിൽനിന്നാണ് കൃത്യമായി വായിച്ചെടുക്കാൻ കഴിയുന്നത്. ആർ എസ് എസ്സിന്റെ മുഖപത്രമായ ഓർഗനൈസർ മുന്നോട്ടുവയ്ക്കുന്ന ആഖ്യാനം ആരെയും അസ്വസ്ഥരാക്കുന്നതാണ്. ജനസംഖ്യയിൽ 53% ത്തിലധികംവരുന്ന മെയ്തേയികൾക്കു ഭൂവിസ്തൃതിയിൽ കേവലം 10% മാത്രം വരുന്ന ഇമ്ഫാൽ താഴ്വരയിൽ മാത്രമാണ് ഭൂമി വാങ്ങാൻ അവകാശമുള്ളത് എന്നതും, ഇതര ഗോത്ര വിഭാഗങ്ങളിൽനിന്നു വ്യത്യസ്തമായി ഇവർ 'സനാതന ഹിന്ദു ധർമ്മം' പിന്തുടരുന്നവരാണെന്നും, അതിനാൽ ക്രൈസ്തവ സഭകൾ നേതൃത്വം നല്കുന്ന കുക്കി-ചിൻ വിഭാഗങ്ങളിൽ നിന്നും ജനസംഖ്യയിൽ 9 % ത്തോളം വരുന്ന പാഗൽ എന്നറിയപ്പെടുന്ന മുസ്ലിം സമുദായത്തിൽ നിന്നും (മെയ്തേയി വംശജർ) സംരക്ഷിക്കപ്പെടേണ്ടവരാണെന്നും ആർ എസ് എസ് കരുതുന്നു. ജനസംഖ്യയിൽ 41% മുള്ള ക്രിസ്ത്യാ നികൾ വിദേശത്തുനിന്നെത്തുന്ന 'കണക്കറ്റ പണ' മുപയോഗിച്ചു ഭൂമിയുടെ

www.malankaralibrary.com




ഭൂരിഭാഗവും 'കയ്യടക്കി' വച്ചിരിക്കുന്നു എന്നും, വൻതോതിൽ 'മതംമാറ്റം' നട ത്തുകയാണെന്നും, 'അനധികൃത കുടിയേറ്റക്കാരെയും' 'മയക്കുമരുന്നു കൃഷിക്കാരെയും' പിന്തുണക്കുകയാ ണെന്നും ആർ എസ് എസ് കുറ്റപ്പെടുത്തുന്നു! 2023 മെയ് 7 നു ഓർഗ നൈസറിൽ പ്രസിദ്ധീകരിച്ച ഒരു ലേഖന ത്തിൽ പറയുന്നത്, ഇത് ഇന്ത്യൻ ഭരണകൂടവും ജുഡീഷ്യ റിയും, 'സനാതന മെയ്തേയി' വിഭാഗവും സംയു ക്തമായി 'മതംമാറ്റ ലോബി'ക്കും 'ഓപിയം കടത്തു കാർ'ക്കും തീവ്ര ഇസ്ലാമിസ്റ്റുകൾക്കും എതിരേ നട ത്തുന്ന പോരാട്ടമാണെന്നും, അതിനാൽ ഈ പോരാട്ടം കടുത്തതായിരിക്കും എന്നുമാണ്. മണിപ്പൂർ കലാപം വടക്കു-കിഴക്കൻ സംസ്ഥാനങ്ങളെയാകെ ബാധിച്ചി ട്ടുള്ള 'ഗുരുതരമായ രോഗ'ത്തിന്റെ 'ലക്ഷണം' മാത്ര മാണെന്നും, തൊലിപ്പുറത്തെ ചികിത്സയല്ല ഗുരു തര ശാസ്ത്രക്രിയതന്നെ ഈ രോഗത്തെ സുഖപ്പെടു ത്താൻ വേണ്ടിവരുമെന്നും ആർ എസ് എസ് ചൂണ്ടി ക്കാട്ടുന്നു! മണിപ്പൂരിൽ തീയണയാത്തതെന്തുകൊണ്ട് എന്ന ചോദ്യത്തിനുത്തരം, കേന്ദ്ര സംസ്ഥാന സർക്കാ രുകളെ നയിക്കുന്ന ആർ എസ് എസ്സിന്റെ ഈ ചിന്താഗതിയാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ അതിനെ തള്ളിക്കളയാൻ കഴിയുമോ? അതിനൽ ത്തന്നെ, മണിപ്പൂരിലെ തീ, ഇതര വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേക്ക് പടർന്നു പിടിക്കുന്നതിനെ തിരെയും ഉയർന്ന ജാഗ്രത ആവശ്യമുണ്ട്.

### പ്രധാനമന്ത്രിയുടെ മൗനം

മേല്പറഞ്ഞ ചിന്താഗതി കേന്ദ്ര സംസ്ഥാന സർക്കാ രുകളെ സ്വാധീനിക്കുന്നുണ്ട് എന്ന തോന്നൽ ശക്ത മായതിനാലാണ്, ഇന്ത്യയുടെ ഭരണ നേതൃത്വമുള്ള പ്രധാനമന്ത്രി നിലപാടു വ്യക്തമാക്കണം എന്ന ആവശ്യം ശക്തമാകുന്നത്. ഇന്ത്യൻ ഭരണഘടനയും നിയമവ്യവസ്ഥയും മനുഷ്യാവകാശങ്ങളും സംരക്ഷി ക്കപ്പെടുമെന്നും, അതിൻപ്രകാരമുള്ള അവകാശങ്ങൾ ഒരു വിഭാഗത്തിനും നിഷേധിക്കുകയില്ലെന്നും, രാജ്യത്തു സമാധാനവും പരസ്പരവിശ്വാസവും സഹകരണവും ഉറപ്പുവരുത്താൻ തന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഉറപ്പിച്ചുപറയാൻ കഴിയു ന്നത് അദ്ദേഹത്തിനാണ്. അദ്ദേഹത്തിന്റെ മൗനം അതു കൊണ്ടുതന്നെ രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളെ യെല്ലാം അസ്വസ്ഥരാക്കുന്നതാണ്. സർക്കാരിനെ നയിക്കുന്നത് ഭരണഘടനയോ ആർ. എസ്. എസ്. ഉയർത്തുന്ന വിഭാഗീയതയുടെ പ്രത്യയശാസ്ത്രമോ എന്നതാണ് ഇവിടെ കാതലായ വിഷയം.

### വിവേകവും സൽബുദ്ധിയും പുലരണം

രാജ്യത്തു ജനാധിപത്യവും മതേതരത്വവും പുലരണം. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ് എന്ന പ്രതിജ്ഞ കുഞ്ഞുങ്ങളുടെ മാത്രമല്ല എല്ലാവരുടെയും ആദർശ വാക്യമാകണം. ഏതെങ്കിലും ഒരു ജനതയുടെയോ ജനവിഭാഗ ത്തിന്റെയോ മേധാവിത്വം സ്ഥാപിച്ചെടുക്കുക എന്നത് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും ലക്ഷ്യമാകരുത്. അകന്നുപോയ മനസ്സുകളെയും ഹൃദയങ്ങളെയും അനുരഞ്ജനത്തിലേക്കും സഹകരണത്തിലേക്കും സഹവർതിത്വത്തിലേക്കും തിരികെയെത്തിക്കാനുള്ള പരിശ്രമങ്ങൾ വൈകരുത്. സാമൂഹികവും സാമ്പ ത്തികവും വികസനപരവുമായ കാര്യങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുനിർത്താൻ സർക്കാ രുകൾ സത്വര നടപടി സ്വീകരിക്കണം. ഇതിനുള്ള സംഭാഷണങ്ങൾ രാഷ്ട്രീയതലത്തിൽ ഉടൻ തുടങ്ങണം. പരസ്പര വിശ്വാസവും ഐക്യവും വീണ്ടെടുക്കാനുള്ള നടപടികൾക്ക് ആദരണീയനായ പ്രധാനമന്ത്രിതന്നെ നിർദേശവും നേതൃത്വവും നൽകണം.

### മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കാൻ ഒട്ടും വൈകരുത്

ജനതകളെയും സമൂഹങ്ങളെയും കൂട്ടിയും ചേർത്തും പിടിക്കേണ്ടവർ വിഭജിത യുക്തിയാൽ നയിക്കപ്പെടുന്ന കാലം കെട്ട കാലമാണ്. വിഭാഗീയ രാഷ്ട്രീയം (ഡിവിസ്സീവ് പൊളിറ്റിക്സ്) വംശീയത യുടേതായാലും വർഗീയതയുടേതായാലും, അതു സമൂഹത്തിൽ ഭിന്നതയും അക്രമവും വിതയ്ക്കും. വംശീയ സംഘർഷങ്ങളിൽ വർഗീയ രാഷ്ട്രീയത്തിന്റെ വിഷം പടർത്തി വിജയംകൊയ്യാൻ രാഷ്ട്രീയപാർട്ടികളും ഭരണകൂടങ്ങളും മുൻകയ്യെടുക്കുന്നത് പൗരജീവിതം തകർത്തു താറുമാറാക്കും. മണിപ്പൂരിൽ ഇപ്പോൾ സംഭവിക്കുന്നത് മറ്റൊന്നല്ല.

സമൂഹത്തിൽ സംഘർഷം പടരുമ്പോൾ ഭരണകർ ത്താക്കൾ കണക്കുകൂട്ടിയെന്നോണം നിശബ്ദത പാലിക്കുന്നെങ്കിൽ, അതിനെ വെറും 'ലോ ആൻഡ് ഓർഡർ പ്രശ്ന'മായി കാണാൻ കഴിയില്ല. ഇരു വിഭാഗ ങ്ങൾ ചേരിതിരിഞ്ഞു സംഘർഷത്തിലേർപ്പെടുകയും ഒരു വിഭാഗം മറു വിഭാഗത്തിന്റെമേൽ ഏകപക്ഷീയ മായ ആക്രമണം അഴിച്ചുവിടുകയും ചെയ്യുന്നതു കണ്ടിട്ടും, ഭരണകൂട സംവിധാനങ്ങൾ ഫലപ്രദമായ ഇടപെടൽ നടത്താതെ അക്രമത്തിനു മൗനാനുവാദം നൽകുന്നുവെങ്കിൽ, അതിനെ ഭരണകൂടത്തിന്റെ പിന്തുണയോടെയുള്ള ഭീകര പ്രവർത്തനം എന്നു തന്നെ വിളിക്കണം.

www.malankaralibrary.com




ഇത്തരം സന്ദർഭങ്ങളിൽ നീതിപീഠം അറച്ചു നിന്നാൽ, രാഷ്ട്രത്തിന്റെ അടിസ്ഥാന ശിലകളിൽ വിള്ളൽവീഴുകയും അവിടേക്കു നിഷ്കളങ്ക രക്തം ഒഴുകിയിറങ്ങുകയും ചെയ്യും. രാഷ്ട്രീയ പാർട്ടികൾ താത്കാലിക നേട്ടങ്ങൾ കൊയ്തെടുത്തേക്കാം, എന്നാൽ ഒരു രാഷ്ട്രം എന്നനിലയിൽ ഇന്ത്യ ലോകത്തിനു മുൻപിൽ തലകുനിക്കേണ്ടിവരും. മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കാൻ ഒട്ടും വൈകരുത്!

**തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളുടെ ചുമതല ഓർമ്മിപ്പിക്കുന്ന സുപ്രീം കോടതിയുടെ വാക്കുകൾ!**

മണിപ്പൂർ വിഷയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പക്ഷപാതപരമായി പെരുമാറുന്നു എന്ന ആക്ഷേപം ഒരു ഭാഗത്തു ശക്തമാണ്. ഇക്കാര്യം സുപ്രീം കോടതിയിൽ ഉന്നയിക്കുകയും, കലാപ മേഖല യിൽ സൈന്യത്തെ നിയോഗിക്കാൻ കോടതി ഇടപെ ടണം എന്ന ആവശ്യമുന്നയിക്കുകയും ചെയ്ത അഡ്വ. കോളിൻ ഗോൻസാൽവസിനു ചീഫ് ജസ്റ്റീസ് ഡി വൈ ചന്ദ്രചൂഡ് നൽകിയ മറുപടി ശ്രദ്ധേയമാണ്: 'സൈന്യ ത്തിന് നിർദേശം നൽകാൻ സുപ്രീം കോടതിക്കാവില്ല, 72 വർഷത്തെ സുപ്രീം കോടതിയുടെ ചരിത്രത്തിൽ ഒരിക്കലും അങ്ങനെ ഉണ്ടായിട്ടില്ല, ക്രമസമാധാന പാലനം തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ ചുമതല യിൽപ്പെട്ട കാര്യമാണ്' എന്നായിരുന്നു മറുപടി.

ഈ വിഷയം സുപ്രീം കോടതിവരെ എത്തിയതിനു കാരണം, തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ പക്ഷപാതപരമായി പെരുമാറുന്നു എന്ന ഒരു വിഭാഗത്തിന്റെ ആരോപണമാണ്! ഇനിയെന്ത് എന്ന ചോദ്യം ഇപ്പോഴും പ്രസക്തമാണ്.

സർക്കാരുകളെ വിശ്വാസത്തിലെടുക്കുക, ദേശീയ തലത്തിൽ വിഷയം ചർച്ചചെയ്തു കേന്ദ്ര സർക്കാരിന്റെയും പ്രധാനമന്ത്രിയുടെയും ഇടപെടൽ ആവശ്യപ്പെടുക, പ്രധാനമന്ത്രിയുമായി നേരിട്ടുകണ്ടു പരാതി നൽകുക എന്നിവയൊക്കെയാണ് ഇനി സഭയുടെ ഭാഗത്തുനിന്നും സാധ്യമയേക്കാവുന്ന മാർഗം. ഇക്കാര്യത്തിൽ നോർത്ത് ഈസ്റ്റ് മെത്രാൻ സമിതിയുടെ നിലപാട് നിർണ്ണായകമാണ്. മണിപ്പൂരിലെ സങ്കീർണ്ണമായ സാഹചര്യവും അതിനു പിന്നിലുള്ള കാരണങ്ങളും പശ്ചാത്തലവും എന്തെന്നു വ്യക്തമായി ദേശീയ തലത്തിലുള്ള സഭാ നേതൃത്വത്തെ ബോധ്യപ്പെടുത്താൻ അവർക്കു കഴിയണം. സർക്കാരുകളുടെ ഉദ്ദേശ്യശുദ്ധി ചോദ്യംചെയ്യാതെതന്നെ, പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങൾ ആരായാൻ സഭാ നേതൃത്വത്തിനും കഴിയണം.

മണിപ്പൂരിൽ അക്രമ സംഭവങ്ങൾ കുറഞ്ഞുവരുന്നതായി കാണപ്പെടുന്നുണ്ടെങ്കിലും, വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ വിഭാഗീയതയും ശത്രുതയും ശക്തിപ്രാപിക്കുന്നതായും റിപ്പോർട്ടുകളുണ്ട്. പ്രശ്ന മേഖലയെ സംബന്ധിച്ച് ബാഹ്യലോകത്തിനുള്ള ധാരണകൾ പലതും അർത്ഥസത്യങ്ങളും അതിശയോക്തി കലർന്നതുമാകാം. രണ്ടു വ്യത്യസ്തമായ ആഖ്യാനങ്ങളാണ് മണിപ്പൂർ പ്രശ്നത്തെ സംബന്ധിച്ചു മാധ്യമങ്ങളിലൂടെ ലഭിക്കുന്നത്. രണ്ടിലും കുറേയധികം വസ്തുതകളുണ്ടാകാം.

സമാധാനം തിരികെയെത്താൻ അനുരഞ്ജനത്തിന്റെ പാത തെളിയണം. അത് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ നാശത്തിലൂടെയാകരുത്. മണിപ്പൂരിലെ എല്ലാ വിഭാഗം ജനങ്ങളും ഇന്ത്യയുടേതാണ്.

ക്രമസമാധാനം പുനസ്ഥാപിച്ചുകൊണ്ടാകണം, നിഷ്കളങ്കരക്തം ചൊരിഞ്ഞുകൊണ്ടാകരുത്, മണിപ്പൂരിൽ സമാധാനം തിരികെ കൊണ്ടുവരേണ്ടത്. അനധികൃതമായോ നിയമവിരുദ്ധമായോ ഏതെങ്കിലും വിഭാഗം പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അവരെ നിയമത്തിനു മുൻപിൽ കൊണ്ടുവരണം. ഇക്കാര്യത്തിൽ ഭരണകൂടം അതിന്റെ ഉത്തരവാദിത്വം നിർവഹിക്കുന്നു എന്നുറപ്പുവരുത്താൻ സുപ്രീം കോടതിക്കും പൊതു സമൂഹത്തിനും ക്രൈസ്തവ സഭകളുടെ നേതൃത്വത്തിനും കടമയുണ്ട്.

www.malankaralibrary.com




# മണിപ്പൂർ തമസ്കരിക്കപ്പെടുന്ന വാസ്തവങ്ങൾ

മണിപ്പൂരിൽ വംശീയ കലാപത്തിന്റെ മറവിൽ നടന്നത് ക്രൈസ്തവ വേട്ടയാണ് എന്ന് കൂടുതൽ വ്യക്തമാകുന്ന വെളിപ്പെടുത്തലുകളാണ് ഈ ദിവസങ്ങളിൽ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. മതത്തിന്റെ പേരിൽ പ്രാദേശിക സമൂഹങ്ങൾക്കിടയിൽ നികത്താനാവാത്ത വിള്ളലുകൾ സൃഷ്ടിച്ച് താൽക്കാലിക നേട്ടം കൊയ്യാനുള്ള ഭരണകക്ഷി നീക്കങ്ങൾ കൂടുതൽ വ്യക്തമാവുകയാണ്. വളരെ ഗൗരവമായി പരിഗണിക്കേണ്ട ഈ വിഷയത്തിൽ ഇപ്പോഴും മറഞ്ഞുകിടക്കുന്ന ചില വാസ്തവങ്ങൾ മറനീക്കി വെളിച്ചത്തു കൊണ്ടുവരാനുള്ള കെസിബിസി ജാഗ്രത കമ്മീഷന്റെ പരിശ്രമത്തിന്റെ ഭാഗമാണ് ഈ ലേഖനം.

**കെ.സി.ബി.സി**
**ജാഗ്രത കമ്മീഷൻ**

ഒരിക്കലുമുണ്ടാകാത്തവിധമുള്ള പ്രശ്നങ്ങൾ ആരംഭിച്ച് ഒരുമാസം പിന്നിടുമ്പോൾ തിരിച്ചുവരാനാകാത്ത വിധത്തിലുള്ള അശാന്തിയിലേയ്ക്ക് നിപതിച്ചുകൊണ്ടിരിക്കുന്ന ഒരുകൂട്ടം ജനങ്ങളെയാണ് മണിപ്പൂരിൽ കാണാനാവുക. നൂറ്റാണ്ടുകൾക്ക് മുമ്പ് മുതൽ കണ്ടുകൊണ്ടിരുന്നതിന് സമാനമായതും അതിന്റെ തുടർച്ചയുമായ പ്രാദേശികവും സാമുദായികവുമായ പ്രശ്നങ്ങളാണ് അവിടെ ഉണ്ടായതെന്നുള്ള ആഖ്യാനങ്ങൾ ഇപ്പോഴും ഒരുകൂട്ടം മാധ്യമങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വംശങ്ങൾ തമ്മിലുള്ള കുടിപ്പകയും മാത്സര്യബുദ്ധിയും മാത്രമാണ് ഇതുവരെക്കണ്ട ആഭ്യന്തര കലഹത്തിനും ജീവനാശങ്ങൾക്കും പിന്നിലെന്ന് സ്ഥാപിക്കാൻ അനേകർ കിണഞ്ഞ് പരിശ്രമിക്കുന്നു.

എന്നാൽ, സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതും അതുസംബന്ധിച്ചുള്ള പ്രചരണങ്ങളും തമ്മിൽ പൊരുത്തക്കേടുകൾ ഏറെയുണ്ടെന്ന് വ്യക്തമാകും. മെയ്തെയി വിഭാഗത്തിന് പട്ടിക വർഗ്ഗ പദവി നൽകുന്നതുമായി ബന്ധപ്പെട്ട നീക്കങ്ങളാണ് കലാപകാരണമായത് എന്നതാണ് പലരുടെയും ധാരണ. കുക്കി, മെയ്തെയി വിഭാഗങ്ങൾ തമ്മിലുള്ള വൈരമാണ് അടിസ്ഥാനകാരണമെന്നും പൊതുവെ കരുതപ്പെടുന്നു. ഈ രണ്ടു വിശദീകരണങ്ങൾക്കപ്പുറം മറ്റൊന്നും ചർച്ച ചെയ്യപ്പെടാതിരിക്കാൻ മാധ്യമ സിൻഡിക്കേറ്റുകളും ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രത്യേകം ശ്രദ്ധിക്കുന്നുമുണ്ട്. കുക്കി വിഭാഗവും സർക്കാരും തമ്മിലുള്ള ഭിന്നതയ്ക്ക് പിന്നിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന ചില കാരണങ്ങളുണ്ട്. കഴിഞ്ഞ കുറച്ചുകാല

www.malankaralibrary.com

മായി അവർ നേരിടുന്ന ചില ആരോപണങ്ങളുണ്ട്. കുക്കികൾ ഉൾപ്പെടുന്ന ഗോത്രവർഗ്ഗക്കാർ കഞ്ചാവ്, ഓപ്പിയം പോപ്പി മുതലായവ കൃഷി ചെയ്യുന്നവരാണെന്നും അവർക്കിടയിൽ വ്യാപകമായ അനധികൃത കുടിയേറ്റം നടക്കുന്നു എന്നുള്ളതുമാണ് അവർ നേരിട്ടുകൊണ്ടിരിക്കുന്ന ആരോപണങ്ങളിൽ പ്രധാനം. ഗോത്രവർഗ്ഗക്കാരെ ഒന്നടങ്കം തെറ്റുകാരാക്കി ചിത്രീകരിച്ചുകൊണ്ടുള്ള ഇത്തരം ആരോപണങ്ങൾ വലിയ അസ്വസ്ഥതയ്ക്ക് കാരണമായിട്ടുണ്ട്. വന നിയമങ്ങളിൽ ഭേദഗതി വരുത്തിയും, റീ സർവേ നടത്തിയും പതിറ്റാണ്ടുകൾ പഴക്കമുള്ള ഗോത്ര ഗ്രാമങ്ങൾ കുടിയൊഴിപ്പിക്കുന്നത് ഉൾപ്പെടെയുള്ള സർക്കാർ നടപടികളാണ് ഗോത്രവർഗ്ഗക്കാർ, പ്രത്യേകിച്ച് കുക്കികൾ ഭരണകൂടത്തിനെതിരെ തിരിയാനുള്ള മറ്റൊരു കാരണം.

മെയ് 17-ന് മണിപ്പൂർ സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അനധികൃത കുടിയേറ്റം, പോപ്പി കൃഷി, മയക്കുമരുന്ന് വ്യാപനം എന്നിവയ്ക്കെതിരായി സ്വീകരിച്ച നടപടികളാണ് കലാപത്തിന് കാരണമെന്നു വ്യക്തമാക്കുന്നുണ്ട്. മണിപ്പൂരിലെ പ്രശ്നങ്ങൾക്ക് കാരണം ഇന്റലിജൻസ് സുരക്ഷാ വീഴ്ച ആണെന്നും മുഖ്യമന്ത്രി ബിരേൻസിംഗ് മെയ് 21 ന് പറഞ്ഞിരുന്നു. എന്നാൽ, മെയ് അവസാന ആഴ്ചയിൽ മണിപ്പൂർ സന്ദർശിക്കുന്നതിന് മുമ്പ് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞത് മെയ്തെയി വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗ സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട ഹൈക്കോടതി നിർദ്ദേശമാണ് പ്രശ്ന കാരണമെന്നാണ്. രാജ്യവ്യാപകമായി അത്തരമൊരു ആശയം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ കേന്ദ്ര ഭരണകൂടത്തിന്റെയും ബിജെപി നേതൃത്വ ത്തിന്റെയും ഭാഗത്തുനിന്ന് ആരംഭം മുതലുണ്ട്. ആർഎസ്എസിന്റെ മുഖപത്രമായ ഓർഗനൈസറിൽ മെയ് പതിനാറിന് പ്രസിദ്ധീകരിച്ച ലേഖനത്തിൽ ആരോപിക്കുന്നത് മണിപ്പൂർ കലാപത്തിന് പിന്നിൽ ക്രൈസ്തവ സഭകളാണ് എന്നാണ്. തികഞ്ഞ അവാസ്തവമായതിനാൽത്തന്നെ ആ ആരോപണം സംഘപരിവാർ അനുഭാവികൾ ഒഴികെ ആരും മുഖവിലയ്ക്കെടുത്തില്ല.




ഇത്തരം വ്യാജ പ്രചരണങ്ങളും, യഥാർത്ഥ വിഷയത്തെ വഴിമാറ്റിവിടാനുള്ള ശ്രമങ്ങളും ആരംഭം മുതൽ കാണപ്പെടുന്നതിൽനിന്ന് ഇക്കാര്യത്തിലുള്ള സംഘപരിവാർ സംഘടനകളുടെ താൽപ്പര്യം വ്യക്തമാണ്.

**അക്രമണങ്ങളുമായി ബന്ധപ്പെട്ട വ്യാജപ്രചാരണങ്ങൾ**

കുക്കി സമുദായത്തിൽ പെട്ടവരെ അക്രമികളും അധർമ്മികളും രാജ്യദ്രോഹികളുമായി ചിത്രീകരിക്കുകയും ഒപ്പം, സംഭവിച്ചുകൊണ്ടിരിക്കുന്നവയ്ക്ക് മറ്റൊരു ഭാഷ്യം നൽകുകയും, നിരവധി വാസ്തവങ്ങളെ തമസ്കരിക്കുകയും ചെയ്തുകൊണ്ടാണ് മണിപ്പൂരിലെ സംഭവവികാസങ്ങൾക്ക് മറ്റൊരു നിറവും പരിവേഷവും ചിലർ നൽകിക്കൊണ്ടിരിക്കുന്നത്. അതിന് ആനുപാതികമായി സംസ്ഥാന സർക്കാർ കലാപകാരികളും ഭീകരവാദികളും എന്ന് മുദ്രകുത്തി ആ വിഭാഗത്തെ അടിച്ചമർത്താൻ പരിശ്രമിക്കുകയും ചെയ്യുന്നു. അതിന് ഏറ്റവും പുതിയ ഉദാഹരണമാണ് മെയ് 28-ന് കുക്കി സമുദായത്തിൽ പെട്ട നാൽപ്പതോളംപേരെ സംസ്ഥാന സുരക്ഷാ സേന വധിച്ചതായി മുഖ്യമന്ത്രി എൻ. ബിരേൻസിംഗ് വെളിപ്പെടുത്തിയ ഏറ്റുമുട്ടൽ. എന്നാൽ, മണിപ്പൂരിൽ രൂക്ഷമായ കലാപസാഹചര്യമോ അതിനെതിരായ നീക്കങ്ങൾ നടത്തേണ്ട ആവശ്യമോ നിലവിൽ ഇല്ല എന്ന് ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് (CDS) ജനറൽ അനിൽ ചൗധരി വെളിപ്പെടുത്തിയതും ഇതേ ദിവസങ്ങളിൽ ത്തന്നെയാണ്.

കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ മണിപ്പൂർ സന്ദർശനത്തിന് തൊട്ടു മുമ്പ് നടന്ന പ്രസ്തുത ആക്രമണം ആസൂത്രിതമാണോ എന്ന ബലമായ സംശയം പൊതുവേയുണ്ട്. കുക്കി വിഭാഗത്തിൽ പെട്ട അക്രമി കൾ സാധാരണ ജനങ്ങളെ ആക്രമിക്കുകയും സുരക്ഷാ സൈന്യം തിരിച്ചടിക്കുകയുമാണ് ഉണ്ടായത് എന്നാണ് മുഖ്യമന്ത്രി നൽകിയ വിശദീകരണം. നാൽപ്പത് കുക്കികളെ സേന വധിച്ചതായും മുഖ്യമന്ത്രി വെളിപ്പെടുത്തുകയുണ്ടായി. എന്നാൽ, ഇംഫാലിൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരം, മെയ് 28-ന് അക്രമഭീഷണി നേരി

www.malankaralibrary.com

ട്ടിരുന്ന കുക്കി ഗ്രാമങ്ങളുടെ സുരക്ഷിതത്വ ചുമതല യുണ്ടായിരുന്നവരിൽ നാൽപ്പതോളം പേർ വധിക്ക പ്പെട്ടതിന് പുറമെ, ചുരാചന്ദ്പൂർ ജില്ലയിലെ സുഗ്നു എന്ന സ്ഥലത്ത് കത്തോലിക്കാ സമൂഹം താമസി ച്ചിരുന്ന ഒരു പ്രദേശം മുഴുവനോടെയും, അവരുടെ ദേവാലയവും, നൂറിൽ പരം ഗോത്രവർഗ്ഗ കുടുംബങ്ങൾ താമസിച്ചിരുന്ന ഒരു കോളനിയിലെ അറുപതോളം വീടുകളും, ഒരു ഹൈസ്കൂളും തീയിട്ട് നശിപ്പിക്കപ്പെട്ടു. സമീപത്തുള്ള മറ്റൊരു ഗ്രാമത്തിലെ നൂറ്റമ്പതോളം വീടുകളും അന്ന് അഗ്നിക്കിരയായി. ആക്രമണം നടന്നത് പ്രധാനമായും കുക്കി ഗോത്ര വംശജർക്ക് എതിരെയെങ്കിലും സർക്കാരിന്റെയും മുഖ്യധാരാ മാധ്യമങ്ങളുടെയും ഭാഷ്യം നേരെ മറിച്ചായിരുന്നു.

**കഞ്ചാവ് - പോപ്പി കൃഷികൾ**

കുക്കികൾ ഉൾപ്പെടെയുള്ള ഗോത്ര വർഗ്ഗക്കാർ മയക്കുമരുന്ന് ഇടപാടുകാരും, ഓപ്പിയം കൃഷി ചെയ്യുന്നവരുമാണ് എന്ന ആരോപണമാണ് കഴിഞ്ഞ കുറച്ചുകാലമായി ഭരണകൂടം ആവർത്തിച്ചുകൊണ്ടി രിക്കുന്നത്. മണിപ്പൂരിന്റെ വനമേഖലകളിൽ പോപ്പി കൃഷി ചെയ്യപ്പെടുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. പലപ്പോഴായി പോലീസും സൈന്യവും ആയിരക്കണ ക്കിന് ഹെക്ടർ കൃഷി നശിപ്പിക്കുകയും ഉണ്ടായിട്ടുണ്ട്. 2017-നും 2018-നും ഇടയിൽ മാത്രം 18664 ഏക്കർ സ്ഥലത്തെ പോപ്പി കൃഷി പോലീസ് നശിപ്പിച്ചിട്ടുണ്ട് എന്നാണ് റിപ്പോർട്ടുകൾ. മയക്കുമരുന്ന് ഇടപാടുകാർ ഗോത്ര വംശജരായ ചിലരിലൂടെ ഇത്തരം പ്രവർത്ത നങ്ങൾ നടത്തുന്നുണ്ടെങ്കിലും പോപ്പി കൃഷിയെയും മയക്കുമരുന്ന് ഇടപാടുകളെയും ഏറ്റവുമധികം എതിർക്കുന്നത് തദ്ദേശീയർ തന്നെയാണ് എന്നുള്ള താണ് വാസ്തവം. തൗബൽ ജില്ലയിലെ സുഗ്നു നിയോജകമണ്ഡലത്തിൽനിന്നുള്ള കോൺഗ്രസ് എം. എൽ. എ, കൻഗുജം രൺജിത് സിംഗ് 2022 ജൂലൈ 25-ന് മണിപ്പൂർ നിയമസഭയിൽ ഉയർത്തിയ ആവശ്യം ശ്രദ്ധേയമാണ്. പോപ്പി കൃഷിക്കും, മയക്കുമരുന്ന് കള്ളക്കടത്തിനും എതിരെ ശക്തമായ നിയമനിർ മ്മാണം വേണം എന്നതായിരുന്നു അദ്ദേഹം ആവശ്യ പ്പെട്ടത്. നിയമലംഘനം നടത്തുന്നവർക്ക് വധശി ക്ഷയോ ജീവപര്യന്തമോ ലഭിക്കുന്ന വിധത്തിലായിരി ക്കണം പുതിയ നിയമം എന്നും അദ്ദേഹം നിർദ്ദേശിക്കു കയുണ്ടായി.

ഭരണകൂടം നടത്തിക്കൊണ്ടിരുന്ന പ്രചാരണങ്ങ ളുടെ പൊള്ളത്തരവും, പോപ്പി കൃഷി സംബന്ധിച്ച വാസ്തവങ്ങളും മനസ്സിലാക്കിയിട്ടുള്ള ശരാശരി ഗോത്ര വംശജരുടെ ശബ്ദമായിരുന്നു കൻഗുജം രൺജിത് സിംഗ് നിയമസഭയിൽ ഉയർത്തിയത്. ചില വർഷ ങ്ങൾക്ക് മുമ്പ് ഇംഫാൽ എയർപോർട്ട് വഴി കടത്താൻ ശ്രമിച്ച മയക്കുമരുന്ന് പിടിക്കപ്പെട്ട സാഹചര്യത്തിൽ 'മയക്കുമരുന്നിന് എതിരായ യുദ്ധം' പ്രഖ്യാപിച്ച ഭരണകൂടം തുടർ നടപടികളിൽ പരാജയപ്പെട്ടതിലെ മണിപ്പൂർ ജനതയുടെ നിരാശയും എംഎൽഎ അന്ന് നിയമസഭയിൽ വ്യക്തമാക്കുകയുണ്ടായി. ഏതുവിധ ത്തിലാണ് മണിപ്പൂരിലെ വനമേഖലകളിൽ പോപ്പി



കൃഷിക്ക് വഴിയൊരുങ്ങുന്നത് എന്നും അദ്ദേഹം അന്ന് വിശദീകരിച്ചിരുന്നു. കാര്യങ്ങൾ കൂടുതൽ ഗുരുതരമായ തിനാൽ NDPS Act (Narcotic Drugs and Psychotropic Substances Act) 1985 അനുസരിച്ചുള്ള നടപടിക്രമങ്ങൾ ഫലപ്രദമല്ലെന്നും, കൂടുതൽ ശക്തമായ മറ്റൊരു നിയമം ആവശ്യമാണെന്നും അദ്ദേഹം അവിടെ സ്ഥാപിച്ചു.

ലാവോസ്, തായ്‌ലൻഡ്, മ്യാൻമർ തുടങ്ങിയ രാജ്യ ങ്ങൾ ഉൾപ്പെടുന്ന 'ഗോൾഡൻ ട്രയാംഗിൾ' എന്ന് അറിയപ്പെടുന്ന പ്രദേശം മയക്കുമരുന്ന് കടത്തിന് കുപ്രസിദ്ധമാണ്. മണിപ്പൂർ ഉൾപ്പെടെയുള്ള നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ വനമേഖലകളിൽ നടക്കുന്ന പോപ്പി കൃഷിക്ക് പിന്നിലും ഈ മേഖലയിലെ പ്രമുഖ മയക്കുമരുന്ന് ഇടപാടുകാരാണ് എന്നുള്ളത് വളരെ വ്യക്തമാണ്. വർഷങ്ങൾക്ക് മുമ്പ്, 2007 ഏപ്രിൽ മാസത്തിൽ അമേരിക്കയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് (The Chinese Connection: Cross-border Drug Trafficking between Myanmar and China) ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യങ്ങൾ മനസിലാക്കിയിരുന്ന അമേരിക്ക, മ്യാൻമർ കേന്ദ്രീകരിച്ച് വൻതോതിൽ മയക്കുമരുന്ന് ഉൽപ്പാദനം നടത്തിയിരുന്ന പശ്ചാത്തലത്തിൽ ഭാഗിക മായ സാമ്പത്തിക ഉപരോധം ഏർപ്പെടു ത്തുകയും അതിന്റെ ഫലമായി ഘട്ടംഘട്ടമായി മയക്കു മരുന്ന് ഉൽപ്പാദനം കുറയുകയും ചെയ്തു. തുടർന്ന് ചൈനയും മയക്കുമരുന്ന് ഉൽപ്പാദനവും വ്യാപനവും നിയന്ത്രണ വിധേയമാക്കാൻ നടപടികൾ സ്വീകരിച്ചു. പിന്നീടാണ് മ്യാന്മറിന്റെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനങ്ങൾ ശക്ത മാകുന്നത്. മണിപ്പൂർ ഉൾപ്പെടെയുള്ള നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ ചില സംഘങ്ങളെ മയക്കുമരുന്ന് ഉൽപ്പാദനത്തിനായി അവർ ഉപയോഗിക്കുന്നു എന്നു ള്ളത് അന്തർദേശീയ തലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടി ട്ടുള്ള ഒരു വാസ്തവമാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ പോപ്പി കൃഷിയും മയക്കുമരുന്ന് കടത്തും നിയന്ത്രിക്കപ്പെടേണ്ടത് അനി വാര്യമാണെങ്കിലും, ഗോത്രവർഗ്ഗക്കാരെ ഒന്നടങ്കം മയ ക്കുമരുന്ന് കൃഷിക്കാരായി ചിത്രീകരിച്ചുകൊണ്ടുള്ള നീക്കങ്ങൾ അത്യന്തം അപലപനീയമാണ്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുക

www.malankaralibrary.com




പ്രദേശവാസികളുടെയും സാധാരണക്കാരായ മണിപ്പൂർ ജനതയുടെയും ആവശ്യമാണ്. അവരിൽ ഒരു വിഭാഗത്തെക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യിക്കുന്ന അന്തർദേശീയ മാഫിയകളെയും, താഴ്‌വരയിലുള്ള ഇടനിലക്കാരെയും കണ്ടെത്തി പ്രതിരോധിക്കുകയും അതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുകയുമാണ് ഇവിടെ ആവശ്യം. എന്നാൽ, ഇവിടെ ഭരണകൂടം പ്രതിപക്ഷത്ത് നിർത്തിയിരിക്കുന്നത് ഗോത്രവർഗ്ഗക്കാരെ മുഴുവനോടെയും അവരെ മാത്രവുമാണ്. ആ നീക്കം അത്യന്തം ദോഷകരമായ പ്രത്യാഘാതങ്ങൾക്കിടയാക്കി.

**നീതിരഹിതമായ കുടിയിറക്ക്**

തുടർന്ന് നടന്ന കുടിയിറക്ക് നീക്കങ്ങളാണ് സ്ഥിതിഗതികളെ കൂടുതൽ വഷളാക്കിയത്. മലയോരമേഖലകളിലും, മലമ്പ്രദേശങ്ങളിലും ഒട്ടേറെ ഭവനങ്ങളും ചില ദേവാലയങ്ങളും പൊളിച്ചുനീക്കപ്പെടുകയും നിരവധി ഗ്രാമങ്ങൾ കുടിയിറക്കപ്പെടുകയും ചെയ്തു. അനധികൃത കയ്യേറ്റം, നിയമവിരുദ്ധ നിർമ്മിതി, അനധികൃത കുടിയേറ്റം തുടങ്ങിയ കാരണങ്ങളാണ് കുടിയിറക്കിനും പൊളിച്ചുനീക്കലിനും കാരണമായി ഭരണകൂടം ചൂണ്ടിക്കാണിച്ചത്. ഇത്തരം നീക്കങ്ങൾ പലതും പ്രകോപനപരവും മുന്നറിയിപ്പുകൾ കൂടാതെയുള്ളതുമായിരുന്നു. നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് പണിത ഈസ്റ്റ് ഇംഫാൽ ജില്ലയിലെ മൂന്ന് ക്രൈസ്തവ ദേവാലയങ്ങൾ അപ്രതീക്ഷിതമായാണ് ഏപ്രിൽ 11 ന് വലിയ സന്നാഹങ്ങളോടെ എത്തിയ അധികൃതർ പൊളിച്ചുനീക്കിയത്. റവന്യൂ ഭൂമിയിലാണ് പള്ളികൾ പണിതത് എന്നായിരുന്നു സർക്കാർ വാദം. കോടതി വിധിയെ തുടർന്ന് പള്ളികൾ ഒഴിഞ്ഞുകൊടുക്കുന്നതിൽ ദേവാലയധികൃതർക്ക് എതിർപ്പ് ഉണ്ടായിരുന്നില്ലെങ്കിലും അതിനുള്ള തയ്യാറെടുപ്പുകൾക്കുള്ള സാവകാശം നൽകാതെ രാത്രിയിലെത്തി പൊളിച്ചത് ജനരോഷത്തിന് വഴിയൊരുക്കി.

ഏപ്രിൽ പതിനൊന്നിന് തന്നെ ലാങ്ഗോൾ വനമേഖലയിലെ ചില വീടുകളും ഇത്തരത്തിൽ പൊളിച്ചുനീക്കുകയുണ്ടായി. 2022 നവംബറിൽ വനംവകുപ്പ് ഒരു നോട്ടിഫിക്കേഷൻ വഴിയായി ചുരാചന്ദ്പൂർ ജില്ലയിലെ 38 ഗ്രാമങ്ങൾ അനധികൃതമാണെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന്, കഴിഞ്ഞ ഫെബ്രുവരി 21 ന് ചുരാചന്ദ്പൂർ ജില്ലയിലെ കെ. സോങ്ജങ് ഗ്രാമം ഒഴിപ്പിക്കുകയുണ്ടായി. ഒഴിപ്പിക്കപ്പെട്ടതും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നതുമായ 38 ഗ്രാമങ്ങളും കുക്കികളുടേതാണ്. ആയിരത്തിലേറെ അംഗസംഖ്യയുള്ള എല്ലാ ഗ്രാമങ്ങൾക്കും 50 – 60 വർഷങ്ങൾക്ക് മുകളിൽ പഴക്കമുണ്ട്. അനധികൃത കുടിയേറ്റം എന്ന വിശേഷണം നൽകി പൊളിച്ചുനീക്കപ്പെടുന്നത് തലമുറകളോളമായി ഗോത്ര ജനത ജീവിച്ചുപോരുന്ന ഗ്രാമങ്ങളാണ് എന്നുള്ളതാണ് വാസ്തവം. അക്കാലത്ത് ഗ്രാമങ്ങൾക്ക് അംഗീകാരം നൽകിയത് അതിനുള്ള അധികാരമില്ലാത്ത ഉദ്യോഗസ്ഥനാണ് എന്നാണ് വനംവകുപ്പ് നൽകുന്ന വിശദീകരണം.

ഇത്തരം കുടിയിറക്കു നോട്ടീസുകൾക്ക് ആധാരമായി മാറിയിരിക്കുന്നത് ചില സമീപകാല സർവേകളാണ്. വേണ്ടത്ര ആധികാരികതയോ ഹിൽ ഏരിയ കമ്മിറ്റിയുടെയും മറ്റും അനുമതിയോ ഇല്ലാത്ത ഈ സർവേ നടപടിക്കെതിരെ ബിജെപി എംഎൽഎമാർ ഉൾപ്പെടെ രംഗത്ത് വന്നിട്ടുണ്ട്. പൗലീൻലാൽ ഹോകിപ് എന്ന ബിജെപി എം. എൽ. എ. കഴിഞ്ഞ ഏപ്രിൽ 12-ന് സംസ്ഥാന വനം പരിസ്ഥിതി മന്ത്രി ബിശ്വജിത് സിങ്ങിന് നൽകിയ കത്തിൽ ഈ നടപടി കളെ ചോദ്യം ചെയ്തിരുന്നു. വനംവകുപ്പിന്റെ അനീതി നിറഞ്ഞ ഇത്തരം നടപടികൾ വലിയ പൊതുജന രോഷത്തിന് കാരണമായിട്ടുണ്ടെന്ന് കത്തിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. കുടിയൊഴിപ്പിക്കാനുള്ള തീരുമാനം തെറ്റാണെന്നും വ്യക്തത ലഭിക്കുന്നതുവരെ നടപടിക്രമങ്ങളും സർവേയും നിർത്തിവയ്ക്കണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

അനധികൃത കുടിയേറ്റമാണ് ഗോത്രവർഗ്ഗക്കാരും അവരുടെ ഗ്രാമങ്ങളും നേരിടുന്ന മറ്റൊരു ആരോപണം. പ്രമുഖ ഗോത്രവർഗ്ഗങ്ങളായ കുക്കി, നാഗ തുടങ്ങി ചെറുതും വലുതുമായ 33 ഗോത്രവർഗ്ഗങ്ങളാണ് മണിപ്പൂരിലെ മലമ്പ്രദേശങ്ങളിൽ ഉള്ളത് എന്നാണ് കണക്കുകൾ. സമീപ ഇന്ത്യൻ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലും, മ്യാൻമറിലും ഇവയിൽ പല ഗോത്രങ്ങളും ഉണ്ട്. അത്തരത്തിൽ ഒരേ ഗോത്രത്തിലുള്ളവർ പല കാരണങ്ങളാലും അതിർത്തി കടന്ന് മണിപ്പൂരിലെ മലമ്പ്രദേശങ്ങളിൽ എത്തിച്ചേരാൻ

www.malankaralibrary.com

സാധ്യതകളുണ്ട്. അതേസമയം വനമേഖലകളിൽ അധിവസിക്കുന്ന ഗോത്രവർഗ്ഗക്കാരുടെ യഥാർത്ഥ ജനസംഖ്യയിൽ സർക്കാരിന് അവ്യക്തതയുണ്ട് എന്നുള്ളതും വാസ്തവമാണ്. അതിന് കാരണങ്ങൾ പലതാണ്.

മണിപ്പൂരിലെ ഇൻകംടാക്സ് ചീഫ് കമ്മീഷണർ ആയിരുന്ന കച്ചൂയി തിമോത്തി സിമിക് (IRS) വില യിരുത്തുന്നത് പ്രകാരം, മണിപ്പൂരിലെ മലമ്പ്രദേശ ങ്ങളിലെ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ ഇതുവരെയും ശരിയായ വിധത്തിൽ ജനസംഖ്യാ കണക്കെടുപ്പ് നട ന്നിട്ടില്ല. 2001-ലെ സർവേ കാലഘട്ടത്തിൽ നാഗ സായുധ സേനയും സൈന്യവും തമ്മിലുള്ള പോരാട്ടം നടന്നിരുന്നതിനാൽ ഉദ്യോഗസ്ഥർക്ക് പല ഗ്രാമങ്ങ ളിലും എത്തിച്ചേരാൻ കഴിയുമായിരുന്നില്ല. മണിപ്പൂർ സർക്കാരിന്റെ അനാസ്ഥയും, ജനങ്ങളുടെ അജ്ഞ തയും അനേകർ കണക്കിൽപ്പെടാത്ത പോകാൻ കാരണമായിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു. ഇതേ കാരണത്താൽ തന്നെ ശരിയായ ഒരു കണക്കെടുപ്പ് ഇനിയെങ്കിലും നടത്തിയാൽ മലമ്പ്രദേശങ്ങളിലെ ഉൾഗ്രാമങ്ങളിലെ ജനസംഖ്യ ഇനിയും ഉയരുമെന്ന് തീർച്ചയാണ്. നിരക്ഷരത, മരണനിരക്കിന്റെ കുറവ്, വികസനമില്ലായ്മ തുടങ്ങിയവയും അത്തരം ഗ്രാമങ്ങ ളിലെ ജനസംഖ്യ കുത്തനെ ഉയർത്തിയിട്ടുണ്ട് എന്നും തിമോത്തി സിമിക് പറയുന്നു. അതേസമയം, പുറമെ നിന്നുള്ള അനധികൃത കുടിയേറ്റത്തിനുള്ള സാധ്യത കൾ അദ്ദേഹം നിരാകരിക്കുന്നു.

**പ്രതിഷേധങ്ങൾക്ക് പിന്നിൽ**

ഇത്തരത്തിൽ വിവിധ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ കടുത്ത അരക്ഷിതാവസ്ഥയിലാ യിരുന്നു മണിപ്പൂരിലെ ഗോത്രജനവിഭാഗങ്ങൾ. പ്രത്യേകിച്ച് കുക്കി വംശജരാണ് കഴിഞ്ഞ ചില മാസങ്ങളായി ഭരണകൂട നടപടികൾക്കൊണ്ട് പൊറു തിമുട്ടിയിരുന്നത്. പ്രധാനമായും വ്യാപകമായി നേരിട്ടു കൊണ്ടിരുന്ന കുടിയിറക്ക് ഭീഷണിയുടെ പശ്ചാത്തല ത്തിൽ, നിരവധി പ്രതിഷേധ പരിപാടികൾ പലപ്പോ ഴായി നടന്നിരുന്നു. കഴിഞ്ഞ മാർച്ച് 10 ന് ചുരാചന്ദ്പൂർ, ഉക്‌റുൾ, കാങ്പോക്പി, തെങ്നൗപാൽ, ജിരിബാം, ടാമെങ്‌ലോങ്ങ് തുടങ്ങി നിരവധി ജില്ലകളിൽ ആയിരക്കണക്കിന് പേർ അണിനിരന്ന പ്രതിഷേധ റാലികൾ നടന്നിരുന്നു. ബിജെപി സർക്കാർ തങ്ങൾ ക്കെതിരെ നീക്കങ്ങൾ നടത്തുന്നതായുള്ള തിരിച്ചറി വിലാണ് അവർ പ്രതിഷേധത്തിന് അണിനിരന്നത്. കുടിയിറക്കിന് എതിരെയുള്ള മുദ്രാവാക്യങ്ങളാണ് അവർ മുഴക്കിയത്. കുക്കികൾ ഉൾപ്പെടുന്ന ഇൻഡി ജെനസ് ട്രൈബൽ ലീഡേഴ്സ് ഫോറമാണ് റാലിക്ക് ആഹ്വാനം ചെയ്തത്.

അതിന് പിറ്റേദിവസം, മാർച്ച് 11 ന് കുക്കി നാഷണൽ ആർമിയും, സോമി റെവല്യൂഷനറി ആർമിയും സർക്കാരുമായുണ്ടായിരുന്ന വെടിനിർത്തൽ കരാറിൽനിന്ന് മണിപ്പൂർ സർക്കാർ പിന്മാറി. കേന്ദ്ര, സംസ്ഥാന സർക്കാരുകളും രണ്ട് പ്രാദേശിക സമാന്തര സായുധ സേനകളും തമ്മിലുണ്ടായിരുന്ന ആ കരാർ 2008 മുതൽ പ്രാബല്യത്തിലുണ്ടായിരുന്നതാണ്. മാർച്ച് പത്തിന് നടന്ന റാലികൾക്ക് പിന്നിലെ പ്രേരക ശക്തി അവരായിരുന്നു എന്നാണ് സർക്കാർ ഉന്നയിച്ച ആരോ പണം. മാസങ്ങളായി ഗോത്രവിഭാഗക്കാർ ഉന്നയിച്ചു കൊണ്ടിരുന്ന ഇത്തരം ആശങ്കകളുമായി ബന്ധപ്പെട്ട് പിന്നീടും പ്രതിഷേധങ്ങൾ പലതും നടന്നിരുന്നു. പരാതികളിൽ സർക്കാർ പരിഹാരം കണ്ടെത്താ ത്തതിൽ പ്രതിഷേധിച്ച് ഏപ്രിൽ 28 വെള്ളിയാഴ്ച ചുരാചന്ദ്പൂർ ജില്ലയിൽ ഇൻഡിജെനസ് ട്രൈബൽ ലീഡേഴ്സ് ഫോറം ബന്ദ് ആഹ്വാനം ചെയ്തിരുന്നു. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ഇത്തരം വിവിധ പ്രശ്നങ്ങളും അനുബന്ധ പ്രതിഷേധങ്ങളും സംസ്ഥാനമൊട്ടാകെ പടർന്നുകൊണ്ടിരുന്നത് വിവിധ സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. ഏപ്രിൽ അവസാന ആഴ്ച വരെയും മേൽപ്പറഞ്ഞ പ്രതിസന്ധികൾക്കു പരിഹാരം കണ്ടെത്താനാണ് കുക്കി ഗോത്ര വംശജർ പരിശ്രമിച്ചത്.

ഏപ്രിൽ 20 നാണ്, മെയ്തെയികളിൽ ഒരു വിഭാഗം പേർ കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഉന്നയിച്ചുകൊണ്ടി രുന്ന, പട്ടികവർഗ്ഗ സംവരണം എന്ന ആവശ്യത്തിന് അനുകൂലമായ ഒരു ഹൈക്കോടതി നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്. എന്നാൽ, മെയ് തെയികളിൽ തന്നെ ഒരു വിഭാഗം പട്ടികവർഗ്ഗ സംവര ണത്തിന് എതിരാണ് എന്നുള്ളത് മറ്റൊരു വാസ്തവ മാണ്. കോടതി നിർദ്ദേശം പ്രകാരം, സംസ്ഥാന സർക്കാർ നാല് ആഴ്ചകൾക്കുള്ളിൽ ഈ വിഷയം അനുഭാവപൂർവ്വം പരിഗണിക്കുകയും കേന്ദ്ര സർക്കാ രിന് ശുപാർശ നൽകുകയും വേണ്ടിയിരുന്നു. എന്നാൽ ഈ ഹൈക്കോടതി ഇടപെടലിനെ മെയ് 17-ന് സുപ്രീംകോടതി തള്ളിപ്പറയുകയും നിശിതമായി വിമർശിക്കുകയും ചെയ്തു. ഏപ്രിൽ 20-ലെ ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ടായിരുന്ന കലുഷിതമായ അവസ്ഥയെ അൽപ്പംകൂടി രൂക്ഷമാക്കി എന്നുള്ളത് വാസ്തവമാണ്. എന്നാൽ, തുടർന്ന് സംഭവിച്ചവയ്ക്ക് കാരണം മെയ്തെയികൾക്ക് പട്ടിക വർഗ്ഗ സംവരണം ലഭിച്ചേക്കാം എന്ന കുക്കികളുടെ ആശങ്കയാണെന്ന് വിലയിരുത്താനാവില്ല. അതിനാൽ ത്തന്നെ മെയ് മൂന്ന് മുതൽ സംഭവിച്ച സംഘർഷം ഒരു വംശീയ കലാപമാണ് എന്ന് കരുതുന്നതിൽ യുക്തി യില്ല. എന്നാൽ, മണിപ്പൂരിൽ സംഭവിച്ചതും ഇപ്പോഴും തുടരുന്നതും വംശീയ സംഘർഷമാണ് എന്ന് സ്ഥാപി ച്ചെടുക്കാൻ അനേകർ കഠിനമായി പ്രയത്നിച്ചു കൊണ്ടിരിക്കുന്നു.

**മണിപ്പൂരിലെ അക്രമസംഭവങ്ങൾ**

മണിപ്പൂരിൽ കഴിഞ്ഞ മെയ് മൂന്ന് മുതൽ സംഭവിച്ചു കൊണ്ടിരിക്കുന്ന അക്രമസംഭവങ്ങൾ വെളിപ്പെടുത്തുന്ന ചില യഥാർത്ഥ്യങ്ങളുണ്ട്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ, രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള പോരാട്ടം എന്നതിന പ്പുറമുള്ള ചില മാനങ്ങൾ അക്രമ പരമ്പരകൾക്കുണ്ട് എന്ന് വ്യക്തമാകും. മെയ്തെയി ഭൂരിപക്ഷ മേഖലകളി

www.malankaralibrary.com

ലാണ് കൂടുതലും ആക്രമണങ്ങൾ നടന്നത് എന്നതിനാൽ, മുന്നൂറിലേറെ ക്രൈസ്തവ ദേവാലയങ്ങൾ തകർക്കപ്പെട്ടതിൽ 247 എണ്ണവും മെയ്തെയി ക്രൈസ്ത വരുടെ പള്ളികളാണ്. ഇത്രമാത്രം പള്ളികൾ തകർക്ക പ്പെട്ടെങ്കിലും മെയ്തെയി ക്രൈസ്തവർ ആരും കൊല്ലപ്പെടാതിരുന്നതിനാലാണ് ഈ വിഷയം മാധ്യ മശ്രദ്ധയിൽ പെടാതെ പോയത്. വ്യക്തമായ ആസൂത്രണം അക്കാര്യത്തിലുണ്ടായിരുന്നു എന്നുള്ളത് വ്യക്തമാണ്. അക്രമസംഭവങ്ങൾക്ക് ശേഷം, മെയ്തെയി ഭൂരിപക്ഷ മേഖലകളിൽനിന്ന് കുക്കികൾ പിൻവാങ്ങിയതിനാൽ, അവരുടെ ജീവൻ ഏറെക്കുറെ സുരക്ഷിതമാണെങ്കിലും മെയ്തെയി ഹിന്ദുക്കൾക്കിടയിൽ തന്നെ തുടരാൻ നിർബ്ബന്ധിതരായ മെയ് തെയി ക്രൈസ്തവർ കടുത്ത ഭീഷണിയിലാണ് കഴിയുന്നത്. ഭീതികൂടാതെ ജീവിക്കണമെങ്കിൽ മതപരിവർത്തനം നടത്തണമെന്ന സമ്മർദ്ദം അവർക്കു മേൽ വർധിച്ചു കൊണ്ടിരിക്കുന്നു.

വലിയ സംഘങ്ങളായെത്തിയ 'അരംബായ് തെങ്കോൾ', 'മെയ്തെയി ലീപൂൺ' തുടങ്ങിയ മെയ്തെയി ഗ്രൂപ്പുകളിലെ അംഗങ്ങളാണ് കുക്കികൾക്ക് എതിരെയുള്ള അക്രമങ്ങൾക്ക് നേതൃത്വം നൽകിയതിലെ പ്രധാനികൾ. പലപ്പോഴായി അവർ പോലീസ് സ്റ്റേഷൻ കൊള്ളയടിക്കുകയും ആയുധങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തിരുന്നു. മെയ് 28 നാണ് ഏറ്റവുമൊടുവിൽ അവർ പോലീസ് സ്റ്റേഷൻ ആക്രമിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. തങ്ങൾക്കിടയിലെ ഒരു വിഭാഗം ക്രൈസ്തവ വിശ്വാസികളായി തുടരുന്നത് മെയ്തെയി സംസ്കാരത്തിന് ദോഷകരമാണ് എന്ന ആശയ പ്രചാരണം ഇത്തരം സംഘടനകൾ കുറച്ചുകാലമായി നടത്തിവന്നിരുന്നു. എന്നാൽ, മെയ്തെയി സംസ്കാരത്തിന്റെ ഔദ്യോഗിക മതമായ സനാമഹിസം, അഥവാ, മെയ്തെയിസം പിന്തുടരുന്ന മെയ്തെയികൾ കേവലം പതിനാല് ശതമാനം മാത്രമാണ് എന്നുള്ളതാണ് വാസ്തവം. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മണിപ്പൂർ രാജാവായിരുന്ന പാംഹെയ്ബ ഹിന്ദുമതം സ്വീകരിച്ചതോടെയാണ് ഭൂരിഭാഗം മെയ്തെയികളും ഹിന്ദുമത വിശ്വാസികളായത്. 1990 കളുടെ ആരംഭത്തിൽ സനാമഹിസത്തിലേയ്ക്ക് തിരിച്ചുപോകാനായുള്ള തീവ്ര യത്നങ്ങൾ പീപ്പിൾസ് ലിബറേഷൻ ആർമി (മണിപ്പൂർ) യുടെ നേതൃത്വത്തിൽ നടന്നിരുന്നു. അക്കാലത്ത് യാഥാസ്ഥിതികരായ മെയ്തെയികൾ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം മത വിശ്വാസങ്ങളെ ഒരുപോലെ എതിർത്തിരുന്നെങ്കിൽ, മെയ്തെയികൾക്കിടയിൽ ഹിന്ദുത്വവാദം ശക്തമായിരിക്കുന്ന പ്രതിഭാസമാണ് ഇപ്പോൾ കാണപ്പെടുന്നത്. അതിന് പിന്നിലെ സംഘപരിവാർ-ബിജെപി ഇടപെടലുകളും അടിയൊഴുക്കും വ്യക്തമാണ്. ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം വളർത്തിക്കൊണ്ടു വന്ന് ഉറപ്പുള്ള വോട്ട് ബാങ്കാക്കി മണിപ്പൂരിനെ മാറ്റിയെടുക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമാണ് ഇത്തരം നീക്കങ്ങൾ എന്ന് സ്വാഭാവികമായും സംശയിക്കാം.

കഴിഞ്ഞ മെയ് മൂന്നിന് ശേഷം നൂറ്റി അറുപതിൽപ്പരം പേർ ഇതിനകം കൊലചെയ്യപ്പെട്ടു എന്നാണ് മണിപ്പൂരിലെ പ്രാദേശിക മാധ്യമങ്ങൾ പുറത്തുവിട്ടിരിക്കുന്ന കണക്ക്. യഥാർത്ഥ സംഖ്യ അതിലും അധികമായിരിക്കാനാണ് സാധ്യത. നാൽപ്പത്തയ്യായിരത്തോളം പേർ അഭയാർത്ഥി ക്യാമ്പുകളിൽ തുടരുന്നു. പതിനായിരത്തോളം പേർ മറ്റു സംസ്ഥാനങ്ങളിൽ അഭയം തേടിയിരിക്കുന്നു. സ്വത്തും സമ്പാദ്യവും മുഴുവൻ നഷ്ടപ്പെട്ട് ഇനി ഒരു തിരിച്ചുവരവില്ല എന്ന് ഉറപ്പിച്ച് നിരാശയിൽ കഴിയുന്നവരിൽ മണിപ്പൂരിൽ ഉയർന്ന ഉദ്യോഗ പദവികളിലുണ്ടായിരുന്നവർ വരെയുണ്ട്. ഇംഫാലിൽ താമസമാക്കിയിരുന്ന മണിപ്പൂർ സംസ്ഥാന ഗോത്രവർഗ്ഗ കമ്മീഷൻ മുൻ അംഗം ഡോ. താര മഞ്ചിൻ ഹാങ്സോ തനിക്കുണ്ടായ അനുഭവങ്ങൾ മാധ്യമങ്ങൾക്ക് മുന്നിൽ വിവരിച്ചിരുന്നു. ആദ്യ കലാപ ദിവസങ്ങളിൽ അവരുടെ എല്ലാ സൗകര്യങ്ങളോടും കൂടിയ വീടും വാഹനങ്ങളും അക്രമികൾ അഗ്നിക്കിരയാക്കുകയാണുണ്ടായത്. ജീവൻ രക്ഷിക്കാനായി രണ്ടു രാവും പകലും തെരുവിലൂടെ അലഞ്ഞ അവരും കുടുംബവും ഒടുവിൽ ഡൽഹിയിലേക്ക് പോവുകയായിരുന്നു. ഇതുപോലുള്ള ദുരനുഭവങ്ങളുടെ കഥകൾ പതിനായിരങ്ങൾക്ക് പറയാനുണ്ട്.

**മറ്റുചില യാഥാർത്ഥ്യങ്ങൾ**

മണിപ്പൂരിലെ വരേണ്യ വർഗ്ഗമായ മെയ്തെയികൾക്കിടയിൽ ഗോത്ര വർഗ്ഗക്കാരോട് രൂപപ്പെട്ട വിരുദ്ധ വികാരമാണ് മെയ്മാസത്തെ കലാപകലുഷിതമാക്കിയത്. അടിസ്ഥാനരഹിതമായ ഒരു അവകാശ ബോധവും അസ്വാഭാവികമായ സ്വത്വബോധവും അവർക്കിടയിൽ സമീപകാലത്തായി വളർന്നുവന്നിരുന്നു. തങ്ങളുടെ അവകാശങ്ങളും സ്വത്വവും നിലനിർത്താൻ പട്ടികവർഗ്ഗ സംവരണം വേണമെന്ന ആവശ്യമായിരുന്നു കഴിഞ്ഞ ഒരു പതിറ്റാണ്ടായി അവരുടെ ആവശ്യം. എന്നാൽ, അതിനുമുമ്പ് ഇതേ ആവശ്യങ്ങൾക്കായി സ്വന്തം രാജ്യം അനുവദിച്ചു കിട്ടാൻ പതിറ്റാണ്ടുകളോളം അവർ രാജ്യത്തോട് യുദ്ധം ചെയ്തിരുന്നു. 1964 ൽ ആരംഭം കുറിച്ച യുണൈറ്റഡ് നാഷണൽ ലിബറേഷൻ ഫ്രണ്ട് മുതൽ പീപ്പിൾസ് ലിബറേഷൻ ആർമി (മണിപ്പൂർ) വരെ നിരവധി സായുധ വിഘടനവാദ ഗ്രൂപ്പുകൾ ഈ ആവശ്യത്തി നായി മെയ്തെയികൾക്കിടയിൽനിന്ന് രൂപംകൊണ്ടി രുന്നു. ഭരണകൂടത്തിന് എതിരായുള്ള നീക്കങ്ങൾ ഗോത്രവർഗ്ഗക്കാർക്കെതിരെയുള്ള നീക്കങ്ങളായി മാറിയ ഒരു പ്രത്യേകതരം പരിണാമം കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ മെയ്തെയികളിൽ സംഭവിച്ച തായി കാണാൻ കഴിയും. പ്രത്യേകിച്ച് ബിജെപി അധികാരത്തിൽ വന്നതിന് ശേഷമാണ് ഇത്തരം മാറ്റങ്ങൾ അവർക്കിടയിൽ സംഭവിച്ചത് എന്നുള്ളത് വ്യക്തമാണ്. മെയ് മൂന്ന് മുതലുള്ള ദിവസങ്ങളിലെ അക്രമസംഭവങ്ങളിൽ മെയ്തെയി അക്രമ സംഘങ്ങൾ കുക്കികൾക്കുമേൽ അഴിഞ്ഞാട്ടം നടത്തിയതും മുന്നൂറിൽപ്പരം ക്രൈസ്തവ ദേവാലയങ്ങൾ തകർ ത്തതും ബിജെപി

www.malankaralibrary.com



സർക്കാരും നിയമപാലകരും അക്ഷരാർത്ഥത്തിൽ കൈകെട്ടി നോക്കി നിൽക്കുകയായിരുന്നു എന്നു വേണം പറയാൻ.

മെയ് മൂന്ന് മുതലുള്ള ദിവസങ്ങളിൽ ഇരു വിഭാഗങ്ങളും പരസ്പരം ആക്രമിക്കപ്പെടുകയുണ്ടായെങ്കിലും കുക്കികൾക്ക് എതിരെ സംഘടിതമായ അക്രമണ പരമ്പരകളാണ് ആ ദിവസങ്ങളിലും തുടർന്നും അരങ്ങേറിയത്. ആയുധധാരികളായ ആൾക്കൂട്ടങ്ങളാണ് ഒരേ സമയം പലയിടങ്ങളിലായി അക്രമങ്ങൾക്ക് നേതൃത്വം നൽകിയത്. ഈ സംഘടിത സ്വഭാവം കലാപത്തിന് പിന്നിൽ വ്യക്തമായ ആസൂത്രണമുണ്ട് എന്നുള്ളതിന് സൂചന നൽകുന്നുണ്ട്. ഏതാനും ആഴ്ചകൾക്ക് മുമ്പ് വർഗ്ഗീയ വിദ്വേഷം ആളിക്കത്തിക്കുന്ന രീതിയിൽ രാമാനന്ദ എന്ന വ്യക്തി പ്രസംഗിച്ചതും, തങ്ങളുടെ സ്വത്വവും സംസ്കാരവും മതവിശ്വാസവും സംരക്ഷിക്കുമെന്ന് ഒരു വിഭാഗം മെയ്തെയികൾ പ്രതിജ്ഞയെടുത്തതും ഇത്തരമൊരു കലാപത്തിന് ഒരുക്കമായി വിലയിരുത്തപ്പെടുന്നുണ്ട്. വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് ഒടുവിൽ രാമാനന്ദ മാപ്പു പറയുകയുണ്ടായെങ്കിലും മെയ്തെയികൾക്കിടയിൽ ക്രൈസ്തവ വിദ്വേഷം വ്യാപിക്കുന്നതായി സൂചനകളുണ്ടായിരുന്നു. തീവ്ര ഹിന്ദുത്വ പ്രത്യയശാസ്ത്രമുള്ള ചില സംഘടനകൾ കഴിഞ്ഞ കുറച്ചുകാലങ്ങളായി മെയ്തെയികൾക്കിടയിൽ പ്രവർത്തിച്ചുവന്നിരുന്നു.

ഇത്തരമൊരു സംഘർഷാവസ്ഥ രൂപപ്പെടാനുള്ള കാരണങ്ങൾ പലതുണ്ടായിരുന്നു എങ്കിലും അതിനെ ഒരു വർഗ്ഗീയ കലാപത്തിന്റെ രൂപഭാവങ്ങളിലേയ്ക്ക് എത്തിച്ചതിന് പിന്നിൽ ചില നിഗൂഢമായ ഇടപെടലുകൾ പലരും സംശയിക്കുന്നു. അത്തരമൊരു നിറം മാറ്റമാണ് പുതിയ കലാപത്തെ കൂടുതൽ ആശങ്കാജനകമായും അപകടകരമായും മാറ്റിയത്. ഒരു ശാശ്വത പരിഹാരത്തിന് തടസമായി നിൽക്കുന്നതും ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വർഗ്ഗീയ ധ്രുവീകരണം തന്നെയാണ്. മെയ്തെയി വംശജനായ മണിപ്പൂർ മുഖ്യമന്ത്രി എൻ. ബിരേൻ സിംഗിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ നയങ്ങൾക്കും നിലപാട് മാറ്റങ്ങൾക്കും അതിൽ വലിയ പങ്കുണ്ട്. വലിയ വാഗ്ദാനങ്ങൾ നൽകി ഇലക്ഷൻ പ്രചാരണം നടത്തി അധികാരത്തിലേക്കെത്തുകയും അധികാരമുറപ്പിച്ചുകഴിഞ്ഞാൽ നിറം മാറുകയും ചെയ്യുന്ന ബിജെപിയുടെ മുഖമാണ് മണിപ്പൂരിൽ വ്യക്തമാകുന്നത്.

ന്യൂനപക്ഷ സംരക്ഷണം ഉറപ്പുനൽകിക്കൊണ്ടുള്ള പ്രഖ്യാപനങ്ങളും പ്രചരണങ്ങളും ഒരു വശത്ത് പുരോഗമിക്കുമ്പോഴും അതിന് വിരുദ്ധമായ നീക്കങ്ങളാണ് ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയും മറ്റ് സംഘപരിവാർ സംഘടനകളും നടത്തിവരുന്നത് എന്നുള്ളതിന് മണിപ്പൂർ സാക്ഷ്യം നൽകുന്നു. സമാനമായ ഭീഷണികളാണ് ബിജെപി ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലും ക്രൈസ്തവരും ഇതര ന്യൂനപക്ഷ മത വിഭാഗങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നത്. തീവ്ര ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയിലുള്ള സ്വാധീനം ദിനംപ്രതി വ്യക്തമാവുകയാണ്. അത്തരം സംഘടനകളുടെ സ്വാധീനം മറ്റു വിവിധ സംസ്ഥാനങ്ങളിൽ എന്നതുപോലെ മണിപ്പൂരിലെ ബിജെപിയുടെ രാഷ്ട്രീയ നിലപാടുകളിലും പ്രകടമാണ്. ആ അർത്ഥത്തിൽ മണിപ്പൂരിൽ സംഭവിച്ചത് ഒരു പാഠമായി ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും കാണേണ്ടതുണ്ട്. പ്രത്യേകിച്ച് കേരളത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാലഘട്ടത്തിൽ നടക്കുന്ന വ്യാപക പ്രചാരണങ്ങൾക്കും വാഗ്ദാനപ്പെരുമഴകൾക്കും പിന്നിൽ മറഞ്ഞിരിക്കുന്ന അപകട സാധ്യതകളെ വിവേകത്തോടെ ഉൾക്കൊള്ളാൻ ജനാധിപത്യത്തെ മാനിക്കുന്ന ഓരോ പൗരനും കടമയുണ്ട്.

www.malankaralibrary.com





# ഉടയുന്ന ബിംബങ്ങൾ

'ആസന്നമായ ദുരന്തത്തെ അഭിമുഖീകരിക്കുമ്പോൾ ദുർബലമായ പ്രവർത്തനം വിവേകശൂന്യവും നിഷ്ക്രിയത്വം അപകടകരവുമാണ്.'

കെനിയൻ പ്രസിഡന്റ്
വില്യം റൂട്ടോ.

**ഡോ. റൂബിൾ രാജ്**



മറ്റൊരു സാഹചര്യത്തിലെ പരാമർശമാണെങ്കിലും കേരളത്തിലെ വിദ്യാഭ്യാസം സംബന്ധിച്ചും അനുയോജ്യമാണ് ഈ പ്രസ്ഥാവന. സാമൂഹ്യവിരുദ്ധർ കളം നിറഞ്ഞു കളിക്കുകയും സാമൂഹ്യ സ്നേഹികൾ നിശബ്ദരോ നിഷ്ക്രിയരോ ആയിരിക്കുന്ന വർത്തമാനകാല ദുരന്തത്തിലൂടെയാണ് കേരളത്തിലെ വിദ്യാഭ്യാസമേഖലയും കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്.

വിദ്യാഭ്യാസത്തെക്കൂടി ഉൾച്ചേർത്ത് കേരളാ മോഡലെന്ന് വീമ്പ് പറയുന്നവരാണ് നമ്മുടെ അധികാരികൾ. വിദ്യാഭ്യാസ, ആരോഗ്യരംഗങ്ങളിലെ സാർവ്വദേശീയ വൽക്കരണവും സംലഭ്യതയുമാണ് കേരളാ മോഡലിന്റെ അടിത്തറ. ഒപ്പം മികവിനായുള്ള നൂതന സംരംഭങ്ങളും. പൊതുമേഖലയും സ്വകാര്യമേഖലയും സഹവർത്തിത്തോടെ കൈകോർക്കുന്നതും കേരളാ മോഡലിന്റെ എടുത്തു പറയേണ്ട പ്രത്യേകതയാണ്. മികവും മാർക്കും മുൻനിറുത്തിയുള്ള സംഘാത ശ്രമങ്ങളും കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ വ്യതിരക്തമാക്കിയിരുന്നു.

എന്നാൽ, ഇപ്പോൾ കേരളാ മോഡൽ എന്നതിന്റെ അർത്ഥം മാറിമറിഞ്ഞിരിക്കുന്നു. ഭരണകക്ഷിയുടെ പ്രത്യയശാസ്ത്ര പ്രയോഗ കേന്ദ്രങ്ങളായും, സഖാക്കളുടെയും സഹയാത്രികരുടെയും ഇടങ്ങളായും സർവ്വകലാശാലകൾ മാറുന്നു. കൂടെ നിൽക്കുന്നവരെ സഹായിക്കാൻ നിയമം തന്നെ എടുത്തുമാറ്റുന്നു. സർവ്വകലാശാലകൾ ദേശീയ റേറ്റിങ്ങ് ഒപ്പിച്ചെടുക്കുകയാണെന്ന് ചാൻസിലർ കൂടിയായ ഗവർണർ ആരോപണം ഉന്നയിക്കുന്നു. പരീക്ഷാപേപ്പർ വിലയിരുത്താതെ

www.malankaralibrary.com



റിസൾട്ട് പ്രഖ്യാപിക്കുന്നു. അതീവ സുരക്ഷിതമായ സൂക്ഷിക്കേണ്ട ഡിഗ്രി സർട്ടിഫിക്കറ്റുകൾ മോഷണം പോകുന്നു, കുട്ടി സഖാക്കൾക്കുവേണ്ടി യൂണിയൻ തെരഞ്ഞെടുപ്പ് ഫലങ്ങൾ അട്ടിമറിക്കുന്നു. ചുമപ്പ് കൊടിപിടിക്കുന്നവരുടെ വ്യാജ ബിരുദം അംഗീകരിക്കുന്നു. നിലവാരമില്ലാത്ത ഗവേഷണ പ്രബന്ധങ്ങൾക്ക് പി.എച്ച്.ഡി. നൽകുന്നു എന്ന് വേണ്ട, ഒരു സർവ്വകലാശാലയിൽ ഒരിക്കലും നടക്കരുതാത്ത കാര്യങ്ങൾ പതിവാകുന്നു. മൂക്കുകുത്തി വീണുകിടക്കുന്ന 'വിദ്യാഭ്യാസം കേരളാ മോഡലി'നെ സഹതാപത്തോടും ധാർമ്മിക രോഷത്തോടുമാണ് കേരളത്തിലെ പൊതു സമൂഹം നോക്കി കാണുന്നത്.

വിദ്യാഭ്യാസത്തിന് വേരുപടർത്താൻ ഏറെ വളക്കൂറുള്ള മണ്ണാണ് കേരളത്തിന്റേത്. കളരിയും, ഗുരുകുലവും മിഷണറി സംഭാവനകളും, നവോത്ഥാന നായകരുടെ പിൻബലവും, സർക്കാരുകളുടെ പ്രോത്സാഹനവും, വിവിധ മത സംഘടനകളുടെ വിദ്യാഭ്യാസ സംരംഭങ്ങളും, വിദ്യയെ രക്ഷാമാർഗ്ഗമായി കണ്ട മലയാളിയുടെ മനോഭാവവും, കേരളത്തിൽ വിദ്യാഭ്യാസ വ്യാപനത്തിന് കാരണമായി.

'വിദ്യാഭ്യാസം സമൃദ്ധിയിൽ ഒരാഭരണവും, ആപത്തിൽ ഒരാശ്രയുമാണെന്ന്' അരിസ്റ്റോട്ടിലിന്റെ വാക്കുകളെ ജീവിതം കൊണ്ട് തെളിയിച്ചവനാണ് മലയാളി. പഠിച്ച കലാലയത്തിന്റെ പേരിൽ അഭിമാനം കൊണ്ടിരുന്നവനാണ് മലയാളി. പഠിച്ച കലാലയത്തിന്റെ മുമ്പിലൂടെ പോകുമ്പോൾ, ബഹുമാനപുരസ്സരം തലകുനിച്ചിരുന്ന പാരമ്പര്യമാണ് മലയാളിയുടേത്.

പക്ഷേ ഇന്ന് കാലം മാറി, കഥയും. മക്കളെയും കൊച്ചുമക്കളെയും പഠിപ്പിക്കുവാൻ കലാലയങ്ങൾ തേടുന്നത് കേരളത്തിനു പുറത്തും, എന്തിന് ഇന്ത്യയ്ക്ക് പുറത്തുമാണ്. അവന്റെ പ്രഥമ പരിഗണയിൽ കേരളത്തിലെ കലാലയങ്ങളില്ല. പഴമകൊണ്ടും മികവുകൊണ്ടും മുന്നിൽ നിൽക്കുന്ന കലാലയങ്ങളിൽ പോലും ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന വാർത്ത് അത്ഭുതത്തോടെയല്ല, സങ്കടത്തോടെയാണ് നാം വായിക്കേണ്ടത്. 2023 ൽ പുറത്തിറങ്ങിയ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഒരു പഠനത്തിൽ ഏകദേശം 80000 ഓളം ബിരുദ സീറ്റുകൾ കേരളത്തിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് കണ്ടെത്തിയിരുന്നു. ഇതോടൊപ്പം 2022ൽ കേരളത്തിൽ 51000 എൻജിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു എന്നുകൂടി കൂട്ടി വായിക്കണം.

ലഭ്യമായ കണക്കനുസരിച്ച് കേരളത്തിൽ 66 ഗവൺമെന്റ് ആർട്ട്സ് ആൻഡ് സയൻസ് കോളജുകളും 164 കോളജുകളുണ്ട്. ഏതാണ്ട് എല്ലാ കലാലയങ്ങളിലും വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. എന്നാൽ രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിക്കുകയും, അച്ചടക്കം കണിശമായി നടപ്പാക്കാതിരിക്കുകയും, വിദ്യാർത്ഥികൾക്ക് പരമാവധി സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുന്ന കലാലയങ്ങളിലേക്ക് വിദ്യാർത്ഥികൾ എത്തുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, സമർത്ഥരിൽ ഒരു വലിയ പങ്കും ഇതര ഇടങ്ങളിലേക്ക് ചേക്കേറുകയാണ്. ബ്യൂറോ ഓഫ് ഇമിഗ്രേഷന്റെ കണക്കുപ്രകാരം 2022 നവംബർ 30 വരെ തൻവർഷം കടൽ കടന്നത് 6,48,678 ഇന്ത്യൻ വിദ്യാർത്ഥികളാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഏറ്റവും കൂടുതലാണിത്. അതിൽ നല്ലൊരു പങ്കും മലയാളി വിദ്യാർത്ഥികളാണ് എന്നതിൽ സംശയമില്ല. അവരുടെ സംഖ്യ ഒരു വർഷം 30000 ത്തിന് അടുത്തുവരും. കാനഡ, ആസ്ട്രേലിയ, യുകെ, അമേരിക്ക, ന്യൂസിലാൻഡ് മുതലായവയാണ് നമ്മുടെ കുട്ടികളുടെ ഇഷ്ട ലാവണങ്ങൾ.

വിദേശത്ത് പോകുന്ന ഇന്ത്യൻ വിദ്യാർത്ഥികളോട് കാരണം അന്വേഷിച്ചാൽ കൂടുതൽ പേരും ജീവിത നിലവാരം മെച്ചപ്പെടുത്താൻ എന്നാണ് പറയുക. അതിന്റെ അർത്ഥം ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായകരമായ കോഴ്സുകൾ പഠിച്ച് ജോലി സമ്പാദിക്കുക എന്നാണ്. ഒപ്പം, പാർട്ട് ടൈം ജോലി ചെയ്ത് പണം സമ്പാദിക്കുകയെന്നും. ഈ വാദം അംഗീകരിച്ച് നാം സംതൃപ്തരായിരുന്നാൽ, സത്യത്തെ മനഃപൂർവ്വം നാം തിരസ്കരിക്കുകയായിരിക്കും ചെയ്യുന്നത്. വാദത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് വെളിച്ചവുമായി കടന്നു ചെന്നാൽ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ പുറത്തുവരും.

കേരളത്തിൽ നടമാടുന്ന അക്കാദമിക മുരടിപ്പാണ് പ്രധാനകാരണം. സൈദ്ധാന്തിക പിടിവാശിയും, വിദ്യാഭ്യാസ പ്രവർത്തകരുടെ ബൗദ്ധിക പാപ്പരത്തവും കാരണമില്ലാത്ത കാലതാമസങ്ങളും, ആലോചനയില്ലാത്ത പരിഷ്കാര ങ്ങളും മുരടിപ്പിന്റെ ആക്കം കൂട്ടുന്നു. പരീക്ഷാ നടത്തിപ്പിലും, വാലു വേഷനിലും ഫല പ്രഖ്യാപനത്തിലു മുണ്ടാകുന്ന അകാരണ താമസം




www.malankaralibrary.com

മൂലം ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ട്.

ബിരുദവും ജോലിയും തമ്മിൽ ബന്ധമില്ലാത്തതും, പഠനത്തിൽ പ്രായോഗിക പാഠങ്ങളുടെ കുറവും, പോർഷൻ തീരാതെയുള്ള പരീക്ഷാ നടത്തിപ്പും വിദ്യാർത്ഥികളെ സംസ്ഥാനം വിടാൻ പ്രേരിപ്പിക്കുന്നു. ഇന്റേണൽ മാർക്ക് ആയുധമാക്കി ചില അദ്ധ്യാപകരെങ്കിലും കുട്ടികളെ പീഢിപ്പിക്കുന്ന വാർത്തകളും നമ്മുടെ കാമ്പസുകളിൽ നിന്ന് ഉയരുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ഇത്തരം പ്രശ്നങ്ങളൊക്കെ സ്വാഭാവിക മെന്നോ, പ്രതിപക്ഷത്തിന്റെ ആരോപണം മാത്രമെന്നോ വാദം ഉയർത്തി തൃണവൽക്കരിക്കുന്നത് സംസ്ഥാനത്ത് പതിവാണ്.

വിദ്യാഭ്യാസം, ഗൗരവമായ പഠനത്തിനോ ചർച്ചക്കോ, വിധേയമാക്കാത്ത ഒരു സംസ്ഥാനം അനുഭവിക്കേണ്ട ദുരന്തം കൂടിയാണിത്. അടച്ചിട്ട ജനാലകൾക്കു പകരം തുറന്നിട്ട് വാതായനങ്ങളാണ് വിദ്യാഭ്യാസ ലോകത്തിനുണ്ടാവേണ്ടത്. കൊടിയുടെയും ശാക്തിക ചേരിയുടെയും നിറം നോക്കി പരീക്ഷിച്ചു വിജയിച്ച മാതൃകകൾ നാം അവഗണിക്കുമ്പോൾ തലമുറകൾക്കാണ് നഷ്ടം സംഭവിക്കുന്നതെന്ന് നാം വിസ്മരിക്കരുത്.

കേരളത്തെ ഒരു വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റി വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുമെന്ന അധികാരികളുടെ പ്രഖ്യാപനം പരിഹാസത്തോടെയാണ് നമ്മുടെ വിദ്യാർത്ഥികൾ കാണുന്നത്. ഇവിടെയുള്ളവരെ പിടിച്ചുനിർത്താൻ സാധിക്കാത്തവർ, വിദേശ വിദ്യർത്ഥികളെ എന്ത് കാണിച്ച് ആകർഷിക്കുമെന്നാണ് അവരുടെ ചോദ്യം. 2020-21 ലെ All India Higher Education Survey ലെ കണക്കനുസ്സരിച്ച് കർണ്ണാടകത്തിൽ 8137 ഉം തമിഴ്നാട്ടിൽ 3685 ഉം വിദേശ വിദ്യാർത്ഥികൾ പഠനത്തിനെത്തിയപ്പോൾ കേരളത്തിൽ എത്തിയത് 266 മാത്രം. ദൈവത്തിന്റെ സ്വന്തം നാടിനെ വിദേശ വിദ്യാർത്ഥികൾ കാര്യമായി ലക്ഷ്യം വെയ്ക്കുന്നില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വിദ്യാഭ്യാസത്തിൽ വിവര സാങ്കേതികവിദ്യയുടെ ഉൾച്ചേർക്കൽ സമയബന്ധിതമായും, ശാസ്ത്രീയമായും നടക്കുന്നില്ല എന്ന ആക്ഷേപവും ഏറെ ശക്തമാണ്. വിവര സാങ്കേതിക വിദ്യ പരിധികളില്ലാതെ വളരുമ്പോൾ, അതിന്റെ സാദ്ധ്യതകൾ നാം പരമാവധി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. നിർമ്മിത ബുദ്ധിയെ കൃത്രിമമെന്നും, അവസര നിഷേധിയെന്നുമൊക്കെ വിളിച്ച് പടിക്കു പുറത്ത് നാം നിർത്തുമ്പോൾ, എ.ഐ.യെ കൂട്ടുപിടിച്ച് വിജ്ഞാനലോകം കുതിക്കുന്നത് നാം കാണുന്നില്ല.


വിദ്യാഭ്യാസ ഏജൻസികളെല്ലാം അഴിമതിക്കാരും പിടിച്ചുപറിക്കാരുമാണ് എന്ന മുൻവിധിയിൽ അവരെ ശത്രുപക്ഷത്ത് നിർത്തി, വരിഞ്ഞുമുറുക്കി വരുതിയിൽ നിർത്താനും നിയമം നിർമ്മിച്ച് പടയ്ക്ക് ഒരുങ്ങുമ്പോഴും, അവരുടെ കൂടെ സംഭാവനകൾ കൊണ്ടാണ് കേരളാ മോഡൽ ഉരുത്തിരിഞ്ഞതെന്ന് കാലാകാലങ്ങളിലുള്ള അധികാരികൾ വിസ്മരിക്കുന്നത് സങ്കടകരമാണ്. വെല്ലുവിളിയോ ആക്ഷേപമോ അല്ല പരിഹാരം. സഹകരണവും സഹവർത്തിത്തവുമാണെന്ന് വേണ്ടപ്പെട്ടവർ തിരിച്ചറിയണം.

മുദ്രാവാക്യങ്ങൾക്കും പ്രഖ്യാപനങ്ങൾക്കും ഒരു പഞ്ഞവുമില്ലാത്ത സംസ്ഥാനമാണ് നമ്മുടേത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കുമെന്നതാണ് അതിലൊന്ന്. പ്രഖ്യാപനങ്ങൾ ആവർത്തിക്കുന്നതല്ലാതെ തുടർനടപടികളൊന്നും കാര്യമായി ഉണ്ടാവുന്നില്ല. ഇനിയും വിദ്യാഭ്യാസ മേഖലയെ അവഗണിച്ചാൽ ഫലം മാരകമായിരിക്കും. സത്യവും ധർമ്മവും മികവും മൂല്യവുമാണ് വിദ്യാഭ്യാസരംഗത്ത് നിലനിൽക്കേണ്ടത്. അവിടെ മറ്റൊന്നിനും സ്ഥാനമുണ്ടായിക്കൂടാ.

www.malankaralibrary.com

## സാർവ്വത്രിക സഭയിലെ വേദപാരംഗതർ

# വി. ബൊനവെഞ്ചർ




**ആമുഖം**

വി. ഫ്രാൻസിസ് അസ്സീസി സ്ഥാപിച്ച ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹത്തിന്റെ ഏഴാമത്തെ മിനിസ്റ്റർ ജനറലായിരുന്ന വി. ബൊനവെഞ്ചർ 'ദൈവദൂത വേദപാരംഗതൻ' (Seraphic Doctor) എന്ന വിശേഷണത്താൽ വിളിക്കപ്പെടുന്ന സഭയിലെ വിശുദ്ധനാണ്. മദ്ധ്യകാല യുഗത്തിൽ പരിവ്രാജക (mendicant) സമൂഹങ്ങൾക്കെതിരെ ഉയർന്നുവന്ന വിമർശനങ്ങളെ തന്റെ സ്നേഹിതനും സതീർത്ഥ്യനുമായിരുന്ന വി. തോമസ് അക്വീനാസിനോടൊപ്പം വിജയകരമായി പ്രതിരോധിക്കുകയും സഭയുടെ തത്വശാസ്ത്ര-ദൈവശാസ്ത്ര വിചിന്തനങ്ങളിൽ അമൂല്യ സംഭാവനകൾ നൽകുകയും ചെയ്ത പണ്ഡിതശ്രേഷ്ഠനുമാണ് ഇദ്ദേഹം. ആശയപരമായ ആന്തരിക സംഘർഷങ്ങളാൽ കലുഷിതമായിരുന്ന ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹ ജീവിതത്തെ തന്റെ വിപ്ലവകരമായ നവീകരണങ്ങൾകൊണ്ട് പുതുജീവൻ നൽകി ചൈതന്യവത്താക്കിയതിനാലാണ് ഈ സമൂഹത്തിന്റെ 'രണ്ടാം സ്ഥാപകൻ' എന്ന് ചരിത്രം

**റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ**



www.malankaralibrary.com

അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. വിജ്ഞാനത്തിലൂടെയും നിരീക്ഷണത്തിലൂടെയും താൻ ഗ്രഹിച്ച സത്യങ്ങളെല്ലാം ഒരു പ്രാർത്ഥനയും സ്തുതിയുമായി ദൈവത്തിന് സമർപ്പിച്ചുകൊണ്ട് വി. ഫ്രാൻസിസിന്റെ സന്യാസവരങ്ങളെ കാലാനുസൃതമായി വ്യാഖ്യാനിച്ചു തന്റെ സമൂഹത്തെ ദൈവീക മാർഗ്ഗത്തിലൂടെ അദ്ദേഹം മുന്നോട്ട് നയിച്ചു. പ്രാപഞ്ചിക ലോകത്തെ മാനുഷിക വിജ്ഞാനത്തിലൂടെ അടുത്തറിയാനും അത് ദൈവാഭി മുഖ്യത്തിനായി ഉപയോഗിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിന് വലിയ പ്രാധാന്യം നൽകിയ ബൊനവഞ്ചർ അവിടുന്ന് മാത്രമാണ് തന്റെ ഒരേയൊരു നേതാവെന്ന് പ്രഘോഷിച്ചുകൊണ്ടു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ജീവിക്കുന്ന പ്രതീകമായി തന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തി. ബൊനവഞ്ചറിന്റെ ചിന്തയിൽ മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം ദൈവത്തെ കണ്ടു മുട്ടുകയും അവിടുത്തെ സ്നേഹത്തിൽ അലിയുകയും ഈ ബന്ധം ആനന്ദത്തിനുള്ള മാർഗ്ഗമായി സ്വീകരി ക്കുകയും ചെയ്യുക എന്നതാണ്. ഈ വേദപാരംഗതന്റെ ജീവിതവിശു ദ്ധിയും വിജ്ഞാന വഴികളും അടുത്തറിയുന്നതും അനുധാവനം ചെയ്യുന്നതും നമ്മേയും ദൈവസ്നേഹത്തിൽ ആഴപ്പെടുത്തും.

**ജനനം, ബാല്യം**

ജൊവാന്നി ദെ ഫിഡാൻസ എന്നായിരുന്നു വി. ബൊനവഞ്ചറിന്റെ ആദ്യകാലനാമം. ഇറ്റലിയിലെ വിത്തെർബോയ്ക്കടുത്തുള്ള ചിവിത്ത ദി ബാഞ്ഞൊറേജ്യോയിൽ 1217-ൽ ജൊവാന്നി ദെ ഫിഡാൻസ-മരിയ ദി റിത്തെല്ല ദമ്പതികളുടെ മകനായി അദ്ദേഹം ജനിച്ചു. (ബൊനവഞ്ചർ 1221-ൽ ജനിച്ചു എന്നാണ് മിക്ക ചരിത്രകാരന്മാരും പറയുന്നത്. ഇദ്ദേഹത്തെക്കുറിച്ചു വളരെയധികം പഠിച്ചിട്ടുള്ള ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ 1217 ജന്മവർഷമായി ഉപയോഗിച്ചിരിക്കുന്നു). ബൊനവഞ്ചറിന്റെ പിതാവ് ഒരു മെഡിക്കൽ ഡോക്ടറും വിശ്വാസകാര്യങ്ങളിൽ തീക്ഷ്ണമതിയും ആയിരുന്നു. ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ ചേർന്നപ്പോൾ ബൊനവഞ്ചർ എന്ന പുതിയ നാമം അദ്ദേഹം സ്വീകരിച്ചുവെന്നും, അതല്ല വി. ഫ്രാൻസിസ് തന്നെ ഒരുപക്ഷേ ഈ നാമം നൽകിയതാകാം എന്നും പറയപ്പെടുന്നു. 'ബൊനവന്തൂരാ' എന്ന ഇറ്റാലിയൻ വാക്കിന്റെഅർത്ഥം 'സൗഭാഗ്യം' (good fortune) എന്നാണ്. ബൊനവഞ്ചറിന്റെ ശൈശവ പ്രായത്തിൽ ഗൗരവതരമായ രോഗം ബാധിച്ചപ്പോൾ ഒരു ഡോക്ട റായിരുന്ന പിതാവിന് ഈ രോഗം മാരകമാണെന്ന് മനസ്സിലായി. അദ്ദേഹം കുട്ടിയെ വി. ഫ്രാൻസിസ് അസ്സീസിയുടെ അടുത്തു കൊണ്ടുപോയി പ്രാർത്ഥിക്കുകയും തത്ഫലമായി അദ്ദേഹം സൗഖ്യം പ്രാപിക്കുകയും ചെയ്തു. വി. ഫ്രാൻസിസ് അസ്സീ സിയുടെ ജീവചരിത്രം തനിക്ക് ലഭിച്ച രോഗസൗഖ്യത്തിനുള്ള പ്രതിനന്ദി രേഖപ്പെടുത്താൻ കൂടി ബൊനവഞ്ചർ എഴുതിയതാണ്. എങ്ങനെയാണ് താൻ വിശുദ്ധന്റെ ജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടതെന്ന് 'ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം' എന്ന ഗ്രന്ഥത്തിൽ ബൊനവഞ്ചർ പറയുന്നു: "നമ്മുടെ പുണ്യപിതാവിന്റെ പ്രാർത്ഥനയാലും അനുഗ്രഹത്താലും ഒരു കൊച്ചുകുട്ടി ആയിരിക്കുമ്പോൾ എന്നെ മരണവക്രത്തിൽ നിന്നും രക്ഷിച്ചത് അദ്ദേഹത്തോടുള്ള ഭക്തി എന്നിൽ രൂഢമൂല മാകുന്നതിനു ഇടയാക്കി."

എ.ഡി. 1243-ലാണ് ബൊനവഞ്ചർ ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹത്തിൽ പ്രവേശിച്ചത്. വി. ബൊനവഞ്ചറിന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ സമകാലീനർ ആരും തന്നെ എഴുതിയിട്ടില്ലാ ത്തതിനാൽ പല ചരിത്ര സത്യങ്ങളും പിൽക്കാല തലമുറയ്ക്ക് ലഭ്യമായിട്ടില്ല. (അദ്ദേഹത്തെ അറിഞ്ഞിരുന്ന ജോൺ ജൈൽസ് സമോറ എന്ന ഫ്രാൻസിസ്ക്കൻ ബ്രദർ എഴുതിയതായി പറയപ്പെടുന്ന ജീവചരിത്രം ഇതുവരെയും കണ്ടെത്താൻ സാധിച്ചിട്ടില്ല). താൻ ഫ്രാൻസിസ്ക്കൻ സന്യാസം തെരഞ്ഞെടുത്തതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ബൊനവഞ്ചർ ഇപ്രകാരം എഴുതിയിരിക്കുന്നു: "എന്തു കൊണ്ടാണ് വാഴ്ത്തപ്പെട്ട ഫ്രാൻസിസിന്റെ ജീവിതവഴി സ്നേഹിച്ചതെന്ന് ദൈവ തിരുമുമ്പാകെ ഞാൻ ഏറ്റു പറയുന്നു... ഫ്രാൻസിസ്ക്കൻ സന്യാസിമാരുടെ ജീവിതം ആദിമക്രൈസ്തവരുടേതിന് സമാനമാണ്. എളിയ മുക്കുവരിൽകൂടെ ക്രിസ്തു ആരംഭിച്ച സഭ പിന്നീട് വിജ്ഞാനികളായ പ്രബോധകരാൽ സമ്പന്നമായി. വാഴ്ത്തപ്പെട്ട ഫ്രാൻസിസിന്റെ സമൂഹം മനുഷ്യ രുടെ വിവേകത്താൽ ഉരുവായതല്ല,പിന്നെയോ ക്രിസ്തുവിനാൽ സ്ഥാപിതമായതാണ്."

**പാരീസ് സർവ്വകലാശാലയിലെ പഠനം**

ബൊനവഞ്ചറിന്റെ ബൗദ്ധികജീവിതത്തെ ഏറ്റവും അധികം സ്വാധീനിച്ചത് യൂറോപ്പിലെ അക്കാലത്തെ പ്രശസ്ത ഉന്നതവിദ്യാഭ്യാസ കേന്ദ്രമായിരുന്ന പാരീസ് സർവ്വകലാശാലയിലെപഠനമായിരുന്നു. സ്കൊളാസ്റ്റിക് തത്വശാസ്ത്രശാഖയിലെ പേരുകേട്ട അദ്ധ്യാപക നായിരുന്ന ഹെയിൽസിലെ അലക്സാണ്ടറിന്റെ ശിക്ഷണത്തിലാണ് അദ്ദേഹം പഠനം ആരംഭിച്ചത്. പാശ്ചാത്യ സഭയിലെ എക്കാലത്തെയും വലിയ



www.malankaralibrary.com



പണ്ഡിതരിൽ ഒരാളായ വി. തോമസ് അക്വീനാസ് പാരീസ് സർവ്വകലാശാലയിൽ വി. ബൊനവഞ്ചറിന്റെ സഹപാഠിയായിരുന്നു. 1255-ലാണ് ബൊനവഞ്ചറിന് ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം ലഭിക്കുന്നത്.

ബൊനവഞ്ചർ പാരീസിൽ ആയിരിക്കുന്ന സമയത്താണ് അവിടെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ സന്യാസി മാർക്കെതിരെ സെക്കുലർ അദ്ധ്യാപകർ ആക്ഷേപങ്ങൾ ഉന്നയിക്കാൻ തുടങ്ങിയത്. സുവിശേഷപ്രസംഗകരായി ലളിതജീവിതം നയിക്കേണ്ടുന്ന സന്യാസികൾ ഇവിടുത്തെ സർവ്വകലാശാലകളിൽ പഠിപ്പിക്കുന്നത് ചോദ്യം ചെയ്യപ്പെട്ടു. ഇതിനെ പ്രതിരോധിക്കുന്നതിനായി പരിവ്രാജക സമൂഹങ്ങളെ പിന്തുണച്ചുകൊണ്ട് 'സുവിശേഷാത്മക പരിപൂർണ്ണത' എന്ന പേരിൽ ബൊനവഞ്ചർ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിൽ സന്യാസികൾ എപ്രകാരമാണ് ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ട് സുവിശേഷാനുസൃത ജീവിതം നയിക്കുന്നത് എന്ന് പറയുന്നു. കൂടാതെ സഭ പ്രശോഭിതവും മനോഹരവുമാവുന്നത് സഭാസന്താനങ്ങൾ തങ്ങളുടെ വിളിയോട് വിശ്വസ്തരായിരിക്കുമ്പോഴാണെന്നും അദ്ദേഹം എഴുതി. "സന്യാസികൾ ദൈവത്തിന്റെ കൃപ സ്വീകരിച്ചു കൊണ്ട് തങ്ങളുടെ എളിയതും വിധേയത്വത്തോടെയുമുള്ള ജീവിതം വഴി സുവിശേഷത്തിനു സാക്ഷികളായി ആനന്ദവും പൂർണ്ണതയും അനുഭവിക്കുന്നു.'' (സർവ്വകലാശാലയിൽ നിലനിന്നിരുന്ന സെക്കുലർ പണ്ഡിതരും (secular scholars) പരിവ്രാജക സമൂഹങ്ങളും (mendicant orders) തമ്മിലുള്ള തർക്കത്തിന്റെ പേരിൽ ഇദ്ദേഹത്തിനു ഡോക്ടർ ബിരുദം ലഭിച്ചത് രണ്ടു വർഷത്തോളം താമസിച്ചാണ്).

പാരീസ് സർവ്വകലാശാലയിൽ നിന്നും നേടിയ ബിരുദം കൊണ്ട് യൂറോപ്പിൽ എവിടെയും പഠിപ്പിക്കുന്നതിന് അക്കാലത്തു സാധിക്കുമായിരുന്നു. ഗ്രിഗറി ഒൻപതാമൻ മാർപാപ്പ ഇറക്കിയ പേപ്പൽ ബുൾ 'പാരൻസ് സൈന്തിയാരും' (1231) ഈ സ്ഥാപനത്തെ പ്രശസ്തമാക്കി. സാധാരണയായി ഇക്കാലത്തു ഒരു സർവ്വകലാശാലയിൽ നിന്നും ബിരുദം നേടുന്നതിന് ആറു വർഷത്തിലധികം പഠിക്കണമായിരുന്നു. ഇങ്ങനെയുള്ള വിദ്യാഭ്യാസം നേടിയതിനുശേഷം മാത്രമേ പാരീസ് സർവ്വകലാശാല പോലുള്ള ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ തത്വശാസ്ത്ര-ദൈവ ശാസ്ത്ര വിഷയങ്ങളിൽ ഉപരിപഠനം സാധ്യമായിരുന്നുള്ളൂ. ഒരു ദൈവശാസ്ത്ര പ്രൊഫെസ്സർ അറിയപ്പെട്ടിരുന്നത് 'വിശുദ്ധ ഗ്രന്ഥങ്ങളിൽ മഹോപാദ്ധ്യായൻ' (*Magister in sacra pagina*) എന്നായിരുന്നു.

പാരീസിലെ പഠനം വി. ഗ്രന്ഥത്തിൽ ആഴമായ അറിവ് സമ്പാദിക്കുന്നതിന് ബൊനവഞ്ചറിനെ സഹായിച്ചു. ഇക്കാലയളവിൽ പീറ്റർ ലൊംബാർഡ് അടക്കമുള്ള ദൈവശാസ്ത്രജ്ഞരുടെ കൃതികൾ വായിക്കുകയും അതിന് ഭാഷ്യങ്ങൾ തയ്യാറാക്കുകയും ചെയ്തു. കൂടാതെ യൂറോപ്പിലെ പല പ്രമുഖരായ ചിന്തകരെയും അടുത്ത് പരിചയപ്പെടുന്നതിനും പാരീസിലെ വാസം അദ്ദേഹത്തെ സഹായിച്ചു. 1253-ൽ പാരീസ് സർവ്വകലാശാലയുടെ ഫ്രാൻസിസ്ക്കൻ പീഠത്തിന്റെ (Franciscan Chair) അധ്യക്ഷനായി ബൊനവഞ്ചർ ചുമതലയേറ്റു.

www.malankaralibrary.com

**ഫ്രാൻസിസ്ക്കൻ മിനിസ്റ്റർ ജനറൽ**

ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹത്തിന്റെ ആറാം മിനിസ്റ്റർ ജനറൽ ആയിരുന്ന പാർമയിലെ വാഴ്ത്തപ്പെട്ട ജോൺ (1209-1289) തന്റെ സ്ഥാനം രാജിവച്ചു റിയേത്തി നഗരത്തിനടുത്തുള്ള ഗ്രേച്ചോയിലെ ഗുഹയിൽ ഏകാന്ത ജീവിതത്തിനായി പോയി. (ഇവിടെയാണ് വി. ഫ്രാൻസിസ് അസ്സീസി തന്റെ വിശുദ്ധനാട് സന്ദർശനത്തിനുശേഷം 1223 ക്രിസ്തുമസ് കാലയളവിൽ ആദ്യമായി പുൽക്കൂട് നിർമ്മിച്ചത്). രാജി തീരുമാനത്തിൽ നിന്നും ജോണിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ സന്യാസ സമൂഹത്തെ നയിക്കാൻ യോഗ്യനായ ഒരാളുടെ പേരു നിർദേശിക്കാൻ അദ്ദേഹത്തോട് മറ്റു സന്യാസികൾ ആവശ്യപ്പെട്ടു. ഫ്രാൻസിസ്ക്കൻ സമൂഹത്തെ ഈ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ ബൊനവഞ്ചറിനേക്കാൾ മികച്ച ഒരാൾ ഇല്ല എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. ബൊനവഞ്ചർ ഈ സമയത്തു ചെറുപ്പക്കാരായ ഫ്രാൻസിസ്ക്കൻ സന്യാസിമാരുടെ പരിശീലകനായി പാരീസിൽ സേവനം അനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ മുപ്പതിനായിരത്തിൽ അധികം വരുന്ന ഒരു സന്യാസ സമൂഹത്തിന്റെ അദ്ധ്യക്ഷനായി ബൊനവഞ്ചറിനെ തിരഞ്ഞെടുത്തു. ഈ വാർത്ത അദ്ദേഹത്തിന്റെ അരികിലെത്തുന്ന തിനുതന്നെ ഒരു മാസത്തെ സമയമെടുത്തു എന്നു പറയപ്പെടുന്നു.

1257 ഫെബ്രുവരി 2-നാണ് ഫ്രാൻസിസ്ക്കൻ സമൂഹത്തിന്റെ മിനിസ്റ്റർ ജനറലായി ബൊനവഞ്ചർ തിരഞ്ഞെടുക്കപ്പെട്ടത്. ഒരു അദ്ധ്യാപകന്റെയും ചിന്തകന്റെയും സന്തോഷ ജീവിതം നയിച്ചുവന്ന സാധാരണ സന്യാസിക്ക് ബൃഹത്തായ ഒരു സമൂഹത്തിന്റെ ഭരണച്ചുമതല ഏറ്റെടുക്കേണ്ടി വന്നത് വലിയ വെല്ലുവിളി ആയിരുന്നു. എന്നാൽ പിന്നീടുള്ള ഫ്രാൻസിസ്ക്കൻ സന്യാസ ചരിത്രം പറയുന്നത് ചെറുപ്പക്കാരനായ ബൊനവഞ്ചറിന്റെ നേതൃഗുണത്തിന്റെ അംഗീകാരമായി മരിക്കുന്നതുവരെ പതിനേഴു വർഷത്തോളം അദ്ദേഹം ഈ സ്ഥാനത്തു തുടർന്നുവെന്നതാണ്.

വലിയ സമർപ്പണത്തോടെയും വിശ്വസ്തതയോടെയുമാണ് ബൊനവഞ്ചർ തന്റെ ദൗത്യം നിർവഹിച്ചത്. അദ്ദേഹം ആശ്രമങ്ങൾ സ്ഥിരമായി സന്ദർശിക്കുകയും തന്റെ സഹോദരങ്ങളെ സുവിശേഷചൈതന്യത്തിൽ ബലപ്പെടുത്തുകയും ചെയ്തു. സമൂഹത്തെ അഭിസംബോധനചെയ്തുകൊണ്ട് നിരവധി ലേഖനങ്ങൾ എഴുതിയും തെറ്റുകാരെ തിരുത്തിയും സമൂഹത്തിൽ അച്ചടക്കവും പരിശുദ്ധിയും നിലനിർത്താൻ അദ്ദേഹം പരിശ്രമിച്ചു. ഇക്കാലയളവിൽ ഫ്രാൻസിസ്ക്കൻ സമൂഹത്തിനു യൂറോപ്പിലും, വടക്കൻ ആഫ്രിക്കയിലും, പശ്ചിമേഷ്യൻ പ്രദേശങ്ങളിലും, ചൈനയിൽ വരെയും ആശ്രമങ്ങൾ ഉണ്ടായിരുന്നു.

**വെല്ലുവിളികൾ, അവസരങ്ങൾ**

വി. ഫ്രാൻസിസ് തന്റെ സമൂഹത്തിനുവേണ്ടി എഴുതിയ നിയമങ്ങൾ അതിന്റെ പൂർണ്ണതയിൽ പാലിക്കുക എന്നത് വളരെ വെല്ലുവിളി നിറഞ്ഞതാണെന്ന അഭിപ്രായം ഫ്രാൻസിസ്ക്കൻ സമൂഹത്തിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ കാലത്തുതന്നെ ഉണ്ടായിരുന്നു. അതിൽ മാറ്റങ്ങൾ വരുത്തണമെന്നും അതല്ല അതിന്റെ പൂർണ്ണതയിൽ എല്ലാം പരിപാലിക്കപ്പെടണമെന്നും വാദിക്കുന്ന രണ്ടു കൂട്ടർ സമൂഹത്തിന്റെ ആരംഭകാലം മുതൽ ഉണ്ടായിരുന്നു.

കാലാന്തരത്തിൽ ഫ്രാൻസിസ് അസ്സീസിയുടെ കാരിസം പല രീതിയിൽ വ്യാഖ്യാനിക്കുന്ന വിഭാഗങ്ങൾ സമൂഹത്തിൽ ഉടലെടുത്തു. സന്യാസ സമൂഹം വളരെ വേഗം വളർന്നതോടുകൂടി ആശയപരമായ ആന്തരിക സംഘർഷങ്ങൾ ഉണ്ടായി. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി എ. ഡി. 1260-ൽ ഫ്രാൻസിലെ നർബോണെ എന്ന സ്ഥലത്തു കൂടിയ ഫ്രാൻസിക്കൻ ജനറൽ ചാപ്റ്റർ ബൊനവഞ്ചർ സമർപ്പിച്ച സമൂഹത്തിന്റെ അനുദിന ജീവിതം സംബന്ധിച്ച മാറ്റങ്ങൾ അംഗീകരിച്ചു. വിവേക പൂർവ്വം തയ്യാറാക്കിയ പുതിയ നിയമങ്ങൾ ഹൃദയ ഐക്യം കൊണ്ടുവരണമെന്ന് ബൊനവഞ്ചർ ആശിച്ചു. എന്നാൽ ഫ്രാൻസിസ് കൊണ്ടുവന്ന തനതായ കാരിസത്തിൽ ഒരു മാറ്റവും വരുത്തുന്നതിന് അദ്ദേഹം ശ്രമിച്ചതുമില്ല. ഫ്രാൻസിസിനെ സമൂഹം കൂടുതൽ അടുത്തറിയുന്നതിനായിട്ടാണ് വി. ബൊനവഞ്ചർ അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതാൻ തീരുമാനിച്ചത്. 1263-ൽ പീസായിൽ കൂടിയ സമൂഹത്തിന്റെ ജനറൽ ചാപ്റ്റർ ഈ ജീവചരിത്രം തങ്ങളുടെ സമൂഹ സ്ഥാപകന്റെ ഏറ്റവും ആധികാരിക വിവരണമായി അംഗീകരിക്കുകയും അങ്ങനെ ഇത് വി. ഫ്രാൻസിസിന്റെ ഔദ്യോഗിക ജീവചരിത്രമായി മാറുകയും ചെയ്തു.

ബൊനവഞ്ചറിനെ സംബന്ധിച്ച് ഫ്രാൻസിസിന്റെ കാലത്തിൽ നിന്നും പിൽക്കാല തലമുറയിലുണ്ടായ മാറ്റം ദൈവീക നടത്തിപ്പിന്റെ ഭാഗമാണ്. തന്റെ അനുയായികൾ ശാരീരികമായി കഠിനാദ്ധ്വാനം ചെയ്ത് ജീവിക്കണമെന്ന് ഫ്രാൻസിസ് നിയമത്തിൽ എഴുതിയിരുന്നു. എന്നാൽ എപ്പോഴും സുവിശേഷ പ്രസംഗത്തിൽ ഏർപ്പെട്ടിരുന്ന സന്യാസികൾക്ക് പഠനത്തിനായി ധാരാളം സമയം ആവശ്യമായിരുന്നതിനാൽ ശാരീരിക അധ്വാനമുള്ള വലിയ ജോലികൾ സാധ്യമായിരുന്നില്ല. അതിനാൽ തന്നെ ജീവിക്കുന്നതിനായി മറ്റുള്ളവരിൽ നിന്ന് എപ്പോഴും സഹായം സ്വീകരിക്കേണ്ടതായും വന്നു. ഫ്രാൻസിസിന്റെ മറ്റൊരു നിയമം തന്റെ അനുയായികൾ പണം സ്വീകരിക്കരുതെന്നായിരുന്നു. ബൊനവഞ്ചർ അതിനു കണ്ട പരിഹാരം ഉത്തമനായ ഒരു വിശ്വാസിയെ കണ്ടെത്തി പണസംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിയമിക്കുക എന്നതായിരുന്നു. ഇത്തരത്തിലുള്ള അനേകം പുതിയ ആശയങ്ങൾ സമൂഹ നന്മക്കായും നിലനില്പിനായും അദ്ദേഹം നടപ്പിൽ വരുത്തി.

ഫ്രാൻസിസ്ക്കൻ സമൂഹത്തെ ശക്തിപ്പെടുത്താനുതകുന്ന പുതിയ നിയമങ്ങൾ നിർമ്മിക്കുന്നതിന് ബൊനവഞ്ചർ പരിശ്രമിച്ചു. ബൊനവഞ്ചറിന്റെ അഭി

www.malankaralibrary.com



പ്രായത്തിൽ വി. ഫ്രാൻസിസിനു മൂന്ന് പ്രത്യേക ഗുണങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, പുണ്യങ്ങളിൽ സമ്പൂർണ്ണമായും ക്രിസ്തുവിനെ അനുകരിക്കുക. രണ്ടാമതായി, പ്രാർത്ഥനയും ധ്യാനവും വഴിയായി ദൈവത്തോട് പൂർണ്ണമായും ചേർന്ന് നിൽക്കുക. മൂന്നാമതായി, ആത്മാക്കളുടെ രക്ഷക്കായി പ്രവർത്തിക്കുക. ഈ മൂന്നു കാര്യങ്ങളിലും സൂക്ഷ്മത കാണിക്കുന്ന സന്യാസിക്ക് സമൂഹത്തിൽ സന്തോഷമായി ജീവിക്കുന്നതിനു സാധിക്കുമെന്ന് അദ്ദേഹം ഉപദേശിച്ചിരുന്നു.

ഫ്രാൻസിസ്കൻ സമൂഹത്തിനായി തയ്യാറാക്കിയ തന്റെ ആദ്യത്തെ ഔദ്യോഗിക എഴുത്തിൽ ബൊനവഞ്ചർ എഴുതുന്നു: "കച്ചവട മനോഭാവമുള്ള എല്ലാവരെയും നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ ഭവനത്തിൽ നിന്നും പുറത്താക്കുക. നമ്മുടെ സന്യാസ സഹോദരങ്ങളിലെല്ലാം ഭക്തിമയമായ പ്രാർത്ഥനയ്ക്കുള്ള അഭിവാഞ്ച അലയടിക്കട്ടെ. സന്യാസ്യാർത്ഥികളുടെ എണ്ണത്തിൽ എന്നതിനേക്കാൾ തിരഞ്ഞെടുക്കപ്പെടുന്നവരുടെ വിശുദ്ധജീവിതത്തിനു പ്രാധാന്യം നൽകുക. കഠിനമാണെങ്കിലും തിന്മ വേരോടെ പിഴുതെറിയുക. നമ്മുടെ സന്യാസവിളിയുടെ ഔന്നത്യം ഇതാണ് ആവശ്യപ്പെടുന്നത്... വി. ഫ്രാൻസിസും, ക്രിസ്തുവിന്റെ തിരുരക്തവും, ദൈവം തന്നെയും ഇതാണ് നമ്മോട് ആവശ്യപ്പെടുന്നത്."

**ഫ്രാൻസിസ്ക്കൻ ചൈതന്യം**

വി. ഫ്രാൻസിസ് അസ്സീസ്സി എ. ഡി. 1209-ൽ തന്റെ സമൂഹത്തിനു സഭയുടെ ഔദ്യോഗിക അംഗീകാരം ലഭിക്കുന്നതിനായി ഇന്നസെന്റ് മൂന്നാമൻ മാർപാപ്പയെ സമീപിച്ചു. ഇക്കാലയളവിൽ ഫ്രാൻസിസ്ക്കൻ സമൂഹം ദാരിദ്ര്യവ്രതം അനുഷ്ഠിച്ചു ക്രിസ്തുവിനെ പൂർണ്ണമായി അനുകരിക്കാൻ ശ്രമിക്കുന്ന ഒരുകൂട്ടം ആളുകളുടെ ചെറിയൊരുസംഘം മാത്രമായിരുന്നു. ('എളിയ സഹോദരങ്ങളുടെ സമൂഹം' - *Ordo Fratrum Minorum* എന്നതായിരുന്നു ഫ്രാൻസിസ് തന്റെ സമൂഹത്തിന് നൽകിയ നാമം. അതുപോലെതന്നെ ഫ്രാൻസിസിന്റെ സന്യാസ നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്ന വിവിധ ഫ്രാൻസിസ്ക്കൻ വിഭാഗങ്ങൾ ഉണ്ട്).

തങ്ങളുടെ എല്ലാ സമ്പാദ്യങ്ങളും ഇവർ ഉപേക്ഷിക്കുകയും, ജീവിക്കാൻ അത്യാവശ്യമായ കാര്യങ്ങൾ മറ്റുള്ളവരിൽ നിന്നും ധർമ്മമായി സ്വീക രിക്കുകയും, കൈയ്യിലുള്ളതൊക്കെ പാവങ്ങളുമായി പങ്കുവെയ്ക്കുകയും ചെയ്തുകൊണ്ട്, എല്ലാത്തര ത്തിലും ക്രിസ്തുവിനെ ഇവർ അനുധാവനം ചെയ്തു. അവരുടെ ദൗത്യം സാക്ഷ്യത്തിലൂടെയും അനുതാപപൂരിത ജീവിതത്തിലൂടെയും ക്രിസ്തുവിനെ മറ്റുള്ളവർക്ക് കാട്ടിക്കൊടുക്കുക എന്നത് മാത്രമായിരുന്നു. ആദ്യ കാലങ്ങളിൽ ഫ്രാൻസിസ്ക്കൻ സന്യാസികളിൽ അധികവും വൈദിക പട്ടം സ്വീകരിച്ചിരുന്നില്ല. എന്നാൽ അജപാലന ശുശ്രൂഷയ്ക്കായി സഭയിൽ വൈദികരുടെ ആവശ്യം ഏറി വന്നപ്പോൾ ബ്രദേഴ്സിനേക്കാൾ വൈദികർ സമൂഹത്തിൽ കൂടുതലുണ്ടായി. അതുപോലെ തന്നെ അവരുടെ പരിശീലന രീതി വി. ഫ്രാൻസിസ് അസ്സീസി വിഭാവന ചെയ്തതിൽ നിന്നും പരിഷ്ക്കരിക്കേണ്ടതായും വന്നു.

ആദ്യകാല രീതികൾ തുടരുക എന്ന ആശയങ്ങൾ പുലർത്തിയിരുന്നവർക്ക് ഈ മാറ്റങ്ങൾ ഉൾക്കൊള്ളുക പ്രയാസമായി വന്നു. സമൂഹസ്ഥാപകനായ വി. ഫ്രാൻസിസ് ഇത്തരത്തിൽ ഒരു മാറ്റത്തിന് അനുകൂലമായിരിക്കില്ല എന്നും അവർ വാദിച്ചു. കൂടാതെ സെക്കുലർ വൈദികരും ഡൊമിനിക്കൻ സന്യാസ വൈദികരെപ്പോലെയുള്ളവരും ഫ്രാൻസിസ്ക്കൻസ് കൂടുതലായി വൈദികപട്ടം സ്വീകരിക്കുന്നത് തങ്ങളുടെ മേഖലയിലേക്ക് കടന്നു കയറാനുള്ള ഉപായമാണെന്നും വ്യാഖ്യാനിച്ചു. എന്നാൽ ബൊനവഞ്ചറിന്റെ പാരീസ് ജീവിതകാലത്തു തന്നെ ഈ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ പരിചിന്തനത്തിൽ ഉണ്ടായിരുന്നുവെന്നും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം ചിന്തിച്ചിരുന്നുവെന്നും അക്കാലത്തെ രചനകൾ സാക്ഷിക്കുന്നു.

ബൊനവഞ്ചർ പാരീസ് സർവ്വകലാശാലയിൽ ആയിരിക്കുന്ന സമയത്ത് ഈ സമൂഹത്തിൽ ചേരാൻ ആഗ്രഹിച്ചുകൊണ്ട് ഒരാൾ അദ്ദേഹത്തിനു കത്തെഴുതി. അദ്ദേഹത്തിന്റെ പ്രധാന സംശയങ്ങളിലൊന്ന് ഈ സമൂഹത്തിന്റ ആരംഭകാലത്തുണ്ടായിരുന്ന സന്യാസിമാരുടെ ജീവിതവും ഇന്നത്തെ ജീവിതവും തമ്മിലുള്ള വൈരുദ്ധ്യമായിരുന്നു. ഈ ചോദ്യകർത്താവിന്റെ സംശയം ദൂരീകരിക്കുന്നതിനായി ബൊനവഞ്ചർ മനോഹരമായ ഒരു മറുപടി എഴുതി: "സമൂഹത്തിന്റ ആരംഭത്തിൽ ഞങ്ങളുടെ സഹോദരന്മാർ അജ്ഞരും എളിയവരുമായിരുന്നു എന്നത് താങ്കളെ അസ്വസ്ഥമാക്കേണ്ടതില്ല. ഇത് ഈ സമൂഹത്തിലുള്ള നിങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തേണ്ടതാണ്. ക്രിസ്തീയ സഭയുടെ ആരംഭത്തിൽ ഉണ്ടായിരുന്നതുപോലെയാണ് ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹത്തിലും... എളിയവരായ മുക്കുവരാൽ നയിക്കപ്പെട്ട ഈ ക്രിസ്തീയ സഭയിലാണ് വലിയ പണ്ഡിതരും ഉദയം ചെയ്തത്. ഈ സമൂഹം മനുഷ്യന്റെ കണ്ടുപിടുത്തമല്ല ക്രിസ്തുവിനാൽ നയിക്കപ്പെടുന്നതാണ്."

**മാർപാപ്പ തെരഞ്ഞെടുപ്പിലെ സഹായം**

www.malankaralibrary.com

കത്തോലിക്കാസഭയുടെ ചരിത്രത്തിലെ ഏറ്റം ദൈർഘ്യമേറിയ മാർപാപ്പ തിരഞ്ഞെടുപ്പായിരുന്നു എ.ഡി. 1268 മുതൽ 1271 വരെ നടന്നത്. ഇക്കാലയളവത്രയും മാർപാപ്പ പദവി ശൂന്യമായി (*sede vacante*) കിടക്കുന്ന അവസ്ഥ ആയിരുന്നു. ഇറ്റലിയിലെ വിത്തെർബോ നഗരത്തിൽ സമ്മേളിച്ച കർദിനാളന്മാർക്ക് രണ്ടു വർഷം കഴിഞ്ഞിട്ടും മാർപാപ്പയെ തിരഞ്ഞെടുക്കാൻ സാധിച്ചില്ല എന്നത് മദ്ധ്യകാലയുഗത്തിൽ യൂറോപ്പിലെ സഭയിൽ നിലനിന്നിരുന്ന പ്രശ്നങ്ങളുടെ പ്രതിഫലനം കൂടിയായിരുന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് വി. ബൊനവഞ്ചർ നിർണ്ണായകമായ ഇടപെടലുകൾ നടത്തി.

പുതിയ മാർപാപ്പയെ കാത്തിരുന്നു മടുത്തപ്പോൾ വിത്തെർബോയിലെ സിവിൽ അധികാരികൾ ജനങ്ങളുടെ സഹകരണത്തോടെ കർദിനാളന്മാരെ സമ്മേളന ഹാളിൽ പൂട്ടിയിട്ടു. വി. ബൊനവഞ്ചറിന്റെ നിർദേശപ്രകാരം കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചു അടുത്ത മാർപാപ്പയെ തിരഞ്ഞെടുക്കുന്നവരെ ഇവർക്ക് ഭക്ഷണപാനീയങ്ങൾ നൽകുന്നതല്ലായെന്നു അറിയിച്ചു. അങ്ങനെയാണ് സെക്കുലർ ഫ്രാൻസിസ്കൻ സമൂഹത്തിലെ അംഗമായിരുന്ന തെയോബാൾഡോ വിസ്കോന്തി ഗ്രിഗറി പത്താമൻ എന്ന പേരിൽ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നത്. ഈ തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് ആർച്ചുഡീക്കൻ തെയോബാൾഡോ ഇംഗ്ലണ്ടിലെ എഡ്വേർഡ് ഒന്നാമൻ രാജാവിന്റെ കൂടെ വിശുദ്ധ നാട് വീണ്ടെടുക്കാനുള്ള യാത്രയിലായിരുന്നു. യാത്ര ഉപേക്ഷിച്ചു ഇറ്റലിയിലെത്തിയ തെയോബാൾഡോ പുരോഹിത, മെത്രാൻ പട്ടങ്ങൾ സ്വീകരിച്ചതിന് ശേഷം എ.ഡി. 1272 മാർച്ച് 27-ന് വി. പത്രോസിന്റെ ബസിലിക്കയിൽ വച്ച് മാർപാപ്പ സ്ഥാനം ഏറ്റെടുത്തു. പിന്നീട് ഗ്രിഗറി പത്താമൻ മാർപാപ്പയാണ് ഇന്നത്തെ രീതിയിലുള്ള മാർപാപ്പ തിരഞ്ഞെടുപ്പിന്റെ ആദ്യകാല നിയമങ്ങൾക്ക് രൂപം നൽകിയത്.

**കർദിനാൾ സ്ഥാനവും**
**ലയോൺസ് കൗൺസിലും**

എ.ഡി. 1265-ൽ ക്ലമന്റ് നാലാമൻ മാർപാപ്പ ബൊനവഞ്ചറിനെ ഇംഗ്ലണ്ടിലെ യോർക്കിലെ ആർച്ചുബിഷപ്പായി നിയമിക്കാൻ ആഗ്രഹിക്കുന്നു എന്ന് അറിയിച്ചുകൊണ്ട് അദ്ദേഹത്തിന് കത്തെഴുതി. എന്നാൽ ഈ സ്ഥാനം അദ്ദേഹം സ്നേഹപൂർവ്വം നിരസിക്കുകയാണുണ്ടായത്. ഇതേതുടർന്ന് ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ ഗ്രിഗറി പത്താമൻ മാർപാപ്പ 1273-ൽ അദ്ദേഹത്തെ അൽബാനോയിലെ കർദിനാൾ ബിഷപ്പായി നിയമിച്ചു. (ഇതുമായി ബന്ധപ്പെട്ട രസകരമായ ഒരു കഥ നിലവിലുണ്ട്. ഫ്ളോറൻസിനടുത്തുള്ള ഒരു ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ ബൊനവഞ്ചർ താമസിക്കുമ്പോൾ മാർപാപ്പയുടെ പ്രതിനിധികൾ കർദിനാളിന്റെ തൊപ്പി ഔദ്യോഗികമായി സമ്മാനിക്കാനെത്തി. ഈ സമയത്ത് അദ്ദേഹം ആശ്രമത്തിലെ അടുക്കളയിൽ പാത്രങ്ങൾ കഴുകുന്ന തിരക്കിലായിരുന്നു. തന്റെ ജോലി പൂർത്തിയാകുന്നതുവരെ ആ തൊപ്പി അടുത്തുള്ള മരത്തിൽ തൂക്കിയിടാൻ അദ്ദേഹം ആവശ്യപ്പെട്ടുവെന്നും പിന്നീട് അത് ധരിച്ചുകൊണ്ട് ഇപ്പോൾ താൻ ചെയ്ത ജോലിയെക്കാൾ ക്ലേശകരവും അപകടകരമായ ജോലിയാണ് ഈ ചുവന്ന തൊപ്പി സമ്മാനിക്കുന്നതെന്നും പറഞ്ഞുകൊണ്ട് അത് സ്വീകരിച്ചുവെന്നും പറയപ്പെടുന്നു.)

1274-ൽ ഫ്രാൻസിലെ ലയോൺസിൽ വച്ച് നടന്ന പതിനാലാം എക്കുമെനിക്കൽ കൗൺസിലിൽ മാർപാപ്പയുടെ പ്രതിനിധിയായി ബൊനവഞ്ചറിനെ നിയമിച്ചു. മാർപാപ്പ അധ്യക്ഷ്യം വഹിച്ച കൗൺസിലിൽ റോമൻ-ഗ്രീക്ക് സഭകൾ തമ്മിൽ യോജിപ്പിലെത്തുക എന്നതായിരുന്നു പ്രധാന കാര്യപരിപാടി. സഭകൾ തമ്മിലുള്ള ഭിന്നതകൾ പരിഹരിക്കുന്നതിന് നിർണ്ണായക പങ്കുവഹിക്കാൻ പണ്ഡിതനായ ബൊനവഞ്ചറിന് സാധിക്കും എന്ന ചിന്തയിൽ നിന്നുമാണ് 1274-ൽ ഫ്രാൻസിലെ ലിയോൺസിൽ വച്ച് നടന്ന എക്കുമെനിക്കൽ കൗൺസിലിലേക്ക് മാർപാപ്പ അദ്ദേഹത്തെ ക്ഷണിക്കുന്നത്.

**മരണം, അംഗീകാരം**

ലയോൺ കൗൺസിൽ നടക്കുന്ന സമയത്താണ് ഈ കൗൺസിലിലെ പ്രധാന ദൈവശാസ്ത്രജ്ഞരിൽ ഒരാളായി സേവനം ചെയ്തുകൊണ്ടിരുന്ന വി. ബൊനവഞ്ചർ 1274 ജൂലൈ 15-ന് അന്തരിച്ചത്. കൗൺസിലിന്റെ വിജയത്തിനുവേണ്ടി അഹോരാത്രം യത്നിച്ച അദ്ദേഹത്തിന്റെ ആകസ്മിക മരണം കൗൺസിലിൽ സംബന്ധിച്ച എല്ലാവർക്കും വലിയ ദുഃഖം സമ്മാനിച്ചു. (മാർപാപ്പയുടെ ക്ഷണം സ്വീകരിച്ചു ഈ കൗൺസിലിൽ സംബന്ധിക്കാനുള്ള യാത്രയിൽ 1274 മാർച്ച് 7-ന് വി. തോമസ് അക്വീനാസ് മരിച്ചപ്പോൾ സഭയുടെ നിർണ്ണായക ഘട്ടത്തിൽ എക്കാലത്തെയും മികച്ച രണ്ടു ദൈവ ശാസ്ത്രജ്ഞരെ ഒരേസമയം നഷ്ടപ്പെട്ടു).

ലയോണിലെ ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ നടന്ന ശവസംസ്കാരച്ചടങ്ങുകൾക്ക് നേതൃത്വം നൽകിയതും പ്രസംഗിച്ചതും റോമിലെ ഓസ്തിയ രൂപതയുടെ ബിഷപ്പായിരുന്ന കർദിനാൾ പിയറി ദെതരെൻതൈസ് ആയിരുന്നു. (ഇദ്ദേഹം പിന്നീട് ഗ്രിഗറി പത്താമൻ മാർപാപ്പ കാലം ചെയ്തപ്പോൾ മാർപാപ്പ ആയി തിരഞ്ഞെടുക്കപ്പെടുകയും ഇന്നസെന്റ് അഞ്ചാമൻ എന്ന പേര് സ്വീകരിക്കുകയും ചെയ്തു.) ഗ്രിഗറി മാർപാപ്പയുടെ അനുശോചന സന്ദേശത്തിൽ അദ്ദേഹം ബൊനവഞ്ചറിനെക്കുറിച്ചു ഇപ്രകാരം പറഞ്ഞു: "ഒരു ഉത്തമനായ, കുലീനതയുള്ള, ഭക്തനും കരുണാർദ്രനുമായ മനുഷ്യൻ, പുണ്യങ്ങളാൽ അലംകൃതൻ, ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ട വൻ... ദൈവം അദ്ദേഹത്തിൽ അനേകം കൃപകൾ ചൊരിഞ്ഞതിനാൽ അദ്ദേഹത്തെ ദർശിച്ചവരെല്ലാം അവരുടെ ഹൃദയങ്ങൾക്ക് മറച്ചുവയ്ക്കാൻ സാധിക്കാത്ത വിധത്തിൽ സ്നേഹത്താൽ നിറഞ്ഞിരുന്നു."

എ. ഡി. 1434-ൽ വി. ബൊനവഞ്ചറിന്റെ മരണത്തിന്റെ നൂറ്ററുപത് വർഷങ്ങൾക്ക് ശേഷം ഭൗതീക ശരീരം ലയോൺസിലെ ആശ്രമത്തിൽ നിന്നും

www.malankaralibrary.com



തിരുശേഷിപ്പുകൾ കത്തോലിക്കാ വിശ്വാസികൾ രഹസ്യസങ്കേതത്തി ലേക്ക് മാറ്റി... നിർഭാഗ്യ വശാൽ ഈ തിരുശേഷിപ്പുകൾ ഇതുവരെയും കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വലതുകരം ജന്മസ്ഥല മായ ബാഞ്ഞോറെജിയോയിലെ വി. നിക്കോളാസിന്റെ ദേവാ ലയത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് ചില ജീവ ചരിത്ര ഗ്രന്ഥങ്ങളിൽ പറയുന്നു.

എ. ഡി. 1517-ൽ ലിയോ പത്താമൻ മാർപാപ്പ എഴുതിയ 'ഇത്തെ എത്ത് വോസ്' എന്ന പേപ്പൽ ബൂളയിൽ ബൊനവഞ്ചറിനെ പ്രകീർത്തിച്ചുകൊണ്ട് ഇപ്രകാരം എഴുതിയിരിക്കുന്നു: "വി. ബൊനവഞ്ചറിന്റെ നേതൃത്വത്തിൽ, ദൈവത്തെ ഭയക്കുന്ന മനുഷ്യർ മൂന്നാം മണിക്കൂറിൽ, പരിശുദ്ധ ത്രിത്വത്തിന്റെ സഹായത്താൽ നിലം പതിച്ചുകൊണ്ടിരുന്ന കർത്താവിന്റെ മുന്തിരിത്തോട്ടത്തിന്റെ മതിലുകളെ പുനർനിർമ്മിച്ചു".

കുറച്ചുകൂടി ആദരവ് ലഭിക്കത്തക്ക സ്ഥലത്തേയ്ക് മാറ്റാൻ വേണ്ട ക്രമീകരണങ്ങൾ നടത്തി. തദവസരത്തിൽ അദ്ദേഹത്തിന്റെ ശിരസ്സ് മരണസമയത്തെ പോലെ ജീവസുറ്റതായി കാണപ്പെട്ടു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഫ്രാൻസിലെ ലയോൺ നഗരത്തിലെ ജനങ്ങളെ ഇത് വളരെയധികം സ്വാധീനിക്കുകയും തങ്ങളുടെ നഗരത്തിന്റെ മധ്യസ്ഥനായി അദ്ദേഹത്തെ പ്രഖ്യാപിക്കുകയും ചെയ്തു. സിക്റ്റസ് നാലാമൻ മാർപാപ്പ 1482 ഏപ്രിൽ പതിനാലിനു റോമിൽ വച്ച് ബൊനവഞ്ചറിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. അദ്ധേഹത്തിന്റെ മരണ ദിവസമായ ജൂലൈ 15-ന് സഭ വി. ബൊനവഞ്ചറിന്റെ തിരുനാൾ കൊണ്ടാടുന്നു. 1587 മാർച്ച് 14-ന് സിക്സ്റ്റസ് അഞ്ചാമൻ മാർപാപ്പ വി. ബൊനവഞ്ചറിനെ ആഗോളകത്തോലിക്കാ സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

എ. ഡി. 1562-ൽ ഫ്രാൻസിലെ പ്രോട്ടസ്റ്റന്റ് വിഭാഗമായ ഹ്യൂഗനോട്ടുകൾ ഈ പ്രദേശം കീഴടക്കുകയും പൊതുസ്ഥലത്തു വച്ച് ബൊനവഞ്ചറിന്റെ ഭൗതീക ശരീരം അഗ്നിക്കിരയാക്കുകയും ചെയ്തു. അതുപോലെ പത്തൊൻപതാം നൂറ്റാണ്ടിൽ ഫ്രഞ്ച് വിപ്ലവത്തിന്റെ അനന്തരഫലമായി 'ഫ്രാൻസിനെ ക്രിസ്തീയ വിമുക്തമാക്കിയപ്പോൾ' അദ്ദേഹത്തിന്റെ അവശേ ഷിച്ച

### ക്രിസ്തീയ ദൈവശാസ്ത്ര-സാഹിത്യ സംഭാവനകൾ

സ്കോളാസ്റ്റിക്ക് പണ്ഡിതർ അക്കാലത്തു കൈകാര്യം ചെയ്തിരുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും ബൊനവഞ്ചർ എഴുതിയിട്ടുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസം, ദൈവം, ദൈവശാസ്ത്രം തുടങ്ങിയവ അദ്ദേഹത്തിന്റെ ഇഷ്ടവിഷയങ്ങളായിരുന്നു. ഇറ്റലിയിലെ ഫ്ളോറൻസിനടുത്തുള്ള കോളേജിയോ സാൻ ബൊനവന്തൂര എന്ന ഫ്രാൻസിസ്ക്കൻ പുസ്തക പ്രസിദ്ധീകരണശാല വി. ബൊനവഞ്ചറിന്റെ കൃതികൾ മിക്കവയും പരിഷ്കരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. പീറ്റർ ലൊംബാർഡിന്റെ കൃതികളുടെ നാല് വാല്യങ്ങളിലുള്ള ബൊനവഞ്ചർ ഭാഷ്യം, 'ലൂക്കായുടെ സുവിശേഷത്തിന്റെ ഭാഷ്യം', 'മനസിന്റെ ദൈവത്തിലേക്കുള്ള യാത്ര' (*Itinerarium mentis in Deum*), 'ദൈവശാസ്ത്ര രൂപരേഖ' (*Breviloquium*), 'കല ദൈവശാസ്ത്രത്തിലേക്ക്' (*De reductione artium ad theologiam*), 'നാല് ആത്മീയ അഭ്യാസങ്ങളുടെ ആത്മഭാഷണം' (*Soliloquium de quatuor mentalibus exercitiis*), 'ജീവന്റെ വൃക്ഷം' (*Lignum vitae*), 'മൂന്ന് മാർഗ്ഗങ്ങൾ' (*De Triplici via*) എന്നിവയാണ് ബൊനവഞ്ചറിന്റെ ചില പ്രധാന കൃതികൾ.

www.malankaralibrary.com

മധ്യകാലയുഗത്തിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞരിൽ ഒരാളായിരുന്ന വി. ബൊനവഞ്ചറിന്റെ ക്രിസ്തീയ വിശ്വാസ സംഭാവനകളിൽ ഏറ്റവും മികച്ചതായി കരുതപ്പെടുന്നത് വി. ഫ്രാൻസിസിന്റെ ജീവിതത്തെയും നിയമങ്ങളെയും കാലാനുസൃതമായി വ്യാഖ്യാനിക്കാനും നവീകരിക്കാനും സാധിച്ചു എന്നതാണ്. മുൻപ് വിവരിച്ച ഫ്രാൻസിസ്ക്കൻ സഭയിലെ ആശയപരമായ ഭിന്നതകളോട് ചേർത്തുവായിക്കേണ്ട ഒരു പ്രശ്നമാണ് 'ആത്മീയർ' (Spiritual) എന്ന ഒരു വിഭാഗം ഇവരുടെ ഇടയിൽ രൂപം കൊണ്ടത്. ഇറ്റലിയിലെ കൊറാസ്സോ ആശ്രമത്തിലെ ആബട്ടായിരുന്ന ഫിയോറിലെ യൊവാ ക്കീമിന്റെ (1135–1202) രചനകളുടെ സ്വാധീനത്തിലാണ് ഈ ആശയം രൂപപ്പെട്ടത്. വി. യോഹന്നാൻ ശ്ലീഹാ എഴുതിയ വെളിപാടു പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി ഒരു പുതുയുഗത്തിന്റെ പിറവിയെക്കുറിച്ചു അദ്ദേഹം തന്റേതായ ഒരു വ്യാഖ്യാനം എഴുതി.

"പഴയനിയമം പിതാവിന്റെ കാലവും, പുതിയനിയമം പുത്രന്റെ കാലവും, അതേത്തുടർന്ന് സഭയുടെ കാലവും ഉദയം ചെയ്തു. മൂന്നാമത്തെ കാലം പരിശുദ്ധാത്മാവിന്റേത് ഇനിയും വരാനിരിക്കുന്ന കാലമാണ്. പഴയ നിയമം കാർക്കശ്യ ജീവിതത്തിന്റേത് ആയിരുന്നെങ്കിൽ, പുതിയ നിയമം സ്വാതന്ത്ര്യത്തിന്റേതായിരുന്നു. എന്നാൽ സമ്പൂർണ്ണ സ്വാതന്ത്ര്യം നമുക്ക് അനുഭവിക്കാൻ സാധിക്കുന്നത് വരാനിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കാലത്താണ്. ഈ സമയത്ത് ശാന്തിയും സമാധാനവും മതങ്ങൾ തമ്മിലുള്ള സഹവർത്തിത്വവും രൂപപ്പെടും." ഒരു പുതിയ സന്യാസ പ്രസ്ഥാനത്തിന്റെ ആരംഭത്തോടെ ഈ പുതിയയുഗം ഉദയം ചെയ്യുമെന്നും അദ്ദേഹം എഴുതി. വി. ഫ്രാൻസിസിന്റെ വരവോടെ ഫിയോറിലെ യൊവാക്കീമിന്റെ പ്രവചനം പൂർത്തീകരിച്ചുവെന്നും വെളിപാട് പുസ്തകത്തിൽ പറയുന്ന 'നിത്യ സുവിശേഷത്തിന്റെ' കാലം ആരംഭിച്ചിരിക്കുന്നുവെന്നും 'ആത്മീയർ' എന്നു വിളിക്കപ്പെടുന്ന ഫ്രാൻസിസ്ക്കൻ സന്യാസിമാർ പഠിപ്പിക്കാൻ തുടങ്ങി. ജറാർദോ എന്ന ഫ്രാൻസിസ്ക്കൻ സന്യാസി 'നിത്യസുവിശേഷത്തിന് ഒരു ആമുഖം' എന്ന ഗ്രന്ഥത്തിൽ ഫിയോറിലെ യൊവാക്കീം വിഭാവനം ചെയ്ത 'നീതിമാന്മാരുടെ സമൂഹം' തങ്ങളാണെന്ന് അവകാശപ്പെട്ടു. എന്നാൽ സഭ അക്കാലത്തുതന്നെ ഈ ആശയങ്ങളെ തള്ളിപ്പറയുകയും ഇവരുടെ പുസ്തകങ്ങളെ നിരോധിക്കുകയും ചെയ്തിരുന്നു.

ആശയപരമായ ഈ പ്രതിസന്ധിഘട്ടത്തിൽ ഫ്രാൻസിസ്ക്കൻ സമൂഹത്തിനു ദിശാബോധം നല്കിയ നേതൃത്വമായിരുന്നു വി. ബൊനവഞ്ചറിന്റേത്. വി. ഫ്രാൻസിസിന്റെ ജീവിതത്തെയും സന്ദേശത്തെയും തന്റെ സമൂഹാംഗങ്ങൾ പലരും തെറ്റായി മനസ്സിലാക്കി എന്ന് വി. ബൊനവഞ്ചർ തിരിച്ചറിഞ്ഞു. ഫ്രാൻസിസ്ക്കൻ സമൂഹത്തെ സ്ഥാപകപിതാവിന്റെ സുവിശേഷത്തോടുള്ള വിശ്വസ്തതയിൽ നയിക്കുന്നതിനായി ജോവാക്കീമിന്റെ കൃതികളെ അദ്ദേഹം ആഴത്തിൽ പഠിച്ചു. ഈ പഠനത്തിന്റെ അന്തരഫലമായി അദ്ദേഹം എഴുതിയ കൃതിയാണ് 'ആറു ദിവസത്തെ (സൃഷ്ടിയെ) സംബന്ധിച്ച്' (*Collationes in Hexaemeron*). ഇത് പാരീസ് ജീവിതകാലത്ത് എഴുതാനാരംഭിച്ചു ജീവിതകാലം മുഴുവൻ നീണ്ടുനിന്ന പൂർത്തീകരിക്കപ്പെടാത്ത കൃതിയാണ്. ഈ ഗ്രന്ഥത്തിൽ ആറു (ഏഴ്) ദിവസത്തെ ദൈവസൃഷ്ടി ദൃഷ്ടാന്ത രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. സഭാപിതാക്കന്മാർ ഏഴു ദിവസത്തെ സൃഷ്ടിയെ മനുഷ്യചരിത്രത്തെക്കുറിച്ചുള്ള ദൈവീക പ്രവചനമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. വി. ബൊനവഞ്ചർ ഈ വിവരണത്തെ വളരെ നൂതനമായ വിധത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ദൈവസൃഷ്ടിയെ ശരിയായി മനസ്സിലാക്കുന്നതിന് അനിവാര്യമായിരുന്നു. ജോവാക്കീമിന്റെ ആശയങ്ങൾ വി. ബൈബിളിനെ അടിസ്ഥാനപ്പെടുത്തി തെറ്റാണെന്ന് തെളിയിക്കുന്നതിന് അങ്ങനെ ബൊനവഞ്ചറിനു സാധിച്ചു. ക്രിസ്തു ബൊനവഞ്ചറിന്റെ ചിന്തയിൽ ചരിത്രത്തിന്റെ അവസാനമല്ല, പിന്നെയോ അതിന്റെ കേന്ദ്രമാണ്. ചരിത്രം ക്രിസ്തുവിനോടുകൂടി അവസാനിക്കുന്നില്ല, പിന്നെയോ അതിന് ഒരു പുതിയ ദിശാബോധം കൈവന്നു മുന്നേറുകയാണ് ചെയ്തത്.

പാരീസിലെ ബിഷപ്പായിരുന്ന പീറ്റർ ലൊംബാർഡ് എന്ന ദൈവശാസ്ത്രജ്ഞൻ (1096–1160) എഴുതിയ 'ആപ്തവചനങ്ങളെക്കുറിച്ചുള്ള നാല് ഗ്രന്ഥങ്ങൾ' (*Libri Quattuor Sententiarum*) യൂറോപ്പിൽ മധ്യകാലയുഗത്തിലെ ദൈവശാസ്ത്ര പാഠപുസ്തകമായിരുന്നു. വിശുദ്ധ ഗ്രന്ഥവും, സഭാപിതാക്കന്മാരുടെ ചിന്തകളെയും ആധാരമാക്കി തയ്യാറാക്കിയ ഈ ഗ്രന്ഥം കത്തോലിക്കാ ദൈവശാസ്ത്രത്തെ അതിന്റെ സമഗ്രതയിൽ അവതരിപ്പിച്ച കൃതിയാണ്. ബൊനവഞ്ചർ, തോമസ് അക്വീനാസ്, ഓക്കമിലെ വില്യം, ഡൻസ് സ്കോട്ടസ് തുടങ്ങിയ സ്കോളാസ്റ്റിക്ക് പണ്ഡിതരെല്ലാം തന്നെ ഇതിനെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ എഴുതിയിരുന്നു. ദൈവശാസ്ത്രത്തിൽ ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർത്ഥിയുടെ പഠനത്തിന്റെ ഭാഗമായിരുന്നു ഈ വ്യാഖ്യാന രചന. എന്നാൽ ബൊനവഞ്ചറിനെപ്പോലെയുള്ള പണ്ഡിതർ എഴുതിയ ഭാഷ്യങ്ങൾ മൂലകൃതിയെക്കാൾ പ്രാധാന്യം കൈവരിക്കുന്നതായിരുന്നു. കൂടാതെ പീറ്റർ ലൊംബാർഡ് വിട്ടുപോയ ചില ദൈവശാസ്ത്ര വിശദീകരണങ്ങൾ ഇവർ കൂട്ടിച്ചേർക്കുകയും ചെയ്തു.

ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹം ഉൾപ്പെട്ടിരിക്കുന്നത് ക്രിസ്തു സ്ഥാപിച്ച കത്തോലിക്കാ സഭയിലാണ് അല്ലാതെ ഭാവനപരമായ ആത്മീയവാദത്തിൽ അല്ല (utopian spiritualism) എന്ന് ബൊനവഞ്ചർ എഴുതി. ബൊനവഞ്ചറിന്റെ സമൂഹ നവീകരണ തീരുമാനങ്ങൾ ശരിയായ പരിചിന്തനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ 'മനസ്സിന്റെ ദൈവത്തിലേക്കുള്ള പ്രയാണം' എന്ന കൃതിയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും.

www.malankaralibrary.com



ഈ പുസ്തകം എഴുതിയത് ഫ്രാൻസിസ് അസ്സീസിക്ക് പഞ്ചക്ഷതങ്ങൾ ലഭിച്ച ല വെർണ മലയിൽ വച്ചായിരുന്നു. ആത്മീയ ഔന്നത്യം നിലനില്ക്കുന്ന പുണ്യ സ്ഥലത്തു വച്ചു ഈ പുസ്തകം രൂപപ്പെടു ത്താനുണ്ടായ പ്രചോദനത്തെക്കുറിച്ചു ആമുഖത്തിൽ ബൊനവഞ്ചർ എഴുതുന്നു: “എന്റെ മനസ്സിനെ ദൈവത്തിലേക്ക് ഉയർത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ചു ഞാൻ ധ്യാനിച്ചപ്പോൾ പല കാര്യങ്ങളിൽ എന്റെ മനോമുകരത്തിൽ ബീജാവാപം ചെയ്തത് വാഴ്ത്തപ്പെട്ട ഫ്രാൻസീസിന് ആ അത്ഭുതം സംഭവിച്ച സ്ഥലം തന്നെയാണ്... പ്രധാനമായും ചിറകുള്ള സെറാഫിം കുരിശ് രൂപത്തിൽ കാണപ്പെട്ടത്. ഈ ദർശനത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ എനിക്ക് ഫാ. ഫ്രാൻസിസിന്റെ അത്യാനന്ദപൂർണ്ണമായ ധ്യാനാവസ്ഥയും അതിലേക്ക് നയിച്ച വഴികളെയും കാണാൻ ഭാഗ്യം ലഭിക്കുകയും ചെയ്തു”.

വി. ഫ്രാൻസിസിന് ഉണ്ടായിരുന്നതുപോലെയുള്ള പ്രകൃതിസ്നേഹം ബൊനവഞ്ചറിനും ഉണ്ടായിരുന്നു. തന്റെ 'തീർത്ഥാടനം' എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു: “സൃഷ്ടവസ്തുക്കളുടെ വൈഭവത്തേക്കുറിച്ചു പ്രകാശിതമാകാത്തവൻ അന്ധനായിരിക്കും. അവയിലെ ആരവങ്ങൾ കേൾക്കാൻ കഴിയാത്തവൻ ബധിരത ബാധിച്ചവനും, ഇവയിലെല്ലാം ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയാത്തവൻ ഊമയും, ഇവയുടെയെല്ലാം പ്രഥമകാരണത്തിലേക്ക് ചെന്നെത്താൻ സാധിക്കാത്തവൻ വിവേകശൂന്യനുമായിരിക്കും. സൃഷ്ടി മുഴുവനും ഉച്ചത്തിൽ ദൈവമത്വവും, മനോഹാ രിതയും സ്നേഹവും പ്രഘോഷിക്കുന്നു. അതിനാൽ നമ്മുടെ ജീവിതം മുഴുവൻ ദൈവത്തിലേക്ക് നീളുന്ന ഒരു മനോഹര തീർത്ഥാടനമാണ്. ഇതിൽ ദൈവംതന്നെ നമ്മെ സഹായിച്ചു മുന്നോട്ട് നയിക്കുന്നു. ഇതിന് നമ്മെ സഹായിക്കുന്നത് നമ്മുടെ പ്രാർത്ഥനാജീവിതമാണ്.”

**ഉപസംഹാരം**

ഫ്രാൻസിസ്ക്കൻ സന്യാസിയായിരുന്ന അരേസ്സോയിലെ സിനിഗാർഡി രൂപപ്പെടുത്തിയ 'ത്രികാലജപം' വി. ബൊനവഞ്ചർ 1263 മുതൽ തന്റെ ആശ്രമങ്ങളിലെല്ലാം നിർബന്ധമാക്കിയതിന്റെ ഫലമായിട്ടാണ് ഇന്ന് ലോകമാസകലം കത്തോലിക്കാ സഭയിൽ മദ്ധ്യാഹ്നത്തിൽ മണിമുഴക്കുമ്പോൾ ഈ പ്രാർത്ഥന ചൊല്ലുന്നത്. വി. ബൊനവഞ്ചർ തന്റെ 'തീർത്ഥാടനം' എന്ന പുസ്തകം ആരംഭിക്കുന്നത് ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടാണ്: “നമ്മുടെ ദൈവമായ കർത്താവിനോട് നമുക്കിപ്രകാരം പറയാം: ദൈവമേ, എന്നെ അങ്ങയുടെ വഴിയിലൂടെ നയിച്ചാലും... അങ്ങയുടെ സത്യത്തിലൂടെ ഞാൻ യാത്ര ചെയ്യട്ടെ, ദൈവനാമത്തെ ഭയപ്പെടുന്നുവെന്നതിൽ എന്റെ ഹൃദയം ആനന്ദിക്കട്ടെ”. വി. ബൊനവഞ്ചറിനെപ്പോലെ ആഴമായ അറിവും അതുല്യമായ വിശുദ്ധിയും സമുന്വയിപ്പിച്ച വ്യക്തി ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹത്തിന്റെ നേതൃനിരയിലേക്ക് വന്നതുകൊണ്ടാണ് ക്രിസ്തുവിനെ തന്റെ ജീവിതത്തിൽ എല്ലാത്തരത്തിലും അനുകരിക്കാൻ ശ്രമിച്ച ഫ്രാൻസിസ് അസ്സീസി എന്ന അസാധാരണ പുണ്യവാന്റെ ഉത്കൃഷ്ട മാതൃക ലോകത്തിൽ കൂടുതൽ പ്രശോഭിതമായത്. ഒരിക്കലും മാറ്റമില്ലാത്ത ക്രിസ്തുവിനെ മാറുന്ന കാലത്തിനനുസരിച്ചു ലോകത്തിന് പ്രദാനം ചെയ്യുന്നതിന് ബൊനവഞ്ചറിനെപ്പോലെയുള്ള വിശുദ്ധരെ ആവശ്യമാണ്. ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ തന്റെ ബൗദ്ധികരൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തിയ വേദപാരംഗതനായ വി. ബൊനവഞ്ചറിനെക്കുറിച്ചു ഇപ്രകാരം എഴുതുന്നു: “വിശ്വാസവും സംസ്കാരവും തമ്മിലുള്ള സങ്കലനത്തിനായി അമൂല്യ സംഭാവനകൾ നൽകിയിട്ടുള്ള ക്രിസ്തീയ പ്രതിഭകളിൽ അഗ്രഗണ്യനാണ് വി. ബൊനവഞ്ചർ. അദ്ദേഹം കർമ്മോത്സുഹതയുടെയും ധ്യാനത്തിന്റെയും ആഴമായ ഭക്തിയുടെയും സൂക്ഷ്മതയുള്ള ഭരണകർത്തൃത്വത്തിന്റെയും മാതൃകയായിരുന്നു.” ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സജീവ പ്രതിരൂപങ്ങളായി നമ്മെ പരിവർത്തനപ്പെടുത്തി നാം ജീവിക്കുന്ന സാഹചര്യങ്ങളിലും സ്ഥലങ്ങളിലും യേശുവിനെ പകർന്നു നല്കി വി. ബൊനവഞ്ചറിനെപ്പോലെ നമ്മുടെ ജീവിതത്തിലൂടെയും അനേകരെ വിശ്വാസത്തിൽ ബലപ്പെടുത്താൻ നമുക്കും ശ്രമിക്കാം.

www.malankaralibrary.com



കാലികം

# ഏകീകൃത സിവിൽ കോഡ്

## അവ്യക്തതകളും ആശങ്കകളും

മത/ ജാതിബദ്ധമായ വ്യക്തി നിയമങ്ങൾക്ക് പകരം എല്ലാ പൗരന്മാർക്കും ഒരുപോലെ ബാധകമാകുന്ന ഏകീകൃത സിവിൽ കോഡ് സംബന്ധിച്ചുള്ള ചർച്ചകൾക്ക് ഇന്ത്യയുടെ ഭരണഘടന രൂപീകരണകാലത്തോളം പഴക്കമുണ്ട്. മതപരമായ വൈജാത്യങ്ങൾ, മതനിയമങ്ങൾ തുടങ്ങിയവയ്ക്ക് സ്വാധീനമുള്ള വിവാഹം, വിവാഹമോചനം, ദത്തെടുക്കൽ, രക്ഷാകർതൃത്വം, പിന്തുടർച്ചാവകാശ നിർണ്ണയം എന്നിവയാണ് വ്യത്യസ്ത മതവിഭാഗങ്ങൾക്ക് വേറിട്ട രീതികളിൽ കൈകാര്യം ചെയ്യാനാവുന്നത്. ഏകീകൃത സിവിൽ നിയമം നടപ്പാകുന്നതുവഴി ഇത്തരം കാര്യങ്ങളിലുള്ള വ്യത്യസ്ത രീതികൾ ഇല്ലാതാകുകയും എല്ലാ ഇന്ത്യൻ പൗരന്മാരും മേൽപ്പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച് മത ജാതി വ്യത്യാസമില്ലാതെ ഒറ്റ നിയമത്തിന് കീഴിലാകുകയും ചെയ്യും.

ഏകീകൃത സിവിൽ കോഡ് സംബന്ധിച്ച ചർച്ചകൾ ഈ അടുത്ത കാലത്തായി സജീവമായിട്ടുണ്ട്. 2018 ൽ ഇരുപത്തൊന്നാമത് കേന്ദ്ര നിയമ കമ്മീഷൻ പ്രസിദ്ധീകരിച്ച കൺസൾട്ടേഷൻ പേപ്പർ പ്രകാരം ഇന്ത്യയുടെ സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നത് അപ്രായോഗികമാണ് എന്ന വിലയിരുത്തലാണുള്ളത്. അത് അനാവശ്യമാണ് എന്ന് കാര്യകാരണസഹിതം നിയമകമ്മീഷൻ വ്യക്തമാക്കിയിരിക്കുന്നു. പിന്നീട് അഞ്ചു വർഷങ്ങൾക്ക് ശേഷം, 2023 ജൂൺ 14 ന് ഇരുപത്തിരണ്ടാം നിയമ കമ്മീഷൻ യൂണിഫോം സിവിൽ കോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ആശയങ്ങളും പൊതുജനങ്ങളിൽനിന്ന് ക്ഷണിച്ചിരിക്കുകയാണ്. ഒപ്പം, ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി ഈ ദിവസങ്ങളിൽ അനുകൂല നിലപാട് പ്രഖ്യാപിക്കുക കൂടി ചെയ്തതോടെ ഇത് സംബന്ധിച്ച ചർച്ചകൾ കൂടുതൽ സജീവമായിരിക്കുന്നു.

**റവ. ഫാ. മൈക്കിൾ പുളിക്കൽ**
സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ



ചില മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോഴും തുടരുന്നതായി വിലയിരുത്തപ്പെട്ടിട്ടുള്ള വിവേചനങ്ങളും, അനീതികളുമൊക്കെ പരിഹരിക്കാൻ യൂണിഫോം സിവിൽകോഡ് നടപ്പാക്കേണ്ടത് അനിവാര്യമാണെന്നാണ് ഇതിനെ അനുകൂലിക്കുന്നവർ ഉയർത്തുന്ന പ്രധാന വാദഗതി. മതപരമായ അനുശാസനങ്ങൾക്കും സാംസ്കാരിക വൈവിധ്യങ്ങൾക്കും ഇന്ത്യൻ ഭരണഘടനയും നിയമവും നൽകിവന്നിരുന്ന പരിഗണനയും അനുഭാവവും പൂർണ്ണമായി ഇല്ലാതാകുമെന്ന ആശങ്കയാണ് ഏകീകൃത സിവിൽ കോഡിനെ എതിർക്കുന്നവർക്കുള്ളത്. രണ്ടു വാദഗതികളിലും ചില വാസ്തവങ്ങൾ ഉണ്ടെങ്കിലും, നടപ്പാക്കിയേക്കാവുന്ന

www.malankaralibrary.com




ഏകീകൃത സിവിൽകോഡിന്റെ യഥാർത്ഥ ചിത്രം (രൂപരേഖ) എന്താണ് എന്നുള്ളതിനെക്കുറിച്ചുള്ള അവ്യക്തത വസ്തുനിഷ്ഠമായ നിലപാടുകൾ സ്വീകരിക്കുന്നതിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത്തരം ആശയക്കുഴപ്പങ്ങളിൽ നിന്നുളവാകുന്ന ആശങ്കകൾ ഏകീകൃത സിവിൽ നിയമത്തെകുറിച്ച് നിഷ്പക്ഷമായ ഒരു നിലപാട് സ്വീകരിക്കുന്നതിന് തടസമായി നിലകൊള്ളുന്നു.

**ഗോവയിലെ ഏകീകൃത സിവിൽ കോഡ്**

ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 44 പ്രകാരം നിർദ്ദേശക തത്വങ്ങളുടെ ഗണത്തിലാണ് ഏകീകൃത സിവിൽ കോഡ് ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് തീരുമാനം എടുക്കാമെന്നുണ്ടെങ്കിലും, ഗോവ ഒഴികെയുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നും ഏകീകൃത സിവിൽ കോഡ് നിലവിലില്ല. 1869 ൽ ഗോവയിൽ നടപ്പാക്കപ്പെട്ട പോർച്ചുഗീസ് സിവിൽ കോഡിന്റെ തുടർച്ചയാണ് ഇപ്പോഴും അവിടെ നിലനിൽക്കുന്ന ഏകീകൃത സിവിൽ കോഡ് എന്നുള്ളതാണ് വസ്തുത. 1966 ൽ ആ നിയമത്തിൽ ചില പരിഷ്കരണങ്ങൾ വരുത്തപ്പെടുകയുണ്ടായി. ഗോവൻ ഏകീകൃത സിവിൽ കോഡ് പ്രകാരം, ഒരു സിവിൽ അതോറിറ്റിയുടെ മുമ്പാകെ വിവാഹങ്ങളെല്ലാം നിർബ്ബന്ധമായും രജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ട്. മറ്റ് ഉടമ്പടികൾ ഇല്ലാത്തപക്ഷം വിവാഹമോചിതയാകുന്ന സ്ത്രീയ്ക്ക്, ഭർത്താവിന് പൈതൃകമായി ലഭിക്കുന്ന സ്വത്തിൽ ഉൾപ്പെടെ എല്ലാ പൊതു സ്വത്തിലും തുല്യ പങ്കിനുള്ള അവകാശമുണ്ടായിരിക്കും. മാതാപിതാക്കൾ തങ്ങളുടെ സ്വത്തിന്റെ പകുതിയെങ്കിലും നിർബ്ബന്ധമായും പെൺമക്കൾക്ക് ഉൾപ്പെടെ ഭാഗം ചെയ്തു കൊടുത്തിരിക്കണമെന്നും ഗോവയിലെ ഏകീകൃത സിവിൽ നിയമം അനുശാസിക്കുന്നു.

എന്നാൽ, ഗോവയിലെ ഏകീകൃത സിവിൽ കോഡ് തീർത്തും നിഷ്പക്ഷമല്ല. ഭാര്യയ്ക്ക് 25 വയസ് പൂർത്തിയായിട്ടും കുട്ടികൾക്ക് ജന്മം നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലോ, മുപ്പത് വയസ് പൂർത്തിയാകുന്നതുവരെയും ആൺകുട്ടിക്ക് ജന്മം നൽകാൻ കഴിഞ്ഞില്ലെങ്കിലോ ഹൈന്ദവനായ ഭർത്താവിന് മറ്റൊരു വിവാഹം കഴിക്കാൻ നിയമം അനുമതി നൽകുന്നു. മറ്റു മതസ്ഥർക്ക് ബഹുഭാര്യത്വം അനുവദനീയമല്ല. കത്തോലിക്കാ സഭയിൽ പെട്ടവർക്ക് പള്ളിയിൽ വച്ച് വിവാഹം നടത്താൻ സിവിൽ രജിസ്ട്രാറുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കേറ്റ് മാത്രം മതി. എന്നാൽ, മറ്റുള്ളവർക്കെല്ലാം രജിസ്ട്രേഷൻ നിർബ്ബന്ധമാണ്. ഭാര്യയ്ക്ക് പരപുരുഷ ബന്ധമുണ്ടെന്ന് സ്ഥാപിച്ചാൽ മാത്രമേ ഹൈന്ദവനായ ഭർത്താവിന് വിവാഹമോചനം ലഭിക്കുകയുള്ളു. മറ്റു മതസ്ഥർക്ക് മറ്റു കാരണങ്ങളും ആകാം.

ഇങ്ങനെയൊക്കെയാണെങ്കിലും, ഇന്ത്യയിൽ ഏകീകൃത സിവിൽ കോഡിന് ലഭ്യമായ ഏക മാതൃകയാണ് ഗോവയിലേത്. കഴിഞ്ഞ ചില വർഷങ്ങൾക്കിടെ ബിജെപി ഭരിക്കുന്ന വിവിധ ഇന്ത്യൻ സംസ്ഥാനങ്ങൾ ഏകീകൃത സിവിൽകോഡ് നടപ്പിലാക്കാൻ ഒരുങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. എന്നാൽ, എല്ലായ്പ്പോഴും സമൂഹത്തിന്റെ വിവിധ കോണുകളിൽനിന്ന് രൂക്ഷമായ എതിർപ്പുകൾ ഉയരുകയുണ്ടായി. ഏറ്റവും ചെറിയ ഇന്ത്യൻ സംസ്ഥാനമായ ഗോവയിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കിയിരിക്കുന്നത് മാതൃകയായി ചൂണ്ടിക്കാണിക്കുമ്പോഴും കൂടുതൽ വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചും ഇന്ത്യയെ പൊതുവിൽ കണക്കിലെടുക്കുമ്പോഴും വെല്ലുവിളികളും ആശങ്കകളും ഏറെയാണ്.

**ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യം**

മതപരമായ അനുശാസനങ്ങൾക്ക് വ്യക്തിജീവിതത്തിൽ പ്രാധാന്യം കൽപ്പിക്കപ്പെടുന്ന ഘട്ടങ്ങളിലും, സാംസ്കാരിക പൈതൃകവും, പാരമ്പര്യവും നിലനിർത്തേണ്ടതായുള്ള സാഹചര്യങ്ങളിലും വ്യത്യസ്തമായ വ്യക്തിനിയമങ്ങൾ അതിന് അവസരമൊരുക്കുന്നു. ഇന്ത്യയുടെ ഭരണഘടനയ്ക്കും നിയമ വ്യവസ്ഥിതിക്കും അനുസൃതമായി മതവിശ്വാസത്തെയും സംസകാരത്തെയും പാരമ്പര്യത്തെയും ആചാരങ്ങളെയും ക്രമീകരിക്കാൻ വിവിധ വിഭാഗങ്ങൾക്ക് അപ്രകാരം കഴിയുന്നു. വിവാഹവും വിവാഹമോചനവും പോലുള്ളവയ്ക്ക് രാഷ്ട്ര നിയമങ്ങൾക്ക് മുന്നിൽ പ്രാധാന്യം ഉള്ളതുപോലെ തന്നെ, മതവിശ്വാസപരമായും അവ സുപ്രധാനമാണ്. കത്തോലിക്കാ സഭയുടെ നിലപാടുകൾ ഉദാഹരണമാണ്. സഭയുടെ പ്രബോധനങ്ങൾ പ്രകാരം വിവാഹ ബന്ധം അതിന്റെ കൗദാശിക സ്വഭാവത്താൽ സിവിൽ നിയമത്തിന് മുന്നിൽ എന്നതിനേക്കാൾ ഉറപ്പുള്ളതായാണ് പരിഗണിക്കപ്പെടുന്നത്. അതിനാൽത്തന്നെ വിവാഹമോചനം എന്നതിന്റെ നിർവ്വചനത്തിന് പോലും വ്യത്യാസമുണ്ട്. മതവിശ്വാസ സംബന്ധമായ ഇത്തരം നിലപാടുകളെ സൂക്ഷ്മമായി പരിഗണിക്കേണ്ട ഘട്ടങ്ങളിൽ അതിനുള്ള സാധ്യത ഒരുക്കുന്നിടത്താണ് വ്യക്തിനിയമങ്ങളുടെ പ്രാധാന്യവും പ്രസക്തിയും കൂടുതൽ വ്യക്തമാകുന്നത്.

ഹിന്ദു, മുസ്ളീം, ക്രിസ്ത്യൻ എന്നിങ്ങനെ മൂന്ന് മതങ്ങളായി മാത്രം ഇന്ത്യൻ ജനതയെ കണ്ടുകൊണ്ടുള്ള സാമാന്യ സമീപനം ആരോഗ്യകരമല്ല. തങ്ങളുടെ സ്വത്വം കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായ മതവിഭാഗങ്ങൾ മറ്റു പലതുമുണ്ട്. അതിനേക്കാളേറെ, തങ്ങളുടെ പ്രത്യേകമായ സാംസ്കാരിക തനിമ സൂക്ഷിക്കുന്ന ഗോത്രവർഗ്ഗങ്ങൾ, ആദിവാസി

www.malankaralibrary.com

വിഭാഗങ്ങൾ, പ്രാദേശിക സമൂഹങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പാർശ്വവൽക്കരിക്കപ്പെട്ട ലക്ഷകണക്കിന് മനുഷ്യരും ഇന്ത്യയിൽ ജീവിക്കുന്നു. അവരവരുടെ സംസ്കാരവും രീതികളും തുടരുന്നതിൽ ഇത്തരമൊരു നിയമനിർമ്മാണം പ്രതിബന്ധം സൃഷ്ടിക്കുമോ എന്നുള്ള ആശങ്ക പ്രസക്തമാണ്. അക്കാരണത്താലാണ്, സംസ്ഥാനങ്ങളുടെ പ്രത്യേകമായ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് ഏകീകൃത സിവിൽ കോഡ് നടപ്പാക്കാനുള്ള ഉത്തരവാദിത്തം ഇന്ത്യൻ ഭരണഘടനയുടെ സൃഷ്ടാക്കൾ സംസ്ഥാന ഭരണകൂടങ്ങളെ ഭരമേല്പിച്ചത്. ഇന്ത്യയുടെ ഭരണഘടന നിലവിൽവന്ന 1950 ജനുവരി 26 ന് രാജ്യത്തുണ്ടായിരുന്ന വൈവിധ്യങ്ങൾക്കും സാഹചര്യത്തിനും ഇന്നും കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്നുള്ളതു കൂടി പരിഗണിച്ചാണ് 2018 ൽ ഇരുപത്തൊന്നാം നിയമ കമ്മീഷൻ യൂണിഫോം സിവിൽകോഡ് പ്രായോഗികമല്ലെന്ന് നിരീക്ഷിച്ചത്.

**വ്യക്തി നിയമങ്ങളിലെ വിവേചനങ്ങൾ**


ലിംഗപരമായ വേർതിരിവുകളും അസമത്വവും ഉണ്ടെന്നുള്ള ആരോപണങ്ങളാണ് മുഖ്യമായും ചില വ്യക്തി നിയമങ്ങൾക്കെതിരെ ഉള്ളത്. എന്നാൽ, വ്യക്തി നിയമങ്ങളിൽ കാലാനുസൃതമായ പല പരിഷ്കരണങ്ങളും ഉണ്ടായിട്ടുണ്ട് എന്നുള്ളതുപോലെ തന്നെ ഇനിയും ഭേദഗതികൾ വരുത്താവുന്നതുമാണ്. പിന്നീട് നടപ്പായിട്ടുള്ള മറ്റു പല നിയമങ്ങളിലെയും (ഉദാ: വിവാഹപ്രായം: പോക്സോ നിയമം, അഡോപ്ഷൻ: ഗാർഡിയൻ ആൻഡ് വാർഡ് നിയമം, ജുവനൈൽ ജസ്റ്റിസ് ആക്ട് മുതലായവ) വിവിധ വകുപ്പുകൾ പ്രകാരവും, പലപ്പോഴായുള്ള കോടതി ഇടപെടലുകളിലൂടെയും (ഉദാ: സ്വത്തവകാശം: മേരി റോയി കേസ്) അത്തരത്തിലുള്ള കാലികമായ മാറ്റങ്ങൾ പല വ്യക്തി നിയമങ്ങളിലും ഉണ്ടായിട്ടുണ്ട്. അത്തരത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ഉച്ചനീചത്വങ്ങളും അനീതിയും പരിഹരിക്കാനുള്ള ഇടപെടലുകൾ തുടർന്നും സർക്കാരിനും കോടതികൾക്കും നടത്താവുന്നതാണ്. എല്ലാ പൗരന്മാർക്കും ബാധകമായ പല നിയമനിർമ്മാണങ്ങളും സമീപ കാലത്ത് ഉണ്ടായിട്ടുള്ളതുപോലെ, സ്ത്രീ സുരക്ഷയും സ്ത്രീ സ്വാതന്ത്ര്യവും മുൻനിർത്തിക്കൊണ്ടുള്ള പ്രത്യേക നിയമനിർമ്മാണവും പരിഗണിക്കാവുന്നതാണ്.

മതപരവും സാംസ്കാരികവുമായ നിയമങ്ങളും കീഴ്വഴക്കങ്ങളും രാഷ്ട്ര നിയമങ്ങളോട് പൊരുത്തപ്പെടുത്തിക്കൊണ്ടു പോകാനുള്ള പ്രാഥമിക ഉത്തരവാദിത്തം അതത് സമൂഹങ്ങൾക്ക് തന്നെയാണുള്ളത്. കാലാനുസൃതമായ മാറ്റങ്ങൾ അക്കാര്യങ്ങളിൽ പ്രാബല്യത്തിൽ വരുത്താൻ സമുദായ-മത നേതൃത്വങ്ങൾ തയ്യാറാകണം. പ്രാകൃതമായ ചട്ടക്കൂടിൽനിന്ന് വ്യതിചലിക്കാൻ ആരെങ്കിലും തയ്യാറാകുന്നില്ലെങ്കിൽ ആധുനിക സമൂഹത്തിൽ അത് ലജ്ജാകരമാണ്. കാലാനുസൃതമായ മാറ്റങ്ങൾക്ക് അനുസൃതമായ നിയമക്രമീകരണം (codification) നടത്താനുള്ള ചുമതല എക്കാലവും ഭരണകൂടത്തിനുണ്ട്. ആ പ്രക്രിയ എക്കാലവും നടന്നുവരുന്നതാണ്. അതിനാലാണ്, ക്രൈസ്തവ സമൂഹത്തിന്റെ പരമ്പരാഗത രീതികൾ, കീഴ്വഴക്കങ്ങൾ തുടങ്ങിയവയ്ക്ക് ഒട്ടേറെ മാറ്റങ്ങൾ സംഭവിക്കുകയും, തികച്ചും ഭരണഘടനാനുസൃതവും, പൊതു നിയമങ്ങൾക്ക് പൂർണ്ണമായി വിധേയപ്പെട്ടതുമായ വ്യക്തി നിയമങ്ങൾ പാലിക്കപ്പെട്ടു പോരുകയും ചെയ്യുന്നത്. അത്തരമൊരു തുറവി ഇന്ത്യയിലെ ക്രൈസ്തവ സമൂഹം എക്കാലവും പുലർത്തിവരുന്നുണ്ട്, ഇനിയും അപ്രകാരംതന്നെ ആയിരിക്കും. അടിസ്ഥാനപരമായി ഏകീകൃത സിവിൽകോഡ് വഴി തിരുത്തിക്കുറിക്കപ്പെടുമെന്ന് കരുതപ്പെടുന്ന വിവാഹ, വിവാഹമോചന, ദത്തെടുക്കൽ, പിന്തുടർച്ചാവകാശ, രക്ഷാകർതൃത്വ സംബന്ധമായ കാര്യങ്ങളുടെ പ്രത്യക്ഷ തലങ്ങളിലൊന്നുംതന്നെ ക്രൈസ്തവ സമൂഹത്തിന് വലിയ ആശങ്കയ്ക്ക് വകയില്ല. എന്നാൽ, മതപരമായ അനുശാസനങ്ങൾ തീരെയും വിലകല്പിക്കപ്പെടാതെ പോയേക്കാം എന്നുള്ളതാണ് ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്ന ആശങ്ക. സമീപകാല ഭരണകൂട നിലപാടുകളിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങളും ന്യൂനപക്ഷ മതവിഭാഗങ്ങളോട് പുലർത്തിവരുന്ന വിവേചനങ്ങളും പരിഗണിക്കുമ്പോൾ അത്തരമൊരു ആശങ്ക വർധിക്കുന്നു.




'എലിയെ പേടിച്ച് ഇല്ലം ചുടുക' എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ, മറ്റു മാർഗ്ഗങ്ങളിലൂടെ പരിഹരിക്കാനാവുന്ന ചില വിവേചനങ്ങളെ ചെറുക്കാൻ എല്ലാ വ്യക്തിനിയമങ്ങളെയും ഇല്ലാതാക്കണോ എന്നുള്ളതാണ് അവശേഷിക്കുന്ന ചോദ്യം. ഉച്ചനീചത്വങ്ങളും, വിവേചനങ്ങളും, അടിച്ചമർത്തലുകളും ഇല്ലാത്ത ഒരു ഇന്ത്യയായിരിക്കണം നാളെയുടെ ഇന്ത്യ എന്നുള്ളതിൽ സംശയമില്ല. എന്നാൽ, അത് 'നാനാത്വത്തിലെ ഏകത്വം' കാത്തുസൂക്ഷിക്കുന്ന ഇന്ത്യയും ആയിരിക്കേണ്ടതുണ്ട്. വ്യത്യസ്തതകളുടെ സൗന്ദര്യം എക്കാലവും ഇന്ത്യയുടെ മുഖമുദ്ര തന്നെ ആയിരിക്കണം. അനാവശ്യമായ ചേരിതിരിവുകൾക്കോ ആശയക്കുഴപ്പങ്ങൾക്കോ അപകട ഭീതികൾക്കോ അരക്ഷിതത്വ ചിന്തകൾക്കോ ഇടനൽകാതെ സാമുദായിക സൗഹാർദ്ദവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ ഭരണകൂടങ്ങൾ സവിശേഷ ശ്രദ്ധ ചെലു

www.malankaralibrary.com



**റവ. ഫാ. ബോവസ് മാത്യു**
ചീഫ് എഡിറ്റർ, ക്രൈസ്തവ കാഹളം

# മാനുഷിക മൂല്യങ്ങളുടെ ജീവിതഗാഥ

ഉമ്മൻചാണ്ടി വിടവാങ്ങിയിരിക്കുന്നു. അരനൂറ്റാണ്ടിനപ്പുറം നിയമസഭാംഗമായും മന്ത്രിയായും മുഖ്യമന്ത്രിയായും ഉമ്മൻചാണ്ടി എന്ന അത്ഭുത മനുഷ്യൻ രചിച്ചത് പൊതുജീവിതത്തിലെ മാനുഷിക മൂല്യങ്ങളുടെ സുവർണ്ണ ചരിത്രമാണ്. നിയമസഭാംഗമാകുന്നതിന് മുൻപ് തന്റെ സ്കൂൾ ജീവിതം മുതൽ അഖിലകേരള ബാലജനസഖ്യത്തിലൂടെയും കെ.എസ്.യു. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയും ഉമ്മൻചാണ്ടി രചിച്ചത് നീതിബോധത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും കരുണാർദ്രഹൃദയത്തിന്റെയും വീരകഥകളാണ്.

മലയാളമനോരമയുടെ ബാലജനസഖ്യം വേദികളിലാണ് ഞാൻ ഉമ്മൻചാണ്ടിയെക്കുറിച്ച് ആദ്യം കേൾക്കുന്നത്. ബാലജനസഖ്യത്തിലെ മുതിർന്ന തലമുറയിൽപ്പെട്ടവരും പരിശീലകരും എപ്പോഴും ആവർത്തിച്ചുപറയുന്ന പേരാണ് അതിന്റെ സംസ്ഥാന പ്രസിഡന്റായിരുന്ന ഉമ്മൻചാണ്ടിയുടേത്. ബാലജനസഖ്യത്തിന്റെ കർമ്മപരിപാടികളിൽ സജീവമാകുന്നതിനും അതിന്റെ നേതൃനിരയിലേക്ക് വളർന്നുവരുന്നതിനും ഒടുവിൽ അതിന്റെ സംസ്ഥാന സെക്രട്ടറിയാകുന്നതിനും അതിനുമുൻപ് കണ്ടിട്ടില്ലാത്ത ഉമ്മൻചാണ്ടി എന്ന അദൃശ്യശക്തി വലിയ ഊർജ്ജമാണ് പകർന്ന് നൽകിയിട്ടുള്ളത്. കോട്ടയത്ത് മലയാള മനോരമയുടെ അങ്കണത്തിൽ നടന്ന ബാലജനസഖ്യം വജ്രജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിലാണ് ഉമ്മൻചാണ്ടിയെ ഏറ്റവും അടുത്ത് കാണുന്നത്. ഭാവങ്ങളില്ലാത്ത, ധാർഷ്ട്യമില്ലാത്ത, സാധാരണക്കാരോട് അതിവേഗത്തിൽ ആശയവിനിമയം നടത്തുന്ന ഒരു പൊതുപ്രവർത്തകനെ അന്നുമുതൽ അടുത്ത് കാണുകയും നിരന്തരം നിരീക്ഷിക്കുകയും അത്ഭുതത്തോടുകൂടി മനസ്സിലാക്കുകയും ചെയ്തു തുടങ്ങി. പിന്നീട് അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ കെ. എസ്. യു. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ അൽപ്പകാലം സജീവമായപ്പോൾ ഉമ്മൻചാണ്ടി ഒരാവേശമായിരുന്നു. കോൺഗ്രസ്സ് രാഷ്ട്രീയം എ. ഐ. എന്നീ ഗ്രൂപ്പുകളുടെ വിഷമവൃത്തത്തിൽ മുന്നോട്ട് പോയപ്പോൾ എ ഭാഗത്തോട് ഒരു ചായ്വ് തോന്നിയത് എ. കെ. ആന്റണി എന്ന ഊതിവീർപ്പിച്ച ആദർശപുരുഷനെക്കാളും ഉമ്മൻചാണ്ടി എന്ന മാനുഷികമുഖം മൂലമായിരുന്നു. വൈദിക പരിശീലനവും പൗരോഹിത്യ ജീവിതവും വ്യത്യസ്ഥമായ ഒരു പ്രവർത്തന മേഖല തന്നപ്പോഴും കോൺഗ്രസ്സ് രാഷ്ട്രീയത്തേയും ഉമ്മൻചാണ്ടിയേയും എപ്പോഴും പത്രത്താളുകളിലൂടെ പിൻതുടരുന്നത് അതീവ താൽപര്യത്തോടെയായിരുന്നു. പട്ടത്തെ അരമനയിൽ അദ്ദേഹം അനേകം പ്രാവശ്യം വന്നിട്ടുണ്ട്. അഭിവന്ദ്യ സിറിൽ ബാവ തിരുമേനിയോടും അത്യഭിവന്ദ്യ കർദ്ദിനാൾ ക്ലീമിസ് ബാവ തിരുമേനിയോടും അദ്ദേഹം വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നു. അരമനയിലെ വിശേഷങ്ങൾക്ക്, മറ്റ് പൊതു ചടങ്ങുകൾക്ക് അദ്ദേഹം നിരന്തര സാന്നിധ്യമായിരുന്നു. സഭയുടെ വിദ്യാഭ്യാസ ആതുര ശുശ്രൂഷാ മേഖലകളുടെ പുതിയ ചുവടുവയ്പ്പുകൾക്ക് ഉമ്മൻചാണ്ടി എന്ന മുഖ്യമന്ത്രി നൽകിയിട്ടുള്ള അസാധാരണമായ പിൻതുണയും പിൻബലവും പ്രോത്സാഹനവും എടുത്തുപറയേണ്ടതാണ്. ക്ലിഫ് ഹൗസിലും കന്റോൺമെന്റ് ഹൗസിലും, തിരുവനന്തപുരത്തെ പുതുപ്പള്ളി ഹൗസിലും പലകാര്യങ്ങൾക്കായി അദ്ദേഹത്തെ കാണാൻ പോയിട്ടുണ്ട്. ആൾക്കൂട്ടത്തിന്റെ നടുവിലും അദ്ദേഹത്തിന്റെ അടുത്തെത്തുവാൻ അദ്ദേഹത്തിന്റെ സഹായികൾ ഒപ്പം നിന്നിട്ടുണ്ട്. ശ്രദ്ധയോടെ തന്റെ അടുക്കൽ ചെല്ലുന്നവരെ കേൾക്കുവാനും അവരുടെ കാര്യങ്ങളിൽ ഇടപെടാനും അദ്ദേഹം കാണിക്കുന്ന ഉത്സാഹം അടുത്തുനിന്ന് കണ്ടിട്ടുണ്ട്.


www.malankaralibrary.com
അവർ മടങ്ങിപ്പോകുമ്പോൾ അവരുടെ കണ്ണുകളിലെ തിളക്കമുള്ള പ്രകാശം നോക്കിനിൽക്കുന്നവർക്ക് വ്യക്തമാണ്. ഉമ്മൻചാണ്ടി എന്ന അത്ഭുത മനുഷ്യൻ കേരളത്തിലെ അനേകായിരങ്ങളുടെ കണ്ണുനീരാണ് ഒപ്പിയെടുത്തത്. ജീവിതപ്രശ്നങ്ങളുടെ നടുവിൽ മുങ്ങിത്താണ അനേകരുടെ ജീവിതങ്ങളെയാണ് ഫയൽ നാടകളുടെ കുരുക്കുകളിൽ നിന്നും അദ്ദേഹം രക്ഷിച്ചെടുത്തത്. രാഷ്ട്രീയമെന്നാൽ എതിരാളികളുടെ സ്വകാര്യ ജീവിതങ്ങളെ നട്ടാൽകുരുക്കാത്ത കള്ളക്കഥകൾ കൊണ്ട് എരിച്ചുകളയുന്ന രാഷ്ട്രീയ സംസ്കാരം ഉമ്മൻചാണ്ടിയ്ക്കില്ല. തനിക്കെതിരെ വന്ന കള്ളക്കഥകളുടെ മുനയൊടിയ്ക്കാൻ ഉരുളയ്ക്ക് ഉപ്പേരി പോലെ മറുപടി പറഞ്ഞ് ഉമ്മൻചാണ്ടി സമയം കളഞ്ഞിട്ടില്ല. താൻ ദൈവത്തിൽ വിശ്വസിക്കുന്നതിനാൽ ആരോടും പരാതിയോ പരിഭവമോ ഇല്ല. കാലം സത്യം തെളിയിക്കും എന്ന് അദ്ദേഹം ആവർത്തിച്ച് പറയുമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിന് മുൻപുതന്നെ അത്തരം ആരോപണങ്ങളെല്ലാം ഒരു ചീട്ടുകൊട്ടാരം പോലെ നമ്മുടെ കൺമുന്നിൽ തകർന്നുവീഴുന്നത് നാം കണ്ടു. ഉമ്മൻ ചാണ്ടി കടന്നുപോയത് രാഷ്ട്രീയ എതിരാളികൾ തീർത്ത കെണികൾക്കുമുകളിലൂടെ മാത്രമല്ല സ്വന്തം പാളയത്തിലെ ദുരന്തങ്ങൾക്ക് മുകളിൽക്കൂടിയാണ്. എതിരാളികളുടെ കെണികളെ അനായാസം മറികടക്കാൻ ഉമ്മൻചാണ്ടിയെന്ന പ്രായോഗിക രാഷ്ട്രീയ നേതാവിന് കഴിഞ്ഞെങ്കിലും തന്റെ ജീവിതം പരിപൂർണ്ണമായും നൽകി താൻ ഒപ്പം നിന്ന് സംരക്ഷിച്ചവർ തീർത്ത കെണികളെ മുൻകൂട്ടി കാണാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കെട്ടിച്ചമച്ച ആദർശ രൂപങ്ങൾ ഡെൽഹിയിൽ നിന്നും നാട്ടിൽ നിന്നും ഭരണത്തുടർച്ച ഉണ്ടാകാതിരിക്കാൻ ആവുന്നതെല്ലാം ശ്രമിച്ചു. ഇല്ലായിരുന്നെങ്കിൽ ഉമ്മൻചാണ്ടിയുടെ തുടർഭരണം കേരളം കാണുമായിരുന്നു. മുഖ്യമന്ത്രി എന്ന നിലയിൽ ഉമ്മൻചാണ്ടി തുടങ്ങിവച്ച വൻകിട പദ്ധതികൾ കേരളത്തിന്റെ വികസന സങ്കൽപ്പങ്ങളെത്തന്നെ മാറ്റിമറിച്ചു. കൊച്ചി മെട്രോ, വിഴിഞ്ഞം പദ്ധതി, കണ്ണൂർ വിമാനത്താവളം, കൊച്ചി സ്മാർട്ട് സിറ്റി.... അങ്ങനെ ഉമ്മൻചാണ്ടി തുടങ്ങിവച്ച എത്രയോ വൻപദ്ധതികളാണ് കേരളത്തിലെ വികസന കുതിപ്പിന് ആക്കം കൂട്ടിയത്.



രാഷ്ട്രീയ കേരളത്തിൽ നിന്നും ഉമ്മൻചാണ്ടി വിടപറയുമ്പോൾ ഇനിയും അവിടെ അതുപോലൊരാളെ നമുക്ക് പ്രതിഷ്ഠിക്കുവാൻ ഇല്ല. അങ്ങനെ ഒരാളായിരുന്നു ഉമ്മൻചാണ്ടി. ആ ഹൃദയത്തിന്റെ വലിപ്പം അത്രയ്ക്കുണ്ടായിരുന്നു. ഇതുപോലെ പാവങ്ങളുടെ കണ്ണുനീരിന്റെ മുൻപിൽ വഴങ്ങിക്കൊടുത്തിട്ടുള്ള ഒരു ഭരണാധികാരിയെ കേരളം കണ്ടിട്ടില്ല. ഇനിയും കാണുമെന്ന് തോന്നുന്നുമില്ല. രാഷ്ടീയമായും ഭരണപരമായും അദ്ദേഹത്തെ എതിർക്കുന്നവർക്ക് ധാരാളം കാര്യങ്ങൾ പറയുവാൻ കാണും. പക്ഷേ അവരും പറയും ജനങ്ങളെ ഇതുപോലെ സ്നേഹിക്കുകയും കരുതുകയും ചെയ്ത ഒരാൾ ഉമ്മൻചാണ്ടി മാത്രമാണ്. അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ വിശ്വാസ ജീവിതം ഉണ്ടായിരുന്നു. ഞായറാഴ്ചകളിൽ പുതുപ്പള്ളി പള്ളിയിലെ നിത്യസാന്നിധ്യമാണ് ഉമ്മൻചാണ്ടി. ഓശാന ഞായറാഴ്ച കുരുത്തോലയുമായി പള്ളിയുടെ സ്റ്റെപ്പിലിരിക്കുന്ന ഉമ്മൻചാണ്ടിയുടെ ചിത്രം, പള്ളിയുടെ കവാടത്തിനരികിലുള്ള കുരിശ്ശടിയുടെ മുന്നിൽ മെഴുകുതിരി കത്തിക്കുന്ന ഉമ്മൻചാണ്ടിയുടെ ചിത്രം... നമ്മുടെ മനസ്സിൽ മായാതെയുണ്ട്. അപരനുവേണ്ടി ജീവിതം മുഴുവൻ മാറ്റി വയ്ക്കുവാൻ ഈ മഹാമനുഷ്യനെ പ്രേരിപ്പിച്ചത് ആ പള്ളിയിൽ നിന്ന് പഠിച്ചതുകൂടിയാണ്. തന്റെ വിശ്വാസം എന്തായിരിക്കുമ്പോഴും അപരന്റെ വിശ്വാസത്തെയും ജീവിതത്തെയും തന്റേതുപോലെ ബഹുമാനിക്കാനും സ്നേഹിക്കുവാനും ഉമ്മൻചാണ്ടിയ്ക്ക് കഴിഞ്ഞത് കേരളം എന്നും നന്ദിയോടെ ഓർക്കും. ഉമ്മൻചാണ്ടിയ്ക്ക് വിട. ദൈവം വാഗ്ദാനം ചെയ്ത, അദ്ദേഹം വിശ്വസിച്ച സ്വർഗ്ഗീയ ഭാഗ്യം ദൈവത്തിന്റെ കരുണയുടെ കരങ്ങൾ അദ്ദേഹത്തിന് നൽകട്ടെ.

www.malankaralibrary.com





# ഹൃദയത്തിൽ മുറിവായി മണിപ്പൂർ

മണിപ്പൂർ കത്തിയെരിയാൻ തുടങ്ങിയിട്ട് മൂന്നു മാസത്തോളമാകുന്നു. വെറും ഗോത്രവർഗ ഏറ്റുമുട്ടൽ എന്നു പറഞ്ഞ് നിസ്സാരവത്കരിക്കുകയായിരുന്നു രാജ്യം ഭരിക്കുന്നവർ. അങ്ങനെതന്നെ നിസ്സാരവത്കരിക്കുകയാണ് ഇപ്പോഴും. ഏറെ സെൻസിറ്റീവ് ആയ ഒരു സംസ്ഥാനത്ത് കലാപത്തിന്റെ കരിമരുന്ന് എരിഞ്ഞു തുടങ്ങിയപ്പോൾ തന്നെ അറിവുള്ളവർ മുന്നറിയിപ്പ് നൽകിയതാണ്. എന്നാൽ രാജ്യം ഭരിക്കുന്നവർക്കു മാത്രമല്ല, നീതിപീഠത്തിനു പോലും അതിന്റെ ഗൗരവം ഉൾക്കൊള്ളാനായില്ല. അതോ ആദ്യം പറഞ്ഞതു പോലെ നിസ്സാരവത്കരിക്കുകയായിരുന്നോ? വിഭജിച്ചു ഭരിക്കുക എന്ന ലക്ഷ്യം മുന്നിലുള്ളപ്പോൾ അതിനു പറ്റിയ സുവർണാവസരം ഉപയോഗപ്പെടുത്തുക തന്നെ.

**ബോബി എബ്രഹാം**



അവിടെനിന്നുള്ള വിവരങ്ങൾ പുറത്തുപോകുന്നതു തടഞ്ഞ് കലാപം തുടർന്നോട്ടെ എന്ന മൗനാനുവാദമായിരുന്നോ? ആർക്കറിയാം. ഏതായാലും കലാപം ശമിപ്പിക്കുന്നതിനേക്കാൾ ഭരണാധികാരികൾ ശ്രദ്ധിച്ചത് വിവരം പുറത്തുപോകുന്നതു തടയാനായി ഇന്റർനെറ്റ് സേവനം റദ്ദാക്കുന്നതിലായിരുന്നു. മണിപ്പുരിൽ ഒന്നും സംഭവിക്കുന്നില്ലെന്ന നാട്യത്തിൽ രാജ്യത്തിന്റെ പ്രധാനമന്ത്രി പുതിയ ട്രെയിനുകൾ ഉദ്ഘാടനം ചെയ്തും വിദേശ രാജ്യങ്ങളിൽ ചുറ്റിസഞ്ചരിച്ചും വർണങ്ങൾ വാരിവിതറുന്ന വേഷങ്ങൾ ധരിച്ചും സന്തോഷ മൂഡിലായിരുന്നു. മണിപ്പുരിൽ വെറും ഗോത്രവർഗ ഏറ്റുമുട്ടലല്ലേ, അതിലെന്തുകാര്യം എന്ന മട്ട്. ഗുജറാത്തിൽ വംശഹത്യ നടക്കുമ്പോഴും ഇതു തന്നെയായിരുന്നല്ലോ പലരുടെയും നിലപാട്.

മെയ്തെയ്-കുക്കി വിഭാഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് അവിടെ നടക്കുന്നതെന്നാണ് ഇപ്പോഴും സർക്കാർ നിലപാട്. പക്ഷേ, അവിടെ നശിപ്പിക്കപ്പെട്ടത് ക്രിസ്ത്യൻ ദേവാലയങ്ങളായിരുന്നു. കഴിഞ്ഞ മാസം പുറത്തുവന്ന കണക്കനുസരിച്ച് 260 പള്ളികളെങ്കിലും നശിപ്പിക്കപ്പെട്ടിട്ടുണ്ട്. കുക്കി വംശജർക്കെതിരെ വ്യാപകമായ അക്രമം നടന്നു. മെയ്തെയ് വിഭാഗത്തെ മുഴുവനായി പട്ടികവർഗത്തിൽ ഉൾപ്പെടുത്താനുള്ള നീക്കത്തിനെതിരെയുണ്ടായ പ്രതിഷേധത്തിന്റെ പേരിലായിരുന്നു അതിക്രമം മുഴുവൻ. തകർത്തത് പ്രതിഷേധത്തെ മാത്രമല്ല, കുക്കി വംശജരുടെ ജീവിതം കൂടിയാ

www.malankaralibrary.com

യിരുന്നു. ഇതിനിടയിൽ ഇരുവിഭാഗങ്ങളിലു മുള്ളവർ ആരാധന നടത്തുന്ന ക്രിസ്ത്യൻ പള്ളികൾ വ്യാപകമായി ആക്രമിക്കപ്പെട്ടു എന്നത് ലളിതമായി കാണാനാവില്ല.

എല്ലാറ്റിനോടും മൗനമായിരുന്നു പ്രതികരണം. കേന്ദ്ര ആഭ്യന്തര മന്ത്രി ചില യോഗങ്ങൾ വിളിച്ചെങ്കിലും ഫലമൊന്നുമുണ്ടായില്ല. മണിപ്പൂർ ശാന്തമാകുന്നുവെന്ന ഔദ്യോഗിക ഭാഷ്യം മാത്രമേ പുറത്തുവന്നുള്ളു. ഭരണാധികാരികൾ അവിടേക്കു ചെല്ലാൻ മടിച്ചു നിന്നപ്പോൾ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അവിടെച്ചെന്നു. ഇരുവിഭാങ്ങളെയും കണ്ടു. അദ്ദേഹത്തിന്റെ സന്ദർശനത്തെ തടസ്സപ്പെടുത്താൻ വലിയ ശ്രമങ്ങളുണ്ടായിട്ടും അതൊന്നും ഫലിച്ചില്ല. പിന്നാലെ കേരളത്തിൽ നിന്നുൾപ്പെടെയുള്ള കോൺഗ്രസ് എംപിമാരും ഇടതുപക്ഷ എംപിമാരും അവിടെ സന്ദർശനം നടത്തി. കുറച്ചൊക്കെ വിവരങ്ങൾ അങ്ങനെ പുറത്തുന്നുതുടങ്ങി. സിപിഐ നേതാവ് ആനി രാജ സന്ദർശനം നടത്തിയശേഷം പറഞ്ഞത് ഭരണകൂട പിന്തുണയോടെ നടന്ന അക്രമമായിരുന്നു എന്നാണ്. അതിന്റെ പേരിൽ അവർക്കെതിരെ രാജ്യദ്രോഹക്കുറ്റവും ചുമത്തി. ജനാധിപത്യ രാജ്യത്ത് വിമർശനത്തിന് അങ്ങനെ ചില ഭാഷ്യവും ചമയ്ക്കാം. പുറത്തുനിന്നുള്ള മാധ്യമപ്രവർത്തകരും അവിടെ സന്ദർശനം നടത്തി. മലയാള മനോരമ ലേഖകൻ അവിടെ സന്ദർശിച്ചെഴുതിയ പരമ്പരയിൽ യുവതികൾ പീഡിപ്പിക്കപ്പെട്ടതിനെപ്പറ്റി എഴുതി. രാജ്യത്തും ലോകമെമ്പാടും നടക്കുന്ന ചലനങ്ങൾ ഒപ്പിയെടുക്കുന്നെന്നഭിമാനിക്കുന്ന ഇന്റലിജൻസ് സംവിധാനമൊന്നും ഇക്കാര്യം അറിഞ്ഞില്ലെന്നു വേണം കരുതാൻ. അതുകൊണ്ടാവുമല്ലോ പ്രധാനമന്ത്രി മൗനം പാലിച്ചത്. അല്ലെങ്കിൽ ഒരു സംസ്ഥാനം കത്തിയെരിയുമ്പോൾ പ്രധാനമന്ത്രിക്ക് മൗനം പാലിക്കാനാവില്ലല്ലോ. എ.ബി. വാജ്പേയി പ്രധാനമന്ത്രിയായിരിക്കുമ്പോൾ രാജധർമ്മത്തെപ്പറ്റി ഒരു സംസ്ഥാന മുഖ്യമന്ത്രിയെ ഓർമിപ്പിക്കേണ്ടിവന്നു. ആ മുഖ്യമന്ത്രി പ്രധാനമന്ത്രിയായപ്പോഴും രാജധർമം മറന്നുവെന്നു വേണം കരുതാൻ. അല്ലെങ്കിൽ ബിരേൻ സിങ് എന്ന മുഖ്യമന്ത്രി മണിപ്പൂരിൽ തുടരില്ലല്ലോ.

ഇന്ത്യയുടെ മണ്ണിൽ രണ്ടു യുവതികളെ നഗ്നരാക്കി ജനക്കൂട്ടത്തിന്റെ അകമ്പടിയോടെ നടത്തിക്കുകയും അവരെ പുരുഷന്മാർ അപമാനിക്കുകയും ചെയ്യുന്ന വിഡിയോ പുറത്തുവന്നതോടെ തകർന്നടിഞ്ഞത് രാജ്യത്തിന്റെ യശസ്സാണ്. അപ്പോഴാണ്രേത പ്രധാനമന്ത്രി വിവരമറിഞ്ഞത്. വലിയ വിഷമമുണ്ടെന്ന മട്ടിൽ പ്രസ്താവന ഇറക്കിയ അദ്ദേഹം അക്കൂട്ടത്തിൽ രാജസ്ഥാനിലും ഛത്തീസ്ഗഢിലും ഒക്കെ ഇങ്ങനെ സംഭവിക്കുന്നുണ്ടെന്നു പറഞ്ഞ് സംഭവത്തെ നിസ്സാരവത്കരിക്കാനും ശ്രമിച്ചു. അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അത് അദ്ദേഹം പ്രധാനമന്ത്രിയായിരിക്കുന്ന രാജ്യത്താണെന്ന് അദ്ദേഹം മറന്നുപോയി. പ്രധാനമന്ത്രിയുടേത് മുതലക്കണ്ണീരെന്നു പറഞ്ഞാണ് ദ് ടെലഗ്രാഫ് പത്രം പരിഹാസമുതിർത്തത്. ലജ്ജ കൊണ്ട് തലകുനിഞ്ഞുപോകുന്നെന്നു പറഞ്ഞ പ്രധാനമന്ത്രി പക്ഷേ മണിപ്പൂരിൽ രാജധർമം പാലിക്കാൻ മറന്ന മുഖ്യമന്ത്രിയെപ്പറ്റി ഒരക്ഷരം മിണ്ടിയുമില്ല.

32 ലക്ഷം മാത്രം ജനസംഖ്യയുള്ള ഒരു സംസ്ഥാനത്ത് ജനങ്ങളെ ഒന്നിപ്പിച്ചുനിർത്തുന്നതിനുപകരം ഭിന്നിപ്പിച്ചുനിർത്തുന്നതാണ് ഭരണം തുടരാൻ നല്ലതെന്ന ചിന്തയാവും ഭരണക്കാരെ നയിക്കുന്നത്. ഗോത്രവർഗ മേഖലയിൽ നിയമസഭാ മണ്ഡലങ്ങൾ കുറവെന്നതും സമതലങ്ങളിൽ കൂടുതലാണെന്നതും തിരഞ്ഞെടുപ്പ് സമവാക്യങ്ങളെ നിർണയിക്കുന്നതാണല്ലോ. അതുകൊണ്ടുതന്നെ വിഭജിക്കുക തന്നെയാണ് മികച്ച തന്ത്രം. ഒരു സമൂഹത്തെത്തന്നെ ഉന്മൂലനം ചെയ്യുന്ന നിലയിലേക്ക് കാര്യങ്ങൾ നിങ്ങുന്നു. ഇപ്പോൾ പുറത്തുവന്ന വിഡിയോയിൽ കണ്ടതു മാത്രമല്ല മണിപ്പൂരിൽ നടന്ന അതിക്രമങ്ങൾ. അത് മഞ്ഞുമലയുടെ അറ്റം മാത്രമേ ആകുന്നുള്ളു. അവിടെ ആക്രമിക്കപ്പെട്ട യുവതികളിലൊരാൾ കാർഗിലിൽ യുദ്ധം ചെയ്ത സൈനികന്റെ ഭാര്യയായിരുന്നു. ലജ്ജകൊണ്ടു തലതാഴ്ത്തുകതന്നെ വേണം. ആക്രമിക്കപ്പെട്ട യുവതികളുടെ വെളിപ്പെടുത്തൽ അതിലും ഞെട്ടിക്കുന്നതാണ്. പൊലീസുകാരാണ് ഞങ്ങളെ അക്രമികൾക്കു മുന്നിലിട്ടുകൊടുത്തതെന്ന് അവർ പറയുമ്പോൾ ഈ രാജ്യത്തെ ഭരണ സംവിധാനത്തെക്കുറിച്ചെന്താണ് കരുതേണ്ടത്. അക്രമികൾക്കു കൂട്ടുനിൽക്കുന്ന പൊലീസ്.

പൊലീസിന്റെ ആയുധ സംഭരണശാലയിൽ നിന്നാണ് 4000 തോക്കുകളും 5 ലക്ഷം വെടിയുണ്ടകളും നഷ്ടപ്പെട്ടത്. നഷ്ടപ്പെട്ടതോ അതോ നഷ്ടമായെന്നു നടിക്കുന്നതോ? 32 ലക്ഷം ജനങ്ങൾ മാത്രമുള്ള ഒരു ചെറിയ സംസ്ഥാനത്ത് ആ തോക്കുകൾ ആരുടെ കൈയിലെന്നറിയില്ലെന്ന മട്ടിൽ തിരിച്ചെത്തിക്കാൻ അഭ്യർഥന നടത്തിക്കൊണ്ടിരിക്കുകയാണ് ഭരണകൂടം. ആരെയാണ് കബളിപ്പിക്കുന്നത്? ഈ ആയുധങ്ങളും വെടിയുണ്ടകളും ഒരു സമൂഹത്തെ നശിപ്പിക്കാനായി ഉപയോഗിക്കുകയാണ്. ലൈസൻസില്ലാത്ത തോക്ക്



www.malankaralibrary.com




കൈവശം വച്ചാൽ വലിയ കേസ് ആകുന്ന നാട്ടിൽ പൊലീസിന്റെ തോക്ക് സ്വാകാര്യവ്യക്തികൾ തട്ടിയെടുത്ത് ഉപയോഗിക്കുന്നത് ആർക്കും വലിയ പ്രശ്നമായി തോന്നുന്നില്ലെങ്കിൽ അതിലെന്തോ കുഴപ്പമുണ്ട്. മണിപ്പുരിൽ നടക്കുന്നത് വെറും ഗോത്രവർഗ ഏറ്റു മുട്ടലാണെങ്കിൽ അത് അവസാനിപ്പിക്കാൻ സർക്കാരിന് എത്ര സമയം വേണ്ടിവരും. ഏറിവന്നാൽ ഒരാഴ്ച. പക്ഷേ, മൂന്നുമാസം കഴിഞ്ഞിട്ടും കലാപത്തിന് അവസാനമാകുന്നില്ലെങ്കിൽ അതിനു പിന്നിലെന്തോ ഉണ്ട്. മണിപ്പുരിൽ നടക്കുന്നത് ഒരു പരീക്ഷണമാണോ എന്നു പോലും സംശയിക്കേണ്ടിവരുന്നത് അതുകൊണ്ടാണ്. ഗുജറാത്തിൽ പണ്ടു നടന്നതും പരീക്ഷണമായിരുന്നല്ലോ. അതേപ്പറ്റി അഭിമാനം കൊള്ളുന്നവരാണ് അവരിപ്പോഴും. എങ്ങനെയും അധികാരം എന്നതു മാത്രം ലക്ഷ്യമാകുമ്പോൾ മാർഗം എന്തായാലെന്ത്? യൂറോപ്യൻ യൂണിയൻ പാർലമെന്റും അമേരിക്കയും മണിപ്പൂർ സംഭവങ്ങളിൽ ആശങ്ക പ്രകടിപ്പിച്ചെങ്കിലും നമ്മുടെ ഭരണാധികാരികൾക്ക് അതൊന്നും പ്രശ്നമായി തോന്നുന്നില്ല.

രാജ്യം മുഴുവൻ വലിയ പ്രതിഷേധം ഉയരുകയാണ്. പക്ഷേ, ഡൽഹിയിൽ പീഡിപ്പിക്കപ്പെട്ട പെൺകുട്ടിക്കു വേണ്ടി രംഗത്തിറങ്ങിയ പലരും മണിപ്പൂർ സംഭവത്തിൽ മൗനത്തിലാണ്. മെഴുകുതിരി കത്തിക്കാനൊക്കെ അവർ മറന്നുപോയിരിക്കുന്നു. മണിപ്പുരിൽ നടന്ന തെല്ലാം വിശദീകരിക്കണമെങ്കിൽ വലിയ പുസ്തക ങ്ങൾ തന്നെ എഴുതേണ്ടിവരും. എന്നെങ്കിലും അതൊ ക്കെ പുറത്തുവരും എന്നുമാത്രം കരുതാം.

മണിപ്പുരിൽ ദുരുദ്ദേശ്യങ്ങളൊന്നും ഇല്ലെങ്കിൽ ജനങ്ങൾക്കു ബോധ്യമാകുന്ന നടപടികളാണ് വേണ്ടത്. അവിടെ കുക്കികളും മെയ്തികളും തമ്മിൽ ഇനിയൊരിക്കലും ഇണങ്ങാനാവാത്ത വിധം അകന്നി രിക്കുന്നു. പ്രത്യേക സംസ്ഥാനത്തിനായി കുക്കികൾ വാദിച്ചു തുടങ്ങുന്നു. കുക്കികൾ താമസിക്കുന്ന മേഖലകളിൽ നിലവിൽ മറ്റുള്ളവർക്കു ഭൂമി വാങ്ങാൻ നിലവിൽ കഴിയില്ല. ആ ഭൂമിയിൽ കണ്ണുള്ളവരും കലാപത്തിന് എണ്ണയൊഴിക്കുന്നുണ്ടാവാം. മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിങ്ങിന് ഇതെല്ലാം തൊപ്പിയിലെ പൊൻ തൂവലായി മാറുന്നുണ്ടാവും. എങ്കിലും ഒരു ദേശത്തിന്റെ ഭരണാധികാരികൾക്ക് എങ്ങനെയാണ് മനുഷ്യരെ മതത്തിന്റെ പേരിലും ജാതിയുടെ പേരിലും വംശ മഹിമയുടെ പേരിലും വേർതിരിച്ചുകാണാനാവുന്നതെന്നു മനസ്സിലേകുന്നതേയില്ല. വെറുപ്പിന്റെ പ്രത്യയശാസ്ത്രം മനസ്സിലിട്ട് അതിദേശീയതയും അതിവൈകാരികതയും തരാതരം പോലെ പ്രയോഗിക്കുന്നവർക്ക് അവർ ചെയ്യുന്നതെല്ലാം ന്യായമാണ്. അതുകൊണ്ടാണ് അവർക്ക് മണിപ്പുരിലെ മനുഷ്യരുടെ വേദനയിൽ പങ്കുചേരാനാവാതെ പോകുന്നത്.

ഇതിനിടയിൽ രാജ്യത്തെ പരമോന്നത കോടതി വിഷയത്തിൽ ഇടപെട്ടു എന്നത് അൽപം ആശ്വാസമേകുന്നു. പക്ഷേ, മണിപ്പൂർ കത്തിയെരിയുന്ന സമയത്ത് ഇടപെടാൻ കോടതി മടിച്ചുനിന്നു എന്നും പറയാതെ വയ്യ. ഒരുപക്ഷേ അന്നേ ഇടപെട്ടിരുന്നെങ്കിൽ ചിത്രം മറ്റൊന്നാകുമായിരുന്നു. യുവതികളെ നഗ്നരാക്കി നടത്തുകയും പീഡിപ്പിക്കുകയും ചെയ്തവർക്ക് ഉചിതമായ ശിക്ഷ കൊടുക്കുമെന്നാണ് ഭരണാധികാരികൾ പറയുന്നത്. പക്ഷേ, ഏറെയൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഗുജറാത്തിൽ ബിൽക്കിസ് ബാനു കേസിലെ പ്രതികളെ ശിക്ഷായിളവ് നൽകി വിട്ടയയ്ക്കുകയും അവർക്ക് വീരോചിത സ്വീകരണം നൽകുകയും ചെയ്തത് നമ്മുടെ മുൻപിലുണ്ട്.

www.malankaralibrary.com

കൂടുതലെന്താണ് പറയേണ്ടത്. പക്ഷേ, നമ്മുടെ യുവതികളെ നഗ്നരാക്കിനടത്തുകയും പൊതുമധ്യത്തിൽ പീഡിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ലജ്ജിക്കേണ്ടത് ഈ സമൂഹമാണ്. അവരെ രക്ഷിക്കാനായി ഒരു ചെറുവിരൽ പോലും അനക്കാൻ കഴിയാതിരുന്ന ഭരണാധിപന്മാരും നിയമപാലകരും ഉൾപ്പെടുന്ന ഈ സമൂഹം.

ഇപ്പോഴും പാർലമെന്റിൽ പ്രസ്താവന നടത്താൻ പ്രധാനമന്ത്രിക്കു സമയമില്ല. വേണമെങ്കിൽ ആഭ്യന്തര മന്ത്രി പ്രസ്താവന നടത്തുമത്രേ. പാർലമെന്റ് തുടർച്ചയായി സ്തംഭിച്ചിട്ടും നിലപാടിൽ മാറ്റമില്ല. അനുഭവം വച്ചുനാക്കിയാൽ പ്രധാനമന്ത്രി വഴങ്ങാൻ സാധ്യതയില്ല. അപമാനിക്കപ്പെടുന്ന സ്ത്രീത്വത്തേക്കാളും അരിഞ്ഞുവീഴ്ത്തപ്പെടുന്ന ശരീരങ്ങളേക്കാളും ജീവിതം തന്നെ നഷ്ടപ്പെട്ടുപോകുന്ന മനുഷ്യ സമൂഹങ്ങളേക്കാളും ചിലർക്ക് വലുത് മറ്റെന്തൊക്കെയോ ആണ്.

മണിപ്പൂർ ഒരു സൂചനയാണ്. ഈ വിഭജിക്കൽ തന്ത്രം രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും കടന്നു വരാം. അതിനെ മറികടക്കണമെങ്കിൽ മതനിരപേക്ഷ സമൂഹം ഒന്നിച്ചുനിന്നേ മതിയാകൂ. വില കൂടേണ്ടത് മനുഷ്യനാണെന്ന തിരിച്ചറിവ് ചിലർക്കെങ്കിലും ഉണ്ടാകാൻ മണിപ്പൂർ സംഭവങ്ങൾ കാരണമാകട്ടെ എന്ന ചിന്തയും പങ്കുവയ്ക്കട്ടെ.

**ഹൃദയം നിറഞ്ഞ് ഉമ്മൻ ചാണ്ടി**

വിഭജിച്ചു ഭരിക്കുക എന്നത് രാജധർമമാകുന്ന കാലത്ത് എല്ലാവരെയും ഒന്നിപ്പിച്ച മഹാമനുഷ്യരിലൊരാളെയാണ് കേരളത്തിനു നഷ്ടമായത്. ഉമ്മൻ ചാണ്ടിയെന്ന ഇളംതെന്നൽ കടന്നുപോയി. പക്ഷേ, ആ മനുഷ്യൻ അവശേഷിപ്പിച്ച മനുഷ്യസ്നേഹത്തിന്റെ ഇതിഹാസം അവശേഷിക്കുകതന്നെ ചെയ്യും. ഉമ്മൻ ചാണ്ടിയാകാൻ എല്ലാവർക്കും കഴിയില്ല. സ്വന്തം സുഖങ്ങളെല്ലാം ഉപേക്ഷിക്കാൻ ആർക്കാണ് കഴിയുക. എപ്പോഴും ആൾക്കൂട്ടത്തിന്റെ നടുവിൽ തന്നെ കഴിയാൻ ആർക്കാണ് കഴിയുക. എപ്പോഴും മനുഷ്യന്റെ പാടും ദുരിതവും മാത്രം കേട്ടുകൊണ്ടിരിക്കാൻ ആർക്കാണ് കഴിയുക.. അതിനൊക്കെ പരിഹാരം കണ്ടുകൊണ്ടിരിക്കാൻ ആർക്കാണു കഴിയുക. അതിനു കഴിയുമായിരുന്നത് ഉമ്മൻ ചാണ്ടിയെന്ന പുതുപ്പള്ളിക്കാരുടെ കുഞ്ഞൂഞ്ഞിനു മാത്രമായിരുന്നു. പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്ത സംഭവമായി മാറുകയാണ് ഉമ്മൻ ചാണ്ടി. വലിയ ജനസാഗരം തന്നെയാണ് അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിക്കാനെത്തിയത്. എംസിറോഡ് അക്ഷരാർഥത്തിൽ ജനസാഗരമായി മാറി. ആ വന്നവരിൽ ഓരോരുത്തർക്കും അദ്ദേഹത്തെക്കുറിച്ച് ഓർക്കാൻ നല്ലതെന്തെങ്കിലും ഉണ്ടായിരുന്നു. നല്ലതു മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടാണല്ലോ ഒരു ചെറുപ്പക്കാരൻ കുഞ്ഞുമകനെയും കൂട്ടി ആ വാഹനത്തിനു പിന്നാലെ ഓടിയത്. ചാണ്ടി അപ്പച്ചന് എന്നു പറഞ്ഞ് ഒരു കൊച്ചു കുഞ്ഞ് കടലാസിൽ എഴുതിക്കൊണ്ടുവന്നത്.

എല്ലാവരും അവഗണിക്കുന്ന എത്രയോ പ്രശ്നങ്ങളിലാണ് അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞത്. ശ്രവണശക്തിയില്ലാത്ത കുഞ്ഞുങ്ങളുടെ കാര്യം എങ്ങനെയാണ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽവന്നതെന്നറിയില്ല. പക്ഷേ അവർക്കായി കോക്ലിയാർ ഇംപ്ലാന്റേഷന് തുക മാറ്റിവച്ചു അദ്ദേഹം. എത്രയോ കുഞ്ഞുങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ചുണ്ടിലാണ് പുഞ്ചിരി വിടർന്നത്. ഇത്തരം കുഞ്ഞു കുഞ്ഞുകാര്യങ്ങളിൽ കൂടി ശ്രദ്ധ പതിപ്പിക്കുന്നയാളായിരുന്നല്ലോ കുഞ്ഞൂഞ്ഞ്. വീട് പണിതു കൊടുത്താൽ അതിലേറെ തുക ഉപയോഗിച്ച് പരസ്യം കൊടുക്കുന്നതിൽ അദ്ദേഹം സന്തോഷിച്ചില്ല. വലിയ പബ്ലിസിറ്റിയൊന്നുമില്ലാതെ പോയി താക്കോൽ കൈമാറിപ്പോരും.അങ്ങനത്തെ കുറേയേറെ കഥകളാണ് കേട്ടത്. പുതുപ്പള്ളിയിലെ മെഡിക്കൽ സ്റ്റോർ ഉടമ പറഞ്ഞ കഥ കൗതുകമുള്ളതാണ്. മരുന്നു വാങ്ങാൻ സഹായം തേടി ധാരാളം പേരാണ് ഉമ്മൻ ചാണ്ടിയെ സമീപിച്ചിരുന്നത്. അവരെ ഒരു കത്തുകൊടുത്ത് ഈ മെഡിക്കൽ സ്റ്റോറിലേക്ക് അയയ്ക്കും. മരുന്ന് സൗജന്യമായി കൊടുക്കും. കാശ് എപ്പോഴെങ്കിലും ഉമ്മൻ ചാണ്ടി കൊടുത്തുതീർക്കും. ഒരിക്കൽ ഒരാൾ മരുന്നുകുറിപ്പിന്റെ അടിയിൽ ബൂസ്റ്റ് എന്നു കൂടി എഴുതി. അതേപ്പറ്റി പറഞ്ഞപ്പോൾ ഉമ്മൻ ചാണ്ടിയുടെ മറുപടി അവർക്കത് വാങ്ങാൻ പറ്റാത്തതുകൊണ്ടല്ലേ. പോട്ടേ എന്നായിരുന്നത്രേ. എപ്പോഴെങ്കിലും അവാർഡ് തുക കൈയിൽ വരുമ്പോഴായിരിക്കും മെഡിക്കൽ സ്റ്റോറിലെ കടം തീർക്കുക.. ആവശ്യക്കാരുടെ എണ്ണം കൂടിയപ്പോൾ ഒരു ട്രസ്റ്റ് രൂപീകരിച്ച് അതുവഴിയാക്കി സഹായം. അദ്ദേഹം സ്ഥലത്തില്ലെങ്കിലും കാര്യങ്ങൾ നടത്താൻ രണ്ടുപേരെ ചുമതലപ്പെടുത്തുകയും ചെയ്തു. 5 ലക്ഷം രൂപയോളം വരുമായിരുന്നുവ്രേത ഒരു മാസത്തെ മെഡിക്കൽ ബിൽ.

ഇത്തരത്തിൽ സഹായം കിട്ടിയവരേറെയാണ്. അദ്ദേഹം നടത്തിയ ജനസമ്പർക്ക പരിപാടിയെ കളിയാക്കിയവരാണ് എതിരാളികൾ. മുഖ്യമന്ത്രി വില്ലേജ് ഓഫിസറായി മാറേണ്ടതുണ്ടോ എന്നായിരുന്നു ചോദ്യം. വില്ലേജ് ഓഫിസർ ചെയ്യേണ്ടത് ചെയ്യാതിരുന്നാൽ മുഖ്യമന്ത്രി ആ ജോലികൂടി ചിലപ്പോൾ ചെയ്യേണ്ടിവരും. നിസാര കാര്യങ്ങൾ പറഞ്ഞ് ജനത്തെ വലച്ചുകൊണ്ടിരുന്ന ഉദ്യോഗസ്ഥരെ അദ്ദേഹം മനുഷ്യത്വം പഠിപ്പിച്ചു. എങ്ങനെ തടസ്സപ്പെടുത്താം എന്നല്ല, എങ്ങനെ സഹായിക്കാം എന്നാണ് ഉദ്യോഗസ്ഥർ ചിന്തിക്കേണ്ടതെന്ന് അദ്ദേഹം പഠിപ്പിച്ചുകൊടുത്തു. ചെറിയ സഹായമായിരിക്കാം, പക്ഷേ അത് കിട്ടിയവർ ഉമ്മൻ ചാണ്ടിയെ സ്നേഹിച്ചു. ക്ഷേമ പെൻഷനുള്ള കടമ്പകൾ പലതും ഒഴിവാക്കിക്കൊടുത്തതോടെ പെൻഷൻ വാങ്ങാൻ അർഹതയുള്ളവരുടെ എണ്ണം കുതിച്ചു. മാത്രമല്ല, പെൻഷനിൽ വലിയ വർധനവും വരുത്തിക്കൊടുത്തു അദ്ദേഹം. ചെയ്തതെല്ലാം കൊട്ടിഗ്ഘോഷിക്കാൻ അദ്ദേഹം നിന്നില്ല എന്നു മാത്രം.

എല്ലാ ജില്ലകളിലും ഗവ. മെഡിക്കൽ കോളജ് എന്ന ആശയം അദ്ദേഹത്തിന്റേതായിരുന്നു. തുടങ്ങുകയും ചെയ്തു. എല്ലാവരും മടിച്ചുനിന്നപ്പോൾ കൊച്ചി മെട്രോ

www.malankaralibrary.com

സാധ്യമാക്കി അദ്ദേഹം. വിഴിഞ്ഞം തുറമുഖം, കണ്ണൂർ എയർപോർട്ട് എന്നിവയും അദ്ദേഹം സാധ്യമാക്കി. ഇത്തരം വൻകിട വികസന പദ്ധതികളോട് എതിർപ്പുള്ളവരുണ്ട്. പക്ഷേ, അവരെയും ബോധ്യപ്പെടുത്തിയായിരുന്നു അദ്ദേഹം കേരളത്തെ മുന്നോട്ടു കുതിക്കാൻ സജ്ജമാക്കിയത്. അദ്ദേഹത്തിന്റെ ലളിത ജീവിതത്തെ പരിഹസിച്ചവരുണ്ട്. കെയർഫുൾ കെയർലെസ്നസ് എന്നാണ് പലരും പറഞ്ഞത്. പക്ഷേ, ഉമ്മൻ ചാണ്ടിക്ക് അങ്ങനെയാകാനേ പറ്റുമായിരുന്നുള്ളു. അത് അഭിനയമല്ലായിരുന്നു. ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ പകിട്ടിലല്ല, മനസ്സിന്റെ നന്മയിലാണ് അദ്ദേഹം വിലയിരുത്തപ്പെട്ടത്.

നീചമായ രാഷ്ട്രീയ ആക്രമണത്തിന് അദ്ദേഹം വിധേയനായി. നെഞ്ചിലേറ്റ കല്ലേറിനേക്കാൾ അദ്ദേഹത്തെ വേദനിപ്പിച്ചിരിക്കുക അന്തസ്സില്ലാത്ത ആരോപണങ്ങളായിരിക്കും. അത് അന്വേഷിക്കാൻ കമ്മിഷനെ നിയോഗിക്കാനും ആ കമ്മിഷന്റെ മുന്നിൽ ഒരു ദിവസം പാതിരാത്രി വരെ വിചാരണയ്ക്കിരിക്കാനും അദ്ദേഹം തയാറായി.ഒളിക്കാനൊന്നുമില്ലാത്തവർ ഭയപ്പെടുന്നതെന്തിന്?

ഉമ്മൻ ചാണ്ടി എന്ന രാഷ്ട്രീയക്കാരൻ അസാമാന്യ തന്ത്രങ്ങളുടെയും ആശാനായിരുന്നു എന്നു വിസ്മരിക്കാനാവില്ല. കെ. കരുണാകരനെപ്പോലെയുള്ള തന്ത്രശാലിയായ രാഷ്ട്രീയക്കാരനോട് എതിരിട്ടുനിൽക്കാൻ അദ്ദേഹത്തിന് കരുത്തുനൽകിയത് പാർട്ടിയിലെ അണികളോടുള്ള ആത്മബന്ധമാണ്. വടക്ക് കാലിക്കടവിലെ മണ്ഡലം പ്രസിഡന്റിനെയും തെക്ക് പാറശാലയിലെ ബൂത്ത് പ്രസിഡന്റിനെയും പേരെടുത്ത് വിളിക്കാനുള്ള അടുപ്പം അദ്ദേഹം എന്നും കാത്തുസൂക്ഷിച്ചു. അവിടെ ഗ്രൂപ്പ് ഭേദമൊന്നുമില്ല. ഗ്രൂപ്പിന്റെ അമരക്കാരനായിരിക്കുമ്പോഴും അത് പാർട്ടിയെ വളർത്താനല്ലാതെ തളർത്താനാവരുത് എന്ന ഉറച്ച ബോധ്യമുള്ള നേതാവ്.. ഉമ്മൻ ചാണ്ടിയെപ്പോലെയുള്ള നേതാക്കൾ വളരെ അപൂർവമായി മാത്രം വിടരുന്ന പുഷ്പങ്ങളാണ്. ഉമ്മൻ ചാണ്ടിയൊരു വലിയ തണലായിരുന്നു. കോൺഗ്രസ് പ്രവർത്തകർക്കു മാത്രമല്ല എല്ലാ മനുഷ്യർക്കും തണലായ വ്യക്തിത്വം.

79 വയസുവരെയുള്ള ജീവിതത്തിനിടയിൽ അദ്ദേഹം എത്ര പുസ്തകം വായിച്ചിട്ടുണ്ടാവുമെന്നറിയില്ല. പക്ഷേ അദ്ദേഹം വലിയൊരു പുസ്തകമായിരുന്നു. അധ്യായങ്ങളേറെയുള്ള പുസ്തകം. വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം. പറഞ്ഞാലും പറഞ്ഞാലും തീരാത്ത കഥകൾ. ഉമ്മൻ ചാണ്ടിയാകാൻ ആർക്കും കഴിയണമെന്നില്ല. പക്ഷേ ആ വ്യക്തിത്വത്തിന്റെ ഒരംശം എങ്കിലും ഉൾക്കൊള്ളാൻ രാഷ്ട്രീയക്കാർക്കു കഴിയണം. ഏതു വികസന പ്രവർത്തനവും ഭരണപരിഷ്കാരവും എറ്റവും താഴേത്തട്ടിലുള്ളവന്റെ ജീവിതത്തെ സ്പർശിക്കുമ്പോഴേ അർഥപൂർണമാകുന്നുള്ളു എന്നദ്ദേഹം പഠിപ്പിച്ചുതന്നു. ഒരു രാഷ്ട്രീയ പ്രവർത്തകന്, ഭരണാധികാരിക്ക് എല്ലാവരെയും ഒരുപോലെ കാണാനാകണമെന്ന് അദ്ദേഹം പഠിപ്പിച്ചു.



എതിരാളിക്കെതിരെയുള്ള ഏതു നീക്കവും മാന്യത വിടാത്തതാകണമെന്ന് അദ്ദേഹം പഠിപ്പിച്ചു. ഷിബു ബേബി ജോൺ പറഞ്ഞതുപോലെ ചില സത്യങ്ങൾ വെളിപ്പെടുത്താതിരുന്നതിന് അദ്ദേഹം ക്രൂശിക്കപ്പെട്ടു. എന്നാലും ചില കാര്യങ്ങൾ പുറത്തുപറയില്ല എന്ന അന്തസ് അദ്ദേഹം കാട്ടി. നേതാവിന്റെ പെട്ടി പിടിക്കുന്നതല്ല, ജനങ്ങളുടെ ജീവിതത്തോട് ഇഴുകിച്ചേരുന്നവനാണ് ഹൃദയങ്ങൾ കീഴടക്കുക എന്ന് അദ്ദേഹം പഠിപ്പിച്ചു. എംസി റോഡിനെ മനുഷ്യക്കടലാക്കിയത് കേരളത്തിന്റെ മുക്കിലും മൂലയിലും നിന്നെത്തിയ ജനങ്ങളായിരുന്നു. ആർജിക്കണം ജനങ്ങളുടെ സ്നേഹം, ജീവിക്കണം ജനങ്ങളുടെ ഹൃദയത്തിൽ. യുവനേതാക്കളോട് ഉമ്മൻ ചാണ്ടി പറയുന്നത് അതാണ്.


**ഉപകാരസ്മരണ**



**ജോസഫ് കോശി**

www.malankaralibrary.com



ദൈവദാസൻ മാർ ഈവാനിയോസ്
മെത്രാപ്പോലീത്തായുടെ എഴുപതാം
ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്
പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ
ജൂലൈ 14-ന് വൈകിട്ട് നടന്ന
മെഴുകുതിരി പ്രദക്ഷിണവും
ആശീർവാദവും

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2021-2023
Date of Publication 29-7-2023

www.malankaralibrary.com

Christavakahalam Monthly, AUGUST 2023
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....

ക്രൈസ്തവ കാഹളം




വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com